# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 02 ഒക്ടോബർ–2011 ലക്കം 10**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


സർക്കുലർ ........................................................ 03
ലോകമിഷൻ ഞായർ (മാർപാപ്പയുടെ സന്ദേശം) ......... 05
രൂപതാകച്ചേരി വാർത്തകൾ .................................... 11
മാനന്തവാടി രൂപത സമഗ്രചരിത്രഗ്രന്ഥം .................. 13
വൈദീകസമ്മേളനം - റിപ്പോർട്ട് .................................. 18
പ്രേഷിതവർഷം ................................................... 21
മതബോധനരംഗം ................................................. 27
ബൈബിൾ അപ്പോസ്തലേറ്റ് ...................................... 30
ചെറുപുഷ്പമിഷൻലീഗ് ............................................ 32
കെ. സി. വൈ. എം. ................................................ 41
കുടുംബപ്രേഷിതത്വം ............................................. 47
സിയോൻ വാർത്തകൾ ............................................ 54
ജീസസ് യൂത്ത്, ക്രിസ്റ്റീൻ ........................................ 57
സിയോൻ പ്രോലൈഫ് മൂവ്മെന്റ് ............................. 59
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 61
ജയിൽ മിനിസ്ട്രി .................................................. 65
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........................ 66
സാമൂഹ്യസേവനരംഗം ........................................... 68
റേഡിയോ മാറ്റൊലി ............................................... 78
മീഡിയാ കമ്മീഷൻ ................................................ 80
Mary Matha arts & science college .......................... 81
അറിയിപ്പുകൾ ..................................................... 85
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ..................................... 86
ബിഷപ്സ് പ്രോഗ്രാം ............................................... 87

# സർക്കുലർ

***Circular Letter No. 6/2011***
***Prot. No.11488/2011***

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,

ദൃശ്യമാദ്ധ്യമങ്ങൾക്ക് പ്രത്യേകിച്ച് ടെലിവിഷന്, നമ്മുടെ സമൂഹത്തിൽ ഉള്ള സ്വാധീനത്തെപ്പറ്റി നിങ്ങൾക്കെല്ലാം അറിവുള്ളതാണല്ലോ. നമ്മുടെ കൊച്ചുസംസ്ഥാനത്ത് നിന്ന് തന്നെ 20 ഓളം മലയാളം ചാനലുകൾ സംപ്രേഷണം ചെയ്യപ്പെടുന്നു എന്ന സത്യം ഈ വസ്തുതയെ ഉറപ്പിക്കുന്നതാണ്. ക്രൈസ്തവ വിശ്വാസത്തിന്റേയും ധാർമ്മിക മൂല്യങ്ങളുടേയും പരിപോഷണത്തിനായി നിലകൊള്ളുന്ന ശാലോം പോലെയുള്ള ചാനലുകളും അവയ്ക്കിടയിൽ പ്രവർത്തിക്കുന്നു എന്നത് ഏറെ പ്രതീക്ഷയുളവാക്കുന്നതാണ്. വളരെയേറെ സാമ്പത്തിക പിൻബലം ആവശ്യമുള്ള ടെലിവിഷൻ രംഗത്ത് ശാലോമിന് വിജയിക്കാനാകുന്നത് വിശ്വാസികളുടെ പ്രാർത്ഥനയും സംഭാവനയും സഹകരണവും കൊണ്ടാണ്. ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് ഒന്നും അസാധ്യമല്ല എന്ന സത്യം ശാലോമിലൂടെ നാം തിരിച്ചറിയുന്നു.

ശാലോമിനെപ്പോലെയുള്ള ചാനലുകൾക്ക് ഇനിയും സാധ്യതയുണ്ട് എന്ന ബോധ്യത്തിന്റെ ഫലമായി ചാലക്കുടി ഡിവൈൻ ധ്യാനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഡിവൈൻ ടെലിവിഷൻ എന്ന പേരിൽ ഒരു ചാനൽകൂടി സംപ്രേഷണം ആരംഭിക്കുകയാണ്. ഈ വരുന്ന നവംബർ 20-ന് സംപ്രേഷണത്തിന്റെ ഉദ്ഘാടനം സീറോ മലബാർ മേജർ ആർച്ച്ബിഷപ്പ് അഭിവന്ദ്യ ജോർജ് ആലഞ്ചേരി പിതാവ് ഔദ്യോഗികമായി നിർവ്വഹിക്കും. കേരളത്തിലെ വിൻസെൻഷ്യൻ സന്യാസ വൈദികരുടെ നേതൃത്വത്തിലുള്ള ഡിവൈൻ ധ്യാനകേന്ദ്രത്തിലെ പരിപാടികൾക്ക് പുറമേ വിശ്വാസ സംബന്ധിയായ ഒട്ടനവധി മറ്റ് നല്ല പരിപാടികളും ചാനലിലൂടെ നിങ്ങൾക്ക് കാണാവുന്നതാണ്. കേബിളിൽ 24 മണിക്കൂറും ഈ ചാനൽ ലഭ്യമായിരിക്കും.

നിങ്ങളുടെ പ്രദേശത്തുള്ള കേബിൾ ഓപ്പറേറ്റർമാരോട് നിങ്ങൾ ആവശ്യപ്പെട്ടാൽ മാത്രമേ അവരുടെ കേബിളിലൂടെ ഈ ചാനൽ അവർ ലഭ്യമാക്കുകയുള്ളൂ. അതിനാൽ ഉടൻ തന്നെ താത്പര്യമുള്ളവർ അതാത് കേബിൾ ഓപ്പറേറ്റർമാരുമായി ബന്ധപ്പെട്ട് ലഭ്യത ഉറപ്പുവരുത്തണം.

ശാലോം ചാനലും ഡിവൈൻ ചാനലും പരസ്പര പൂരകങ്ങളായി പ്രവർത്തിക്കുകയായിരിക്കും ചെയ്യുന്നത്. ഒരേ സമയം പലതരത്തിലും പല വിഭാഗക്കാർക്കുമുള്ള പരിപാടികൾ ആവശ്യക്കാർക്ക് കാണാൻ കഴിയുമല്ലോ.

നിങ്ങൾക്കറിയാവുന്നതുപോലെ വളരെയധികം സാമ്പത്തിക ബാധ്യതയുള്ള ഒന്നാണ് ടെലിവിഷൻ രംഗം. പരസ്യങ്ങളിൽ നിന്നും മറ്റുമുള്ള വരുമാനം ഇല്ലാത്തതുകൊണ്ട് നിങ്ങളുടെ അകമഴിഞ്ഞ സഹ കരണം ഉണ്ടെങ്കിൽ മാത്രമേ ഇത്തരം ചാനലുകൾക്ക് മുന്നേറാൻ കഴി യുകയുള്ളൂ. അതിനാൽ ഇതിന്റെ വിജയത്തിനായി നിങ്ങളുടെ തീക്ഷ്ണ മായ പ്രാർത്ഥനയും സഹകരണവും ഉണ്ടാകണം. നമ്മുടെ കർത്താ വിന്റെ കൃപയും അനുഗ്രഹവും ഡിവൈൻ ചാനലിനോടൊപ്പം എന്നു മുണ്ടായിരിക്കട്ടെ. ചാനലിന്റെ പ്രേക്ഷകർക്കും അവിടുത്തെ കൃപ സമൃ ദ്ധമായി ലഭിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2011 സെപ്റ്റംബർ മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2011 ഒക്ടോബർ മാസം 9-ാം തീയതി എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാനമദ്ധ്യേ വായി ക്കേണ്ടതാണ്.**

# ലോകമിഷൻ ഞായർ - 2011

## മാർപാപ്പയുടെ സന്ദേശം

**"പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു"**
**(യോഹ. 20:21)**

"പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ. 20:21). "ആദിമക്രിസ്ത്യാനികൾക്കുണ്ടായിരുന്ന അതേ ആവേശത്തോടെ" സുവിശേഷം പ്രഘോഷിക്കാനുള്ള സമർപ്പണം പുതുക്കുക അത്യാവശ്യമാണെന്ന് വന്ദ്യനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പ നവീന സഹസ്രാബ്ദത്തിന്റെ ആരംഭത്തിൽ, രണ്ടായിരം വർഷത്തെ ജൂബിലി ആഘോഷിച്ച സന്ദർഭത്തിൽ, ശക്തിയുക്തം ആവർത്തിച്ചു പറഞ്ഞു (നോവോമില്ലേനിയോ ഇനേവുന്തേ നമ്പർ 58). മനുഷ്യസമൂഹത്തിനും തന്റെ അസ്തിത്വം പൂർണമായി ജീവിക്കാനുള്ള അഗാധമായ കാരണങ്ങൾ അന്വേഷിക്കുന്ന ഓരോ വ്യക്തിക്കും നൽകാൻ സഭയ്ക്കു സാധിക്കുന്ന ഏറ്റവും വിലപ്പെട്ട സേവനമാണത്. ഇക്കാരണത്താൽ അതേ ക്ഷണം ലോകമിഷൻ ഞായർ ആഘോഷത്തിൽ പ്രതിധ്വനിക്കുന്നു. യഥാർത്ഥത്തിൽ അവിരാമമായ സുവിശേഷപ്രഘോഷണം സഭയെ സജീവമാക്കുന്നുമുണ്ട്. സഭയുടെ തീക്ഷ്ണതയും പ്രേഷിതചൈതന്യവും സജീവമാക്കപ്പെടുന്നുമുണ്ട്. അത് സഭയുടെ അജപാലനരീതികളെ നവീകരിക്കുന്നു. അവ പുതിയ സാഹചര്യങ്ങൾക്കും – നവസുവിശേഷവത്കരണം ആവശ്യമായിരിക്കുന്ന സാഹചര്യങ്ങൾക്കും – കൂടുതൽ കൂടുതൽ യോജിച്ചതായിരിക്കാൻ വേണ്ടിയാണ് അങ്ങനെ ചെയ്യുന്നത്. അജപാലനരീതികൾ പ്രേഷിതപ്രചോദനത്താൽ സജീവമാക്കുകയെന്ന ലക്ഷ്യവും അതിനുണ്ട്. "മിഷൻ സഭയെ നവീകരിക്കുന്നു. വിശ്വാസത്തെയും ക്രൈസ്തവ തനിമയെയും ശക്തിപ്പെടുത്തുന്നു. പുതിയ ആവേശവും പുതിയ ലക്ഷ്യങ്ങളും നൽകുന്നു. വിശ്വാസം അതു നൽകുന്നതുവഴി ശക്തമാക്കപ്പെടുന്നു. സാർവത്രിക മിഷനോടുള്ള സമർപ്പണത്തിൽ ക്രൈസ്തവ ജനതകളുടെ നവസുവിശേഷവത്കരണം പ്രചോദനവും പിന്തുണയും കണ്ടെത്തും" (നമ്പർ 2).

## പോകുവിൻ പ്രഘോഷിക്കുവിൻ

ഈ ലക്ഷ്യം ലിറ്റർജിയുടെ ആഘോഷത്തിൽ നിരന്തരമായി പുനരുജ്ജീവിപ്പിക്കപ്പെടുന്നുണ്ട്. പ്രത്യേകിച്ചു ദിവ്യബലിയിൽ അങ്ങനെ ചെയ്യുന്നു. ദിവ്യബലി (ലത്തീൻ ക്രമത്തിൽ) എപ്പോഴും അവസാനിക്കുന്നത് ഉത്ഥിതനായ യേശു അപ്പസ്തോലന്മാർക്കു നൽകിയ "പോകുവിൻ"... (മത്തായി 28:19) എന്ന കല്പനയോടു കൂടിയാണല്ലോ. ലിറ്റർജി എപ്പോഴും ലോകത്തിൽ നിന്നു വിളിച്ചുവരുത്തലും ലോകത്തിലേക്കുള്ള അയയ്ക്കലുമാണ്. അനുഭവിച്ചതെന്തോ അതിനു സാക്ഷ്യം നൽകാനാണ് അയയ്ക്കുന്നത്. ദൈവവചനത്തിന്റെ രക്ഷാകരമായ ശക്തി - ക്രിസ്തുവിന്റെ പെസഹാരഹസ്യത്തിന്റെ രക്ഷാകരമായ ശക്തി - ആണ് അനുഭവിച്ചറിഞ്ഞത്. ഉത്ഥിതനായ കർത്താവിനെ കണ്ടുമുട്ടിയ എല്ലാവർക്കും, എമ്മാവൂസിലെ രണ്ടു ശിഷ്യന്മാർക്കെന്നപോലെ, കർത്താവിനെപ്പറ്റി മറ്റുള്ളവരോടു പ്രഘോഷിക്കുക ആവശ്യമാണെന്നത് തോന്നും. ആ ശിഷ്യന്മാർ അപ്പം മുറിക്കലിൽ കർത്താവിനെ തിരിച്ചറിഞ്ഞതിനുശേഷം "അപ്പോൾത്തന്നെ എഴുന്നേറ്റ് ജറുസലെമിലേക്കു തിരിച്ചുപോയി, അവിടെ കൂടിയിരുന്ന പതിനൊന്നു പേരെയും കണ്ടു." വഴിയിൽ വച്ചു സംഭവിച്ചത് അവരോടു പറയുകയും ചെയ്തു (ലൂക്ക 24:33-34). ജോൺപോൾ രണ്ടാമൻ മാർപാപ്പ ഇങ്ങനെ ആഹ്വാനം ചെയ്തു: "അവിടുത്തെ മുഖം തിരിച്ചറിയാനും നമ്മുടെ സഹോദരങ്ങളുടെയടുത്തേക്ക് ഓടിച്ചെന്ന് അവരോട് മഹാസന്ദേശം അറിയിക്കാനും ജാഗ്രതയുള്ളവരും സന്നദ്ധരുമായിരിക്കണം. ആ സന്ദേശമാകട്ടെ 'ഞങ്ങൾ കർത്താവിനെ കണ്ടു' എന്നതാണ് ("നോവോ മില്ലേനിയോ ഇനേവുന്തേ", നമ്പർ 59).

## എല്ലാവരോടും

എല്ലാ ജനതകളും സുവിശേഷ പ്രഘോഷണത്തിന്റെ സ്വീകർത്താക്കളാണ്. സഭ "പ്രകൃത്യാ പ്രേഷിതയാണ്. എന്തെന്നാൽ പിതാവായ ദൈവത്തിന്റെ പദ്ധതിയനുസരിച്ച് പുത്രനെയും പരിശുദ്ധാത്മാവിനെയും അയച്ചുവെന്ന വസ്തുതയിൽ നിന്നാണ് അത് ഉദ്ഭവിച്ചത്" ("ആദ്ജെന്തെസ്", നമ്പർ 2). ഇത് "സഭയുടെ തനതായ സന്തോഷവും വിളിയുമാണ്, അവളുടെ ഏറ്റവും അഗാധമായ തനിമയാണ്. അവൾ നിലകൊള്ളുന്നത് സുവിശേഷവത്കരിക്കാനാണ് (പോൾ ആറാമൻ, "എവാഞ്ചെലീ നൂൺസ്യാന്തി", നമ്പർ 14). തത്ഫലമായി സഭയ്ക്ക്

ഒരിക്കലും തന്നിൽ തന്നെ അടച്ചുപൂട്ടിയിരിക്കാൻ കഴിയുകയില്ല. അവൾ ചില സ്ഥലങ്ങളിൽ വേരുറപ്പിക്കുന്നത് ആ സ്ഥലങ്ങൾക്കപ്പുറത്തേയ്ക്ക് പോകാനാണ്. ക്രിസ്തുവിന്റെ വാക്കിനോട് ഉറ്റബന്ധം പുലർത്തുന്നതും അവിടുത്തെ കൃപയുടെയും സ്നേഹത്തിന്റെയും സ്വാധീനത്തിൽപെട്ട തുമാണ് സഭയുടെ പ്രവർത്തനം. അത് എല്ലാ മനുഷ്യർക്കും എല്ലാ ജനതകൾക്കും പൂർണമായും വസ്തുനിഷ്ഠമായും സന്നിഹിതമാക്ക പ്പെടുന്നു. അവരെ ക്രിസ്തുവിലുള്ള വിശ്വാസത്തിലേക്കു നയിക്കുന്ന തിനാണത് (cf "ആദ്ജെന്തെസ്" നമ്പർ 5).

ഈ ദൗത്യത്തിന് അതിന്റെ അടിയന്തിര സ്വഭാവം നഷ്ടപ്പെട്ടി ട്ടില്ല. നേരേമറിച്ച്, സഭയെ ഭരമേല്പിച്ചിരിക്കുന്ന രക്ഷകനായ ക്രിസ്തു വിന്റെ മിഷൻ ഇനിയും പൂർത്തിയായിട്ടില്ല... മനുഷ്യവംശത്തെ ആഗോള വ്യാപകമായി നോക്കിക്കാണുമ്പോൾ ഈ മിഷൻ ഇപ്പോഴും തുടക്ക ത്തിൽത്തന്നെ നിൽക്കുന്നുവെന്നു മനസ്സിലാകും. അതിന്റെ സേവനത്തി നായി നമ്മുടെ മുഴുവൻ ഊർജ്ജത്തോടും കൂടി നാം സ്വയം സമർപ്പി ക്കണമെന്നും മനസ്സിലാകും (ജോൺ പോൾ രണ്ടാമൻ, "രക്ഷകന്റെ മിഷൻ" നമ്പർ 1). രണ്ടായിരം വർഷം കഴിഞ്ഞിട്ടും ക്രിസ്തുവിനെ അറി യാത്തവരും അവിടുത്തെ രക്ഷാകരസന്ദേശം ശ്രവിക്കാത്തവരുമായ ജന തകൾ ഉണ്ട്. ഈ ചിന്തയുടെ മുമ്പിൽ നമുക്ക് നിഷ്ക്രിയരായിരിക്കാൻ സാധ്യമല്ല. ഇതുമാത്രമല്ല, സുവിശേഷപ്രഘോഷണം സ്വീകരിച്ചിട്ടും അതു മറക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്നവരുടെ സമൂഹം വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്ന വസ്തുതയുമുണ്ട്. അവർ സഭ യിൽപെട്ടവരായി തങ്ങളെത്തന്നെ കരുതുന്നില്ല. പരമ്പരാഗതമായ ക്രൈസ്തവ സമൂഹങ്ങളിൽ പല സാഹചര്യങ്ങളിലും അവർ വിശ്വാ സവചനത്തോട് തുറവു കാണിക്കുന്നുമില്ല. ഒരു സാംസ്കാരിക പരി വർത്തനം നടന്നുകൊണ്ടിരിക്കുന്നു. ആഗോളവത്കരണം അതിന് ഇന്ധനം നൽകികൊണ്ടുമിരിക്കുന്നു. ചില ചിന്താപ്രസ്ഥാനങ്ങളും പ്രബ ലപ്പെടുന്ന ആപേക്ഷികതാവാദവു (relativism) മാണ് ആ പരിവർത്ത നത്തിന്റെ പിന്നിൽ. സുവിശേഷസന്ദേശം കൂടാതെ ജീവിക്കാൻ, ദൈവ മില്ലെന്ന ഭാവത്തിൽ കഴിയാൻ, പ്രേരിപ്പിക്കുന്ന ഒരു മനോഭാവവും ജീവി തശൈലിയും ആ പരിവർത്തനത്തിന് ഇടയാക്കുന്നു. ധാർമ്മിക നിയമ ങ്ങളെ തള്ളിക്കളയുകപോലും ചെയ്തുകൊണ്ട് നേടുന്ന ക്ഷേമവും സുകകരവുമായ സമ്പാദനവും തൊഴിലും വിജയങ്ങളും ജീവിതലക്ഷ്യ മായി കരുതുന്നു.

## സകലരുടെയും സഹോത്തരവാദിത്വം

സാർവത്രിക മിഷൻ എല്ലാവരെയും എല്ലാ വസ്തുക്കളെയും എപ്പോഴും ഉൾക്കൊള്ളുന്നു. സുവിശേഷം അതു സ്വീകരിച്ചവനു മാത്ര മുള്ള നന്മയല്ല. അതു പങ്കു വയ്ക്കപ്പെട്ടേണ്ട ദാനമാണ്. പകർന്നു നൽകേണ്ട സദ്വാർത്തയാണ്. ദാനം ചെയ്യാനുള്ള ഈ കടമ ചുരുക്കം ചിലരെ മാത്രം ഭരമേല്പിക്കപ്പെട്ടതല്ല. ഇത് മാമ്മോദീസ സ്വീകരിച്ച സകലരുടെയും കടമയാണ്. മാമ്മോദീസ സ്വീകരിച്ചവർ അവിടുത്തെ വിസ്മയനീയ കൃത്യങ്ങൾ പ്രഘോഷിക്കാൻ വേണ്ടി "തിരഞ്ഞെടുക്ക പ്പെട്ട ജനമാണ്, വിശുദ്ധജനമാണ്, ദൈവത്തിന്റെ തന്നെ ജനമാണ്" (1 പത്രോ. 2:9).

എല്ലാ പ്രവർത്തനങ്ങളെയും അതിൽ ഉൾക്കൊള്ളുന്നു, സഭ ലോകത്തിൽ നടത്തുന്ന സുവിശേഷവത്കരണ പ്രവർത്തനത്തിൽ ശ്രദ്ധിക്കുകയും സഹകരിക്കുകയും ചെയ്യുകയെന്നത് ചുരുക്കം ചില നിമിഷങ്ങളിലോ സന്ദർഭങ്ങളിലോ ഒതുക്കി നിറുത്താൻ പാടില്ല. അനേകം അജപാലനപ്രവർത്തനങ്ങളിൽ ഒന്നുമാത്രമായി കരുതാനും പാടില്ല. സഭയുടെ മിഷണറിമാരും സാരാംശപരമായിട്ടുള്ളതാണ്. അതു കൊണ്ട് അത് എല്ലായ്പ്പോഴും സന്നിഹിതമായി സൂക്ഷിക്കണം. അതു കൊണ്ട്, മാമ്മോദീസ സ്വീകരിച്ച ഓരോ വ്യക്തിയും സഭാസമൂഹവും വല്ലപ്പോഴും മാത്രം പ്രേഷിതവേലയിൽ താത്പര്യം കാണിച്ചാൽ പോരാ. ആ താത്പര്യം സ്ഥിരമായിരിക്കണം. അത് ക്രൈസ്തവ ജീവിതരീതി പോലെയായിരിക്കണം. മിഷൻ ദിവസം ഒരു വർഷത്തിലെ ഒറ്റപ്പെട്ട ഒരു നിമിഷമായിരിക്കരുത്. പിന്നെയോ പ്രേഷിതത്വത്തിനുള്ള വിളിയോട് നാം എങ്ങനെ പ്രത്യുത്തരിക്കുന്നുവെന്ന് ചിന്തിക്കാനുള്ള ഒരു നിമിഷമായി രിക്കണം. സഭയുടെ ജീവിതത്തിനു വേണ്ടിയുള്ള സാരാംശപരമായ ഒരു പ്രത്യുത്തരമായിരിക്കണം.

## ആഗോള സുവിശേഷവത്കരണം

സുവിശേഷവത്കരണം ഒരു സങ്കീർണ്ണ പ്രക്രിയയാണ്. അതിൽ പല ഘടകങ്ങളുമുണ്ട്. അവയിൽ, മിഷണറി പ്രചോദനത്തെ സംബ ന്ധിച്ചിടത്തോളം, ഐക്യദാർഢ്യത്തിനു പ്രത്യേകമായ ശ്രദ്ധ നൽകി യിരിക്കുന്നു. ലോകമിഷൻ ഞായറിന്റെ ലക്ഷ്യങ്ങളിൽ ഒരെണ്ണവുമാ ണത്. അതനുസരിച്ച്, മിഷൻപ്രദേശങ്ങളിൽ സുവിശേഷവത്കരണ ത്തിന്റെ കടമകൾ നിർവഹിക്കുന്നതിന് പേപ്പൽ മിഷണറി അസോസി

യേഷനുകൾ വഴി സഹായം അഭ്യർത്ഥിക്കുന്നു. ഉപദേശികൾ, സെമിനാരികൾ, വൈദികർ എന്നിവർ വഴി സഭ സ്ഥാപിക്കാനും സ്ഥിരീകരിക്കാനും അത്യാവശ്യമായിരിക്കുന്ന സ്ഥാപനങ്ങളെ പിന്താങ്ങാനുള്ള ഒരു ശ്രമം നടത്തുന്നു. മാത്രമല്ല, ദാരിദ്ര്യം, പോഷകാഹാരക്കുറവ്, പ്രത്യേകിച്ച് കുട്ടികളിലുള്ളത്, രോഗങ്ങൾ, ആരോഗ്യപാലന - വിദ്യാഭ്യാസ സേവനങ്ങളുടെ അഭാവം എന്നിവ തീവ്രമായി അനുഭവപ്പെടുന്ന രാജ്യങ്ങളിലെ വ്യക്തികളുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള സംഭാവന നൽകാനും പരിശ്രമിക്കുന്നുണ്ട്. ഇതും സഭയുടെ പ്രേഷിത പ്രവർത്തനത്തിൽപെടുന്നു.

സഭ സുവിശേഷം പ്രഘോഷിക്കുമ്പോൾ മനുഷ്യജീവിതത്തെ അതിന്റെ പൂർണമായ അർത്ഥത്തിൽ ഗൗരവപൂർവം പരിഗണിക്കുന്നു. മനുഷ്യസമുദ്ധാരണം, നീതി, എല്ലാത്തരത്തിലുമുള്ള ഞെരുക്കത്തിൽ നിന്നുള്ള വിമോചനം വ്യക്തമായും രാഷ്ട്രീയമണ്ഡലത്തിലെ സ്വാതന്ത്ര്യം എന്നീ വിഷയങ്ങൾ സുവിശേഷവത്കരണത്തിൽ അവഗണിക്കുകയെന്നത് അസ്വീകാര്യമാണെന്ന് ദൈവദാസനായ പോൾ ആറാമൻ മാർപാപ്പ ആവർത്തിച്ച് ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. മനുഷ്യവംശത്തിന്റെ ഭൗതികപ്രശ്നങ്ങളോടു നിസ്സംഗത പുലർത്തുകയെന്നത് “സഹിക്കുന്നവനും ആവശ്യത്തിൽപെട്ടവനുമായ നമ്മുടെ അയൽക്കാരനോടുള്ള സ്നേഹത്തെ സംബന്ധിച്ച് സുവിശേഷത്തിൽ നിന്നു നമുക്കു ലഭിച്ച സന്ദേശത്തെ മറന്നുകളയലാണ്” (“എവാഞ്ചെലീ നൂൺസ്യാന്തി” നമ്പർ 31). അത് യേശുവിന്റെ പെരുമാറ്റത്തിനു ചേർന്നതല്ല. അവിടുന്ന് “അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും ചുറ്റി സഞ്ചരിച്ചു” (മത്താ 9:35).

അങ്ങനെ, സഭയുടെ മിഷനിൽ സഹോത്തരവാദിത്വപരമായ ഭാഗഭാഗിത്വം വഴി ക്രൈസ്തവൻ ക്രിസ്തു നമുക്കു നൽകിയ സംസർഗത്തിന്റെയും സമാധാനത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും സ്രഷ്ടാവായിത്തീരുന്നു. മുഴുവൻ മനുഷ്യവംശത്തിനും വേണ്ടിയുള്ള ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ സാക്ഷാത്കാരത്തിൽ സഹകരിക്കുകയും ചെയ്യുന്നു. അതു നേരിടുന്ന വെല്ലുവിളികൾ ക്രൈസ്തവർ മറ്റുള്ളവരോടൊപ്പം നടക്കണമെന്നും മിഷൻ എന്നത് ഈ പാതയുടെ ഒരു മൗലികഘടകമായിരിക്കണമെന്നും വ്യക്തമാക്കുന്നു. അതിൽ നാം

നമ്മുടെ ക്രൈസ്തവവിളിയെ, സുവിശേഷമെന്ന അമൂല്യനിധിയെ, കളിമൺപാത്രത്തിലാണെങ്കിലും വഹിക്കുന്നു. മരിച്ച് ഉത്ഥാനം ചെയ്ത, സഭയിൽ കണ്ടുമുട്ടപ്പെടുകയും വിശ്വസിക്കപ്പെടുകയും ചെയ്ത ക്രിസ്തുവിനെക്കുറിച്ചുള്ള സാക്ഷ്യം നാം നിർവഹിക്കുന്നു. എല്ലാവർക്കുമായി ക്രിസ്തുവിനെ വഹിച്ചുകൊണ്ട് മനുഷ്യവംശത്തെ കണ്ടുമുട്ടാൻ വേണ്ടി "പോകുന്നതിനുള്ള" ആഗ്രഹവും അതിലുള്ള സന്തോഷവും ഈ ലോകമിഷൻ ഞായർ പുനരുജ്ജീവിപ്പിക്കട്ടെ. അവിടുത്തെ നാമത്തിൽ എല്ലാവർക്കും, പ്രത്യേകിച്ച് സുവിശേഷത്തിനുവേണ്ടി കഠിനാധ്വാനം ചെയ്യുകയും സഹിക്കുകയും ചെയ്യുന്നവർക്ക്, ഞാൻ ഹൃദയപൂർവ്വം അപ്പസ്തോലികാശീർവാദം നൽകുന്നു.

വത്തിക്കാനിൽ നിന്ന്, 6 ജനുവരി 2011, കർത്താവിന്റെ പ്രത്യക്ഷീകരണത്തിരുനാൾദിനം

**ബെനഡിക്ട് 16-ാമൻ മാർപാപ്പ**

---

**NB:- ഈ സന്ദേശം 2011 ഒക്ടോബർ മാസം 23-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# രൂപതാകച്ചേരി വാർത്തകൾ

**മിഷൻ ഞായർ ഒക്ടോബർ 23**

ഒക്ടോബർ മാസം 23-ാം തീയതിയാണ് മിഷൻ ഞായറായി ആചരിക്കുന്നത്. സീറോമലബാർ സഭ പ്രേഷിതവർഷമായി ആചരിക്കുന്ന സാഹചര്യം - മിഷൻ ഞായർ ആഘോഷത്തിനും, പതിവിലും ശ്രദ്ധയോടെയുള്ള മിഷൻ മാസാചരണത്തിനും കൂടുതൽ പ്രസക്തി നൽകുന്നു. നമ്മുടെ മിക്ക ഇടവകകളിലും ദീർഘവീക്ഷണത്തോടെ വിപുലമായ മിഷൻ മാസാചരണത്തിനുള്ള ക്രമീകരണങ്ങൾ നടക്കുന്നുവെന്നത് അഭിമാനാർഹമാണ്. ഭൂമിയുടെ അതിർത്തികൾവരെ കർത്താവിന് സാക്ഷികളാകുവാനുള്ള നമ്മുടെ കർത്തവ്യബോധം നമ്മിലെല്ലാം ശക്തിപ്പെടുവാനും പ്രത്യേക പ്രാർത്ഥനയിലൂടെയും ഇതര പ്രവർത്തനങ്ങളിലൂടെയും സജീവ മിഷനറിമാരേയും മിഷൻ പ്രവർത്തനങ്ങളേയും ശക്തിപ്പെടുത്താനുള്ള അവസരമായി ഇപ്രാവശ്യത്തെ മിഷൻ മാസാചരണവും മിഷൻ ഞായറാഘോഷങ്ങളും ഭവിക്കട്ടെ. സഭയുടെ മിഷൻ പ്രവർത്തനങ്ങളോട് സജീവമായി പങ്കുചേരുന്നതിന്റെ അടയാളമായി പരിഗണിച്ച് സഭയുടെ മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുവാനായി മിഷൻ ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച കഴിവതും വേഗം രൂപതാകേന്ദ്രത്തിൽ എത്തിക്കുമല്ലോ.

## Young Priests' Course

നവംബർ 21 -ാം തീയതി തിങ്കളാഴ്ച വൈകുന്നേരം മുതൽ നവംബർ 24-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 4 മണിവരെയാണ് യുവ വൈദികർക്കുവേണ്ടിയുള്ള ഈ വർഷത്തെ സെമിനാർ. 2001 ഡിസംബറിൽ പട്ടം സ്വീകരിച്ചവർ തുടങ്ങിയുള്ള എല്ലാ യുവ വൈദീകരും കോഴ്സിൽ സംബന്ധിക്കേണ്ടതാണ്.

**ഫാ. ജേക്കബ് നെടുമ്പിള്ളിൽ - ഒന്നാം ചരമവാർഷികം**

നമ്മുടെ രൂപതയുടെ ആരംഭംമുതൽ രൂപതയുടെ വളർച്ചയ്ക്കും ഉന്നമനത്തിനും വേണ്ടി അക്ഷീണം പ്രയത്നിക്കുകയും കാട്ടിക്കുളം ജയമാതാ ആശ്രമത്തിന്റെ സ്ഥാപക ഡയറക്ടറുമായിരുന്ന ബഹുമാനപ്പെട്ട ജേക്കബ് നെടുമ്പിള്ളിയച്ചൻ നമ്മിൽ നിന്നും വേർപിരിഞ്ഞിട്ട് ഒക്ടോബർ 26-ാം തീയതി ഒരു വർഷം തികയുകയാണ്. അച്ചനെ നമ്മുടെ പ്രാർത്ഥനകളിലും കുർബാനയിലും പ്രത്യേകം അനുസ്മരിക്കാം. അന്നേ ദിവസം രാവിലെ 7 മണിക്ക് സിയോൻ ചാപ്പലിൽ വച്ച് അച്ചനുവേണ്ടി വി.കുർബാനയും ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്.

**മോൺ. തോമസ് മൂലക്കുന്നേൽ - സ്നേഹാനുസ്മരണം**

നമ്മുടെ രൂപതയുടെ പ്രഥമ വികാരി ജനറാളായിരുന്ന, രൂപതയുടെ ആരംഭകാലം മുതൽ രൂപതയുടെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും വേണ്ടി നിസ്വാർത്ഥസേവനം ചെയ്ത മോൺ. തോമസ് മൂലക്കുന്നേലച്ചന്റെ ചരമദിനം നവംബർ 3-ാം തീയതിയാണ്. അച്ചനെ നമ്മുടെ പ്രാർത്ഥനകളിലും കുർബാനയിലും പ്രത്യേകം അനുസ്മരിക്കാം. അന്നേദിവസം രാവിലെ 7 മണിക്ക് സിയോൻ ചാപ്പലിൽ വച്ച് അച്ചനുവേണ്ടി വി.കുർബാനയും ഒപ്പീസും ഉണ്ടായിരിക്കും.

**അഭിനന്ദനങ്ങൾ**

റോമിൽ ഹോളിക്രോസ്സ് യൂണിവേഴ്സിറ്റിയിൽ നിന്ന് ദൈവശാസ്ത്ര ബിരുദം വളരെ വിജയകരമായി പൂർത്തിയാക്കി രൂപതയിൽ തിരിച്ചെത്തിയിരിക്കുന്ന ഡീക്കൻ ജെയ്നേഷ് പുതുക്കാട്ടിലിന് അഭിനന്ദനങ്ങൾ അറിയിക്കുന്നു. ഒരു മാസത്തെ പ്രായോഗിക അജപാലന പരിശീലനത്തിനായി കല്ലോടി ഇടവകയിലേയ്ക്ക് പോവുകയും തുടർന്ന് തിരുപ്പട്ട സ്വീകരണത്തിന് അടുത്ത ഒരുക്കമായി ഒരു മാസത്തെ പാസ്റ്ററൽ കോഴ്സിനായി വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലേയ്ക്ക് പോവുകയും ചെയ്യുന്ന ഡീക്കന് എല്ലാവിധ ദൈവാനുഗ്രഹവും വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

**വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# മാനന്തവാടി രൂപത സമഗ്രചരിത്രഗ്രന്ഥം

മാനന്തവാടി രൂപതയുടെ ഒരു ചരിത്രഗ്രന്ഥം പ്രസിദ്ധീകരിക്കുവാൻ ആഗസ്റ്റ് 29-ാം തീയതി ചേർന്ന വൈദീകസമ്മേളനം തീരുമാനമെടുക്കുകയുണ്ടായി. ഇതിലേയ്ക്ക് എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

വിശ്വാസ വളർച്ചയുടെ നാലുപതിറ്റാണ്ടുകൾ പൂർത്തിയാക്കുന്ന മാനന്തവാടി രൂപതയുടെ സമഗ്രമായൊരു ചരിത്രഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചതായി ഇതിനകം അറിഞ്ഞിരിക്കുമല്ലോ. മാനന്തവാടി രൂപതയുടെ ചരിത്രത്തിൽ മറ്റൊരു ചരിത്ര സംഭവം ആയിത്തീരേണ്ടുന്നൊരു സംരംഭമാണിത്. ഇന്നലകളിലെ ദൈവമനുഷ്യരുടെ വളർച്ചയും തളർച്ചയും ഇടർച്ചയും വീഴ്ചയുമാണ് ഇന്നത്തെ വിശുദ്ധഗ്രന്ഥങ്ങൾ. വചനത്തെ മാംസം ധരിപ്പിച്ച പൂർവ്വീകർ വിശ്വാസത്തിന് ധീരസാക്ഷ്യം വഹിച്ചതിന്റെ ചരിത്രമാണ് ഇന്നിന്റെ സുവിശേഷവും, അതുകൊണ്ടുതന്നെ മലബാറിന്റെ കുടിയേറ്റവഴികളിൽ വിശ്വാസത്തിന്റെ വിജയക്കൊടി നാട്ടിയൊരു ജനതയുടെ വളർച്ചയും ഇടർച്ചയുമൊക്കെ രേഖപ്പെടുത്തപ്പെടുമ്പോൾ അതും വരുംതലമുറയ്ക്കൊരു നവസുവിശേഷമാണ്. ചരിത്ര വസ്തുതകൾ സ്വാർത്ഥ താൽപര്യങ്ങൾക്കനുസരിച്ച് തമസ്കരിക്കപ്പെടുകയും കീഴ്മേൽ മറിക്കപ്പെടുകയും ചെയ്യുന്നൊരു കാലത്ത് നാളെയുടെ സുവിശേഷമാകേണ്ട യഥാർത്ഥ ക്രൈസ്തവ ചരിത്രം രേഖപ്പെടുത്തുകയും തലമുറകൾക്ക് കൈമാറുകയും ചെയ്യുക എന്നത് ഇന്ന് നമ്മുടെ ഗൗരവമേറിയ ഉത്തരവാദിത്വമാണ്. കാലത്തിന്റെ വെല്ലുവിളികൾക്ക് ഉത്തരമാകുന്നൊരു സമഗ്ര ചരിത്രഗ്രന്ഥ നിർമ്മിതിയ്ക്ക് നമുക്ക് ഒരുമിച്ച് ശ്രമിക്കാം. രൂപതയിലെ എല്ലാ ഇടവകകളുടെയും പ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും സംരംഭങ്ങളുടെയും സംഭവങ്ങളുടെയും ചരിത്രസമാഹരണവും പ്രസിദ്ധീകരണവും സമയബന്ധിതമായി (2013 ലെ രൂപതാ ദിനം) ചെയ്യുവാനാണ് നാം ഉദ്ദേശിക്കുന്നത്. അതുകൊണ്ടുതന്നെ ഇത് അനേകരുടെ പ്രയത്നവും സഹകരണവും ആവശ്യമുള്ള ഒരു ബ്രഹത്പദ്ധതിയാണ്. വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേലച്ചൻ ചെയർമാനും, ഫാ.ബാബു മാപ്ലശേരി കൺവീനറുമായ രൂപതാ ചരിത്രരചനാ കമ്മറ്റിയെ അഭിവന്ദ്യ പിതാവ് നിയോഗിച്ചതനുസരിച്ച് ഇതിനകം

പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇനി ഇടവകകളും ഫൊറോനകളും സംഘടനകളും സന്യാസസമൂഹങ്ങളും രൂപതാ സ്ഥാപനങ്ങളും തയ്യാറാക്കുന്ന ചരിത്രരചന 2012 മാർച്ച് 15-ന് മുമ്പ് രൂപതാ ചരിത്രരചനാ കമ്മിറ്റിയെ ഏൽപ്പിക്കുകയും വേണം.

## ചരിത്രരചനയിൽ പൊതുവിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ചരിത്രരചനയിൽ ഭാവനയ്ക്കും സങ്കൽപ്പങ്ങൾക്കും എന്നതിനേക്കാൾ വസ്തുതകൾക്കും അനുഭവങ്ങൾക്കും വ്യക്തികൾക്കും സംഭവങ്ങൾക്കുമാണ് പ്രാധാന്യം. അത് കടന്നുപോയ അനേകം വർഷങ്ങളും വ്യക്തികളുമായും ബന്ധപ്പെട്ടതാകുമ്പോൾ കൃത്യവും സമഗ്രവുമായി അതുശേഖരിക്കുവാൻ കൂട്ടായ ഒരു യത്നം ആവശ്യമുണ്ട്. അതുകൊണ്ടാണ് അതതുതലങ്ങളിൽ ചരിത്രരചനാ കമ്മറ്റികൾ നിർബന്ധമായും ഉണ്ടാകണം എന്ന് തീരുമാനിച്ചിരിക്കുന്നത്. രൂപതാ കമ്മറ്റിക്ക് ബന്ധപ്പെടുവാൻ താഴെതട്ടിലുള്ള എല്ലാ ചരിത്ര കമ്മറ്റികൾക്കും ഒരു സെക്രട്ടറി ഉണ്ടാകണം. മിനുട്സ്, സുവനീർ, ചരിത്രപുസ്തകങ്ങൾ, മുതിർന്ന അംഗങ്ങളുടെയും വൈദീകരുടെയും സന്യസ്തരുടെയും അനുഭവസമ്പത്ത്, പ്രത്യേകിച്ചും കുടിയേറ്റകാലത്ത് നേതൃത്വം കൊടുത്തവരുടെ ഓർമ്മക്കുറിപ്പുകൾ ഇവയെല്ലാം ആധാരമാക്കി കൃത്യമായ വർഷങ്ങളും വസ്തുതകളും ചേർത്തുവേണം പത്തുപേജിൽ കവിയാത്ത സമഗ്രചരിത്രം തയ്യാറാക്കിതരേണ്ടത്. കൃത്യമായ റഫറൻസുകളും, അടിസ്ഥാന രേഖകളുടെ ലഭ്യമാകുന്നത്ര കോപ്പികളും, ചരിത്രപ്രാധാന്യമുള്ള ഫോട്ടോകളും ഇതോടൊപ്പം ഉണ്ടാകണം. തയ്യാറാക്കുന്ന ചരിത്രരചനയ്ക്ക് അതാതുതലങ്ങളിലെ ഭരണസമിതിയുടെ അംഗീകാരം ഉണ്ടാകണം. 2011 ഒക്ടോബർ 31-ന് മുമ്പ് ഇടവക ചരിത്രരചനാ കമ്മറ്റി അംഗങ്ങളുടെ പേരും ഫോൺനമ്പറും ഉള്ള ലിസ്റ്റ് ഫൊറോനാ മീഡിയാ ഡയറക്ടറെ ഏൽപ്പിക്കണം. ഫൊറോനകളിൽ നിന്നും എല്ലാ പ്രസ്ഥാനങ്ങളുടെയും സന്യാസ സമൂഹങ്ങളുടെയും ചരിത്രരചനാ കമ്മറ്റി അംഗങ്ങളുടെ ലിസ്റ്റ് 2011 നവംബർ 15-ന് മുമ്പ് രൂപതാ ചരിത്രരചനാ കമ്മിറ്റി കൺവീനറെ ഏൽപ്പിക്കണം.

## ചരിത്രരചനാ കമ്മറ്റികൾ

രൂപതാ, ഫൊറോന, ഇടവകാ തലങ്ങളിലും, സന്യാസസഭകളിലും, സംഘടനകളിലും രൂപപ്പെടുത്തേണ്ട ചരിത്ര രചനാ കമ്മിറ്റികളുടെ സജീവ സഹകരണത്തോടെ സമഗ്രമായ ഒരു ചരിത്ര ഗ്രന്ഥ നിർമ്മിതിയാണ് ലക്ഷ്യമിടുന്നത്. രൂപതാ ചരിത്ര കമ്മിറ്റിയെ അഭിവന്ദ്യ പിതാവ് നിശ്ചയിക്കും. ഫൊറോന വികാരി ചെയർമാനായും, ഫൊറോന മീഡിയാ ഡയറക്ടർ സെക്രട്ടറിയായും ഇടവകകളിലെ ചരിത്ര കമ്മിറ്റി

സെക്രട്ടറിമാരും സന്യാസസഭകളുടെ പ്രതിനിധികളും അംഗങ്ങളുമായുള്ള ഫൊറോന ചരിത്ര കമ്മിറ്റികൾ 2011 ഒക്ടോബർ മാസത്തിലെ മാസധ്യാനാവസരത്തിൽ രൂപവൽക്കരിക്കണം. ഇടവകയുടെ ചരിത്ര രചനയ്ക്കായി വികാരി അച്ചന്റെ നേതൃത്വത്തിൽ കൈക്കാരന്മാർ, മതാദ്ധ്യാപകർ, സംഘടനാ ഭാരവാഹികൾ, സന്യസ്തർ, ഇടവകാംഗങ്ങൾ എന്നിവരിൽ നിന്ന് ചരിത്ര രചനയ്ക്ക് പ്രയോജനപ്പെടുന്നവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കാവുന്നതാണ്.

**ഇടവക ചരിത്രരചനയിൽ താഴെപറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തുക.**

- ഇടവക ഏത് ജില്ലയിൽ, ഏത് ഫൊറോനയിൽ, സമീപത്തെ പ്രധാന ടൗണുകൾ, രൂപതാ കേന്ദ്രത്തിൽ നിന്നുള്ള ദൂരം, പ്രധാന ടൗണിൽ നിന്ന് ഇടവകയിൽ എത്താനുള്ള യാത്രാമാർഗ്ഗം, ഇടവക, ഫൊറോന– ഭൂപടം.

- ഇടവക ആരംഭിക്കാനുണ്ടായ പ്രേരകഘടകങ്ങൾ, പ്രദേശത്തിന്റെ ചരിത്രപ്രാധാന്യം, ഇടവകാതിർത്തിക്കുള്ളിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ ലഘു ചരിത്രം. ഉദാ:– ആറാട്ടുതറ – വള്ളിയൂർക്കാവ്, അമ്പലവയൽ – എടക്കൽ.

- ആദ്യകുടിയേറ്റക്കാരായ ഇടവകാംഗങ്ങൾ, ഇടവക ആരംഭിച്ച വർഷം, പ്രാരംഭ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത വൈദീകർ, ഇടവകക്കാർ, സിസ്റ്റേഴ്സ്, ഇടവക സ്ഥാപിച്ച വർഷം, പ്രഥമ വികാരി, ഇടവകയുടെ വളർച്ചയിൽ സഹകരിച്ച അക്രൈസ്തവരുടെ പ്രധാനപ്പെട്ട സംഭാവനകൾ, ദേവാലയങ്ങൾ നിർമ്മിച്ച വികാരിമാർ, വർഷങ്ങൾ, ഇടവകയുടെ വളർച്ചയിലെ പ്രധാനസംഭവങ്ങൾ, നേട്ടങ്ങൾ, കത്തോലിക്കാ കുടുംബങ്ങൾ, അംഗങ്ങൾ (എണ്ണം), ദൈവവിളികൾ – മെത്രാന്മാർ, വൈദീകർ, സിസ്റ്റേഴ്സ്, ബ്രദർഹുഡ് എല്ലാവരുടെയും പേരുകളും സന്യാസസമൂഹങ്ങളും, സന്യാസഭവനങ്ങൾ ഏവ? ആരംഭിച്ച വർഷം, സ്ഥാപനങ്ങൾ ഏവ? ആരംഭിച്ചത് ആര്, വർഷം, നേതൃത്വം കൊടുത്തതാരൊക്കെ? പ്രധാന നേട്ടങ്ങളേവ, സാമൂഹിക, സാംസ്കാരിക, സാഹിത്യ, കലാ–കായിക, രാഷ്ട്രീയ, വിദ്യാഭ്യാസ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച രൂപതാംഗങ്ങളുടെയും ഫോട്ടോയും ലഘു ചരിത്രവും ഉൾപ്പെടുത്തുക., ക്രൈസ്തവ സമൂഹം പൊതുസമൂഹത്തിന് നൽകിയ സംഭാവനകൾ. ഉദാ: വൈദികരുടെ നേതൃത്വത്തിൽ വെട്ടിയ റോഡുകൾ, പൊതു പ്രസ്ഥാനങ്ങൾക്ക് സ്ഥലം സംഭാവന നൽകിയിട്ടുള്ളത് etc. കുടിയേറ്റകാലത്ത് ഇടവകയിലെ സംരംഭ

ങ്ങൾക്ക് നേതൃത്വം കൊടുത്തവരിൽ ഇന്ന് ജീവിച്ചിരിക്കുന്ന പ്രമുഖരുടെ ഫോട്ടോയും അനുഭവകുറിപ്പുകളും പ്രത്യേകം ചേർക്കുക.

## സന്യാസസമൂഹങ്ങളുടെ ചരിത്ര രചനയിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തുക.

സന്യാസ സമൂഹത്തിന്റെ സ്ഥാപകൻ, വർഷം, സ്ഥാപക പശ്ചാത്തലം, സിദ്ധികൾ, പ്രധാന സേവനമേഖലകൾ, ജനറലേറ്റ്, പ്രോവിൻസുകൾ - അംഗങ്ങൾ (എണ്ണം), മാനന്തവാടി രൂപതയിൽ ഓരോ സന്യാസ സമൂഹത്തിനും നേതൃത്വം കൊടുക്കുന്നവരുടെ ഫോട്ടോകൾ, മാനന്തവാടി രൂപതയിലെ ആരംഭം, വളർച്ച, പ്രാരംഭ നേതൃത്വം പ്രധാന പ്രവർത്തനങ്ങൾ, ഭവനങ്ങൾ, സ്ഥാപനങ്ങൾ, അംഗങ്ങൾ (എണ്ണം), സ്ഥലം, വർഷം, രൂപതയുടെയും നാടിന്റെയും വളർച്ചയിൽ നിർണ്ണായക സ്വാധീനം ചെലുത്തിയവരോ, പൊതുരംഗത്ത് നേട്ടം കൈവരിച്ചവരോ ആയ അംഗങ്ങൾ ഉണ്ടെങ്കിൽ ഫോട്ടോയും ലഘുചരിത്രവും., സന്യാസസമൂഹം രൂപതയിലെ പൊതുസമൂഹത്തിന് നൽകിയ പ്രത്യേക സംഭാവനകൾ, പൊതുസമൂഹത്തിന്റെ പ്രയോജനത്തിനായി നടത്തുന്ന സ്ഥാപനങ്ങൾ ഇവയുടെ ഫോട്ടോയും ലഘുചരിത്രവും., മാനന്തവാടി രൂപതയ്ക്കുള്ളിൽ സ്ഥിതിചെയ്യുന്ന പ്രധാന ഭവനത്തിന്റെ ഫോട്ടോ.

ഇത്രയും ഉൾപ്പെടുത്തി 15 പേജിൽ കവിയാത്തൊരു സമഗ്ര ചരിത്രം സന്യാസ സമൂഹത്തെക്കുറിച്ച് തയ്യാറാക്കി 2012 മാർച്ച് 31-ന് മുൻപ് രൂപതാ ചരിത്രരചന കമ്മിറ്റിയെ ഏൽപ്പിക്കുക.

## സംഘടനകളുടെ ചരിത്ര രചനയിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തുക.

സംഘടനയുടെ സ്ഥാപകൻ, വർഷം, സ്ഥാപക പശ്ചാത്തലം, ലക്ഷ്യം, പ്രധാന സേവനമേഖലകൾ, യൂണിറ്റുകൾ - അംഗങ്ങൾ (എണ്ണം), പ്രാരംഭകരുടെയും നേതാക്കളുടെയും ഫോട്ടോ., മാനന്തവാടി രൂപതയിലെ ആരംഭം, വളർച്ച, പ്രാരംഭനേതൃത്വം പ്രധാന പ്രവർത്തനങ്ങൾ, സ്ഥാപനങ്ങൾ, ഇപ്പോൾ നടത്തിവരുന്ന പ്രധാനപദ്ധതികൾ, രൂപതയുടെയും നാടിന്റെയും വളർച്ചയിൽ നിർണ്ണായക സ്വാധീനം ചെലുത്തിയവരോ, പൊതുരംഗത്ത് നേട്ടം കൈവരിച്ചവരോ ആയ സംഘടനാ അംഗങ്ങൾ ഉണ്ടെങ്കിൽ ഫോട്ടോയും ലഘുചരിത്രവും, സംഘടന രൂപതയിലെ പൊതുസമൂഹത്തിന് നൽകിയ പ്രത്യേക സംഭാവനകൾ, പൊതുസമൂഹത്തിന്റെ പ്രയോജനത്തിനായി നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ ഇവയുടെ ഫോട്ടോയും ലഘുചരിത്രവും.

ഇത്രയും ഉൾപ്പെടുത്തി 15 പേജിൽ കവിയാത്തൊരു സമഗ്ര ചരിത്രം സംഘടനയെക്കുറിച്ച് തയ്യാറാക്കി 2012 മാർച്ച് 31 ന് മുൻപ് രൂപതാ ചരിത്രരചന കമ്മിറ്റിയെ ഏൽപ്പിക്കുക.

**സ്ഥാപനത്തിന്റെ ചരിത്ര രചനയിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തുക.**

സ്ഥാപനം ആരംഭിച്ചത് ആര്, വർഷം, സ്ഥാപക പശ്ചാത്തലം, ലക്ഷ്യം, പ്രധാന സേവനമേഖലകൾ, അംഗങ്ങൾ, (എണ്ണം), സ്ഥാപനത്തിന്റെയും, നേതാക്കളുടെയും ഫോട്ടോ, മാനന്തവാടി രൂപതയിലെ ആരംഭം, വളർച്ച, പ്രാരംഭനേതൃത്വം പ്രധാന പ്രവർത്തനങ്ങൾ, സ്ഥാപനങ്ങൾ, പൊതുരംഗത്ത് സ്ഥാപനത്തിനുണ്ടായ പ്രധാന നേട്ടങ്ങൾ, സംഭാവനകൾ, ഇത്രയും ഉൾപ്പെടുത്തി 15 പേജിൽ കവിയാത്തൊരു സമഗ്രചരിത്രം സ്ഥാപനത്തെക്കുറിച്ച് തയ്യാറാക്കി 2012 മാർച്ച് 31-ന് മുൻപ് രൂപതാ ചരിത്രരചന കമ്മിറ്റിയെ ഏൽപ്പിക്കുക.

അഭിവന്ദ്യ പിതാക്കന്മാരുടെയും വൈദികരുടെയും സന്യസ്തരുടെയും സ്നേഹോദാരമായ കൂട്ടായ്മയും ആത്മാർത്ഥമായ അദ്ധ്വാനവുമാണ് മാനന്തവാടി രൂപതയെ ഇന്നത്തെ വളർച്ചയിലേയ്ക്കും സമൃദ്ധിയിലേയ്ക്കും നയിച്ചത്. ഇക്കാര്യത്തിൽ ഓരോരുത്തരും നൽകിയ വിലപ്പെട്ട സംഭാവനകളെ കൃതജ്ഞതാപൂർവ്വം ഓർത്തുകൊണ്ട് ചരിത്ര ഗ്രന്ഥ രചനയ്ക്ക് എല്ലാ സഹകരണവും ആത്മാർത്ഥമായി നൽകണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

<u>അഡ്രസ്സ്:</u>


Diocesan Committee of Historiography
Pastoral Centre, Dwaraka, Nalloornadu P.O.
P.B.No. 42, Mananthavady-670 645

ചെയർമാൻ
**മോൺ.മാത്യു മാടപ്പള്ളിക്കുന്നേൽ**
Ph: 04935- 242613
Mob: 9447219652
E-mail: madappally@sify.com

കൺവീനർ
**ഫാ. ബാബു മാപ്ലശേരി**
Ph: 04936-273544, 342595
Mob: 09544256990, 9447545460
E-mail: frbabum@gmail.com, father_maplassery@yahoo.co.in

# വൈദിക സമ്മേളനം - റിപ്പോർട്ട്

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം (Priests' Conference) 2011 ആഗസ്റ്റ് 29-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേർന്നു. മാർ ജോസ് പൊരുന്നേടം പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ 141 വൈദികർ പങ്കെടുത്തു. രാവിലെ 10.30 ന് ബഹു. ജോർജ് പാലത്തടത്തിൽ അച്ചൻ നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. മാനന്തവാടി രൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസ് പെരിയ ബഹുമാനപ്പെട്ട മാത്യു മാടപ്പള്ളിക്കുന്നേൽ അച്ചൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. കഴിഞ്ഞ വൈദിക സമ്മേളനത്തിനുശേഷം മരണമടഞ്ഞ സീറോ-മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കാർഡിനൽ വർക്കി വിതയത്തിൽ പിതാവിനെയും മാനന്തവാടി രൂപതാംഗം പീറ്റർ ചെറുകരമുട്ടം അച്ചനെയും പ്രത്യേകം അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. സീറോ-മലബാർ സഭാസിനഡിന്റെ സന്യസ്തർക്കുവേണ്ടിയുള്ള കമ്മീഷന്റെ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിനെ അഭിനന്ദിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു.

തുടർന്ന് അഭിവന്ദ്യ പിതാവ് ആമുഖപ്രഭാഷണം നടത്തി. വൈദിക സമ്മേളനത്തിന് വന്നുചേർന്ന ഏവരേയും, പ്രത്യേകമായി ഏറെ നാളുകൾക്കുശേഷം മാനന്തവാടി രൂപതയിലെ വൈദിക സമ്മേളനത്തിലേയ്ക്ക് കടന്നുവന്ന ചിക്കാഗോ രൂപതയിൽ സേവനം ചെയ്യുന്ന കണ്ടത്തിക്കുടി അച്ചനേയും പിതാവ് സ്വാഗതം ചെയ്തു. രൂപതയിൽ സേവനം ചെയ്യാനായി പുതുതായി വന്ന എല്ലാ സന്യാസ വൈദികരേയും പിതാവ് സ്വാഗതം ചെയ്യുകയും അവരുടെ സേവനങ്ങൾക്ക് നന്ദി പറയുകയും ചെയ്തു. ആദ്-ലിമിന സന്ദർശനത്തെക്കുറിച്ചും സീറോ-മലബാർ ബിഷപ്പ് സിനഡിനെക്കുറിച്ചും 2012 മെയ് മാസം ആദ്യവാരം മേജർ ആർച്ച്ബിഷപ്പ് ജോർജ് ആലഞ്ചേരി പിതാവിന്റെ മാനന്തവാടി രൂപതാ സന്ദർശനത്തെക്കുറിച്ചും പിതാവ് സംസാരിച്ചു.

പ്രാരംഭ സമ്മേളനത്തിനുശേഷം ബഹുമാനപ്പെട്ട കുര്യൻ കൊച്ചെട്ടുന്നേൽ MST അച്ചൻ സീറോ-മലബാർ സഭയുടെ പ്രേഷിത വർഷത്തെക്കുറിച്ചും നവസുവിശേഷവത്ക്കരണത്തെക്കുറിച്ചും ക്ലാസ്സെടുത്തു.

പ്രേഷിത വർഷത്തിൽ സഭാതലത്തിലും രൂപതാതലത്തിലും ഫൊറോനാ തലത്തിലും ഇടവകാതലത്തിലും നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അച്ചൻ വിശദീകരിച്ചു. സഭയുടെ മുഴുവന്റെയും ആദ്ധ്യാത്മിക നവീകരണമാണ് പ്രേഷിതവർഷാചരണത്തിന്റെ മുഖ്യലക്ഷ്യമെന്ന് അച്ചൻ ഓർമ്മിപ്പിച്ചു. പ്രേഷിത പ്രവർത്തനം സഭയുടെ പ്രവർത്തനമാണ്. അത് ഒരു വ്യക്തിയുടെ പ്രവർത്തനമല്ല മറിച്ച് എല്ലാ വിശ്വാസികളുടെയും പ്രവർത്തനമാണെന്ന് അച്ചൻ ഊന്നിപ്പറഞ്ഞു. പ്രേഷിതപ്രവർത്തനത്തെക്കുറിച്ചും നവസുവിശേഷവത്ക്കരണത്തെക്കുറിച്ചുമുള്ള ക്ലാസ്സുകൾക്കുശേഷം ബഹു. ബാബു മാപ്ലശേരിയച്ചൻ മാനന്തവാടി രൂപതാ ചരിത്രഗ്രന്ഥ രചനയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് വിശദീകരിച്ചു. മാനന്തവാടി രൂപതയുടെ വളർച്ചയിൽ ഒരു നാഴികക്കല്ലാവേണ്ട സംരംഭമാണ് ചരിത്ര രചന എന്ന് അച്ചൻ ഓർമ്മിപ്പിച്ചു. രൂപത, ഫൊറോന, ഇടവകതലങ്ങളിലും സന്യാസ സഭകളിലും, സംഘടനകളിലും രൂപപ്പെടുത്തേണ്ട ചരിത്ര രചനകളെക്കുറിച്ചും ഇടവകാ ചരിത്ര രചനയിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങളേക്കുറിച്ചും അച്ചൻ വിശദീകരിച്ചു.

ക്ലാസുകൾക്കുശേഷം പ്രേഷിതവർഷാചരണവും, ചരിത്ര ഗ്രന്ഥ രചനയും ഫൊറോനാതലത്തിൽ ഏകോപിപ്പിക്കേണ്ടതുകൊണ്ട് ഫൊറോനാതലത്തിൽ ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ചകൾ നടത്തി. ചർച്ചകൾക്കുശേഷം ഉച്ചഭക്ഷണത്തിനായി പിരിഞ്ഞു. ഉച്ചയ്ക്കുശേഷം ചർച്ചയുടെ റിപ്പോർട്ട് ഓരോ ഗ്രൂപ്പിന്റെയും സെക്രട്ടറിമാർ അവതരിപ്പിച്ചു. തുടർന്ന് KLM, സുരക്ഷ, സ്നേഹനിധി എന്നിവയുടെ പ്രവർത്തനങ്ങളെക്കുറിച്ചും ഇടവകാ തലത്തിൽ ഈ കാര്യങ്ങളിൽ അച്ചന്മാർ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും, WSSS ഡയറക്ടർ ബഹു. ജോൺ ചൂരപ്പുഴയിൽ അച്ചൻ വിശദീകരിച്ചു. തുടർന്ന് ബഹു. ഷാജി മുളകുടിയാങ്കൽ അച്ചൻ പി.പി.എഫ്. - ന്റെ വാർഷിക കണക്ക് അവതരിപ്പിച്ച് പാസ്സാക്കി. അച്ചന്മാരെ വിവിധ medical insurance- ൽ ചേർക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് വിശദീകരിക്കുകയും 70 വയസ്സിൽ താഴെയുള്ള മുഴുവൻ അച്ചന്മാരെയും വിവിധ medical insurance- ൽ ചേർക്കുവാനുള്ള നടപടികൾ തുടരുവാൻ തീരുമാനമെടുക്കുകയും ചെയ്തു.

വയനാട് ജില്ലയുടെ സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ പുരോഗതിയെ ലക്ഷ്യം വച്ചുകൊണ്ട് ആരംഭിച്ച കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിറ്റി റേഡിയോ സർവ്വീസായ റേഡിയോ മാറ്റൊലിയുടെ പ്രവർത്തനങ്ങളെക്കുറിച്ചും നാളിതുവരെ കൈവരിച്ച നേട്ടങ്ങളെക്കുറിച്ചും അസി. ഡയറക്ടറായ

(ബ്രോഡ്കാസ്റ്റിംഗ്) ബഹു. സന്തോഷ് കാവുംങ്കൽ അച്ചൻ വിവരിച്ചു. മീഡിയാ കമ്മീഷന്റെ വൈസ് ചെയർമാനായ ബഹു. ജെയ്സ് ചെട്യാശ്ശേരി അച്ചൻ മീഡിയ കമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചും വിശദീകരിച്ചു. മീഡിയ കമ്മീഷനുവേണ്ടിയുള്ള ഒരു റെക്കോർഡിംഗ് സ്റ്റുഡിയോ റേഡിയോ മാറ്റൊലിയോടു ചേർന്ന് സജ്ജമായിക്കൊണ്ടിരിക്കുകയാണെന്നും മീഡിയ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ഒരു ഡിജിറ്റൽ വീഡിയോ ക്യാമറ ലഭ്യമായിട്ടുണ്ടെന്നും അച്ചൻ അറിയിച്ചു.

മാനന്തവാടി, ബത്തേരി, കോട്ടയം, കോഴിക്കോട് എന്നീ രൂപതകളിലെ പ്രതിനിധികളെ ഉൾക്കൊള്ളിച്ചുകൊണ്ട് പുതുതായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന Christian Civic Service Society (CCSS) യുടെ ആവശ്യകതയെക്കുറിച്ചും ലക്ഷ്യങ്ങളെക്കുറിച്ചും ബഹു. തോമസ് ജോസഫ് തേരകം അച്ചൻ വിശദീകരിച്ചു. തുടർന്ന് പൊതുകാര്യങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്കുള്ള അവസരമായിരുന്നു. വിദ്യാഭ്യാസ സഹായനിധിയുടെ വിതരണത്തിന് പുതിയൊരു രീതി നടപ്പാക്കുന്നതിന്റെ സാധ്യതയെക്കുറിച്ച് ബഹു. സെബാസ്റ്റ്യൻ പാലക്കീലച്ചൻ സംസാരിച്ചു. എന്നാൽ കണക്കുകൾ സുതാര്യമാകുന്നതിന് ഇപ്പോൾ നിലവിലുള്ള രീതി തന്നെ തുടർന്നുകൊണ്ടു പോകുന്നതാണ് നല്ലതെന്ന് പിതാവ് അഭിപ്രായപ്പെട്ടു. ചിക്കാഗോ രൂപതയിലെ തന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ബഹു. ജോസ് കണ്ടത്തിക്കുടിയച്ചൻ സംസാരിച്ചു. തുടർന്ന് പിതാവ് എല്ലാവരെയും അഭിസംബോധന ചെയ്ത് സംസാരിച്ചു. ഗുരു എങ്ങനെയാണോ അങ്ങനെ തന്നെ ആയിരിക്കും ശിഷ്യരും. അതുകൊണ്ട് ഈ പ്രേഷിതവർഷത്തിൽ നാമെല്ലാവരും മറ്റുള്ളവർക്ക് നല്ല മാതൃകകൾ നൽകണമെന്നും മാറി മാറി വരുന്ന സാഹചര്യങ്ങളിൽ പുതിയ പ്രവർത്തന ശൈലികൾ നാം സ്വീകരിക്കണമെന്നും പിതാവ് ഓർമ്മിപ്പിച്ചു. ബഹു. ടോമി പുത്തൻപുരയിൽ അച്ചൻ ഏവർക്കും നന്ദി അറിയിച്ചു. രൂപതാ ഗാനത്തോടെ 4.30 ന് വൈദിക സമ്മേളനം അവസാനിച്ചു.

**ഫാ. സിജീഷ് പുല്ലൻകുന്നേൽ**

ഉത്ഥാനത്തിലൂടെ ശിഷ്യന്മാരെ പ്രേഷിതദൗത്യത്തോട് ഏറ്റം ഗാഢമായ വിധത്തിൽ ബന്ധിപ്പിച്ച ഈശോ അവർക്ക് ഒരു വാഗ്ദാനം കൂടി നൽകി. എന്നേയ്ക്കും ശ്ലീഹന്മാരോടുകൂടെ ആയിരിക്കുവാൻ ഒരു സഹായകനെ–പരിശുദ്ധാത്മാവിനെ നൽകുമെന്ന് ഉറപ്പുനൽകി (യോഹ. 14:16, യോഹ. 16:7) ഈ വാഗ്ദാനത്തിന്റെ പൂർത്തീകരണമാണ് പന്തക്കുസ്താ ദിവസം നടക്കുന്നത്.

തിരുസഭയുടെ ചരിത്രത്തിന്റെ അടിസ്ഥാനശിലയാണ് പന്തക്കുസ്ത. അന്നാണ് സഭ ഔദ്യോഗികമായി രൂപം കൊണ്ടത്. സഭ പ്രേഷിതയായി പൊതുരംഗത്ത് പ്രവർത്തനനിരതമായത്. പത്രോസിന്റെ ആദ്യത്തെ പരസ്യസുവിശേഷ പ്രഘോഷണത്തിന് ചൈതന്യമേകിയത് പന്തക്കുസ്തായിൽ സ്വീകരിച്ച പരിശുദ്ധാത്മാവിന്റെ ചൈതന്യത്തിലൂടെയാണ്. തീനാവുകളുടെ രൂപത്തിൽ പരിശുദ്ധാത്മാവിനെ സ്വീകരിച്ച ക്രിസ്തു ശിഷ്യന്മാർ ദൗത്യബോധത്തോടെ കർമ്മനിരതരായ ദിവസമാണത്. ജീവിതകാലത്ത് യേശു പറഞ്ഞ വചനങ്ങളുടെ ഉൾപ്പൊരുളും ചെയ്ത അത്ഭുതങ്ങളുടെ രക്ഷാകര പ്രതീകാത്മകതയും ശിഷ്യന്മാർക്ക് വ്യക്തമാക്കപ്പെട്ടു.

ക്രിസ്തുവിന്റെ ഭൗതിക സാന്നിദ്ധ്യമില്ലാത്ത ആദ്യത്തെ ക്രൈസ്തവ സമൂഹം അവിടെ രൂപം കൊണ്ടു. “ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കും” (നട. 1:8) എന്നു പറഞ്ഞ് ലോകം മുഴുവനിലും രക്ഷയുടെ സദ്വാർത്ത അറിയിക്കുവാനുള്ള ദൗത്യം ശിഷ്യന്മാരെയും അവരിലൂടെ അവരുടെ പിൻഗാമികളെയും ക്രിസ്തു ഏൽപിച്ചു. പത്രോസിന്റെ നേതൃത്വത്തിലുള്ള ആദ്യ സഭാസമൂഹം അങ്ങനെ സുവിശേഷ പ്രഘോഷണത്തിൽ ക്രിസ്തുവിന്റെ തുടർച്ചയായി മാറി. പ്രേഷിത പ്രവർത്തനത്തിനുള്ള കടമ ശിഷ്യന്മാർക്കു മാത്രമല്ല അവരിലൂടെയും അവരോടുകൂടെയും പരിശുദ്ധാത്മാവിനെ സ്വീകരിച്ച എല്ലാവർക്കും ഉണ്ടെന്നുള്ള വസ്തുത ആദിമ സഭയിലൂടെ വ്യക്തമാക്കപ്പെട്ടു. തിരുസഭയിൽ മാമ്മോദീസ സ്വീകരിച്ച് അംഗങ്ങളാകുന്നവർ “സ്വഭാവത്താൽ തന്നെ” പ്രേഷിതരാണെന്ന് ഇത് തെളിയിക്കുന്നു. അത്തമായ പ്രേഷിത പ്രവർത്തനത്തിന്റെ പ്രസക്തിയും പ്രാധാന്യവും കടമയും ആദിമസഭയിലൂടെ വളരെ വ്യക്തമാക്കപ്പെടുന്നുണ്ട്.

“ഞാൻ നിങ്ങളോട് കല്പിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ” (മത്താ.28:20) പ്രവർത്തനത്തിലും പ്രബോധനത്തിലും ക്രിസ്തുവിനെ അനുധാവനം ചെയ്യുവാനുള്ള വ്യക്തമായ നിർദ്ദേശമാണ് ആദിമസഭയ്ക്ക് ലഭിച്ചത്.

“സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സർവ്വ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ....” (മത്താ. 28:18,19). പിതാവിന്റെ അധികാരം പുത്രനിലൂടെ തിരുസഭയ്ക്ക് കൈമാറുകയാണ്. അതുകൊണ്ട് പന്തക്കുസ്താ മുതൽ പ്രേഷിത പ്രവർത്തനത്തിനുള്ള അധികാരവും അവകാശവും തിരുസഭയ്ക്കാണ്. കാരണം തിരുസഭ സ്വഭാവത്താൽ തന്നെ പ്രേഷിതയാണ്. വേറൊരു വിധത്തിൽ പറഞ്ഞാൽ തിരുസഭ സ്ഥാപിക്കപ്പെട്ടത് പ്രേഷിത പ്രവർത്തനത്തിനുവേണ്ടിയാണ്. സഭ എവിടെയായിരുന്നാലും പ്രേഷിത പ്രവർത്തനത്തിലൂടെ മാത്രമേ നിലനിൽക്കാനാവൂ. പ്രേഷിതപ്രവർത്തനമാണ് സഭയെ സഭയാക്കുന്നത്. സ്ഥലകാല ഭാഷകൾക്കപ്പുറം യേശുവിന്റെ രക്ഷാകര സന്ദേശം പങ്കുവയ്ക്കുമ്പോഴാണ് സഭ തന്റെ അനന്യത സംരക്ഷിക്കുന്നത്. ഏകവും ശ്ലൈഹികവും സാർവ്വത്രികവും പരിശുദ്ധവുമായ സഭയെയാണ് ക്രിസ്തുനാഥൻ പ്രേഷിത പ്രവർത്തനം ഔദ്യോഗികമായി ഭരമേൽപ്പിച്ചിരിക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ, തിരുസഭയിലും തിരുസഭയിലൂടെയും മാത്രമേ പ്രേഷിത പ്രവർത്തനം ആധികാരികമായി നടത്താൻ സാധിക്കുകയുള്ളൂ.

ലോകത്തിൽ സഭയുടെ അതിപ്രധാനമായ സ്ഥാനത്തെ തിരിച്ചറിഞ്ഞെങ്കിൽ മാത്രമേ പ്രേഷിത പ്രവർത്തനത്തിൽ സഭയുടെ പങ്കിനെ നമുക്ക് വിലയിരുത്താനാവൂ. പിതാവയച്ച ആദ്യത്തെ പ്രേഷിതന്റെ പിൻതുടർച്ചാവകാശവും ഉടമസ്ഥതയും അധികാരവും ചരിത്രപരമായും വ്യക്തമായും കൈമാറിയിരിക്കുന്നത് തിരുസഭയ്ക്കാണ്. സുവിശേഷത്തിലെ ക്രിസ്തുവിനെ പ്രതിനിധീകരിക്കുവാനും ക്രിസ്തുവിന്റെ സുവിശേഷത്തെ അർത്ഥഭ്രംശംഭവിക്കാതെ ഓരോ കാലഘട്ടത്തിലും വിശദീകരിച്ചുകൊടുക്കുവാനും തിരുസഭയ്ക്കു മാത്രമേ സാധിക്കുകയുള്ളൂ. സാന്നിദ്ധ്യം കൊണ്ടും പ്രബോധനം കൊണ്ടും പ്രവർത്തനം കൊണ്ടും “ലോകാവസാനം വരെ” അദൃശ്യക്രിസ്തുസാന്നിദ്ധ്യത്തെ ലോകത്തിൽ ദൃശ്യമാക്കേണ്ട ചുമതലയാണ് സഭയ്ക്കുള്ളത്. പഠിപ്പിക്കുവാനുള്ള പരമാധികാരം സഭയ്ക്കാണ് നൽകിയിരിക്കുന്നത്. അതുകൊണ്ട് ലോകത്തിൽ എവിടെ പ്രേഷിതപ്രവർത്തനം നടന്നാലും അത് തിരുസഭയുടെ നാമത്തിലും തിരുസഭയുടെ അധികാരത്തിന് വിധേയപ്പെട്ടുമായിരിക്കണം. പത്രോസാകുന്ന ഉറച്ചപാറമേൽ പണുതുയർത്തിയ സഭ യുഗയുഗാന്തരങ്ങളിലൂടെ തന്റെ അനുയായികളെ പഠിപ്പിച്ച് അടിത്തറയിള

കാതെ കാത്തുസൂക്ഷിക്കാനാണ് സഭാ നേതൃത്വം ശ്രമിക്കുന്നത്. പ്രേഷിത പ്രവർത്തനത്തെക്കുറിച്ച് ഏറെ കരുതലുള്ള സഭ കാലാകാലങ്ങളിൽ നൽകിയ പ്രബോധനങ്ങൾ സഭാനുയായികൾക്ക് നേർവഴിയും ഉത്തേജനവും നൽകുന്നതാണ്. ഇങ്ങനെയുള്ള സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളെ വിശകലനം ചെയ്യുകയാണ് ഇനി വരുന്ന ലേഖനങ്ങളിലൂടെ. *(തുടരും)*

**ഫാ. ജോർജ്ജ് കിഴക്കേമുറി MCBS**
സുപ്പീരിയർ ജനറൽ

## പ്രേഷിതവർഷം - കർമ്മപദ്ധതി

### ഇടവകാതലം

1. 2011 ഓഗസ്റ്റ് 15 ന് ഉദ്ഘാടനം
2. സീറോ മലബാർ പ്രേഷിതവർഷം 2011 ഓഗസ്റ്റ് 15 – 2012 ഓഗസ്റ്റ് 15 എന്നെഴുതിയ ഫലകം മദ്ബഹയിൽ സ്ഥാപിക്കുക.
3. പ്രേഷിതവർഷ പ്രാർത്ഥന എല്ലാ ഭവനങ്ങളിലും ചൊല്ലുക. (പ്രാർത്ഥനാ കാർഡുകൾ കെ.സി.വൈ.എം. രൂപതാ ഓഫീസിൽ ലഭ്യമാണ്.)
4. ഇടവകയിൽ നിന്ന് ഒരു പ്രേഷിതവർഷ കോ–ഓഡിനേറ്ററെ തിരഞ്ഞെടുത്ത് രൂപതാ കേന്ദ്രത്തിൽ അറിയിക്കുക. കോ–ഓഡിനേറ്ററെ സഹായിക്കാനായി 5 അംഗ കമ്മിറ്റിയെ പാരീഷ് കൗൺസിലിൽ നിന്ന് തിരഞ്ഞെടുക്കുക.
5. ഇടവകയിൽനിന്ന് മിഷനിൽ പ്രവർത്തിക്കുന്ന വൈദിക–സന്യസ്തരുടെ പേരു വിവരങ്ങൾ ശേഖരിച്ച് രൂപതാ കേന്ദ്രത്തിൽ എത്തിക്കുക.
6. ഇടവകയിൽ നിന്ന് രൂപതയ്ക്ക് വെളിയിൽ ജോലി ചെയ്യുന്നവരെക്കുറിച്ചുള്ള സർവ്വേ നടത്തി ഇടവകകളിൽ സൂക്ഷിക്കുകയും ഒരു കോപ്പി രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുക.
7. ഇടവകയിൽ വാർഡ് കൂട്ടായ്മകൾ സംഘടിപ്പിക്കുക.
8. ദൈവവിളിക്കായി ആദ്യ വെള്ളിയാഴ്ചകളിൽ അല്ലെങ്കിൽ സൗകര്യപ്രദമായ ദിവസം ആരാധന നടത്തുക.
9. ഇടവകാതിർത്തികളിൽ ബൈബിൾ വിതരണം (താൽപര്യമുള്ള മറ്റ് മതസ്ഥർ ഉൾപ്പെടെ) ചെയ്യുക.
10. മിഷനറി ദിനം, മിഷൻസംഗമം എന്നിവ നടത്തുക. മിഷനിൽ സേവനം ചെയ്യുന്നവരെ ആദരിക്കുകയും ഫോട്ടോ അനാഛാദനം ചെയ്യുകയും ചെയ്യുക.
11. മിഷൻഗ്രാമത്തെ ദത്തെടുത്ത് വിവിധ സഹായങ്ങൾ ചെയ്യുക.
12. മിഷൻ ഗ്രാമത്തിന് പ്രാർത്ഥനാ സഹായങ്ങൾ ചെയ്യുക.

13. വസ്ത്രങ്ങൾ ശേഖരിച്ച് വിതരണം ചെയ്യുക.
14. കുടുംബങ്ങളിലും ദേവാലയങ്ങളിലും അഖണ്ഡ ബൈബിൾ വായന നടത്തി 1 വർഷംകൊണ്ട് പൂർത്തീകരിക്കുക.
15. ബൈബിൾ വാക്യ പഠനമത്സരങ്ങൾ, സമ്പൂർണ്ണ ബൈബിൾ ക്വിസ് മുതലായവ സംഘടിപ്പിക്കുക.
16. സംസ്ഥാന തലത്തിൽ നടക്കുന്ന മിഷൻ ക്വിസ്സിൽ ഇടവകയിലെ മുഴുവൻ ആളുകളെയും പങ്കെടുപ്പിക്കുക.
17. മിഷൻധ്യാനം, മിഷൻസെമിനാറുകൾ, മിഷൻസന്ധ്യ എന്നിവ സംഘടിപ്പിക്കുക.
18. മിഷൻലീഗിനെ സജീവമാക്കുക.
19. മിഷൻമാസാചരണം പൂർവ്വാധികം ഭംഗിയാക്കുക.
20. മിഷൻഗ്രാമ സന്ദർശനങ്ങൾ നടത്തുക.
21. മിഷൻ പ്രദേശത്ത് ഇടവകയിൽനിന്നുള്ള അല്മായർക്ക് സേവനം ചെയ്യാനുള്ള അവസരം നൽകുക.
22. അദ്ധ്യാപകരുടെ ടൂർ പ്രോഗ്രാം മിഷൻ ഗ്രാമത്തിലേയ്ക്ക് സംഘടിപ്പിക്കുക.
23. ഇടവകയിൽ ഒരു മിഷൻ ടീമിനെ പരിശീലിപ്പിക്കുക.
24. മിഷനിൽനിന്നുള്ള ആളുകളെ രൂപതയിലേയ്ക്കും ഇടവകയിലേയ്ക്കും ക്ഷണിക്കുക.
25. മിഷനെക്കുറിച്ച് ലഘുലേഖകൾ തയ്യാറാക്കുക.
26. മിഷനെക്കുറിച്ച് വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുക.
27. ഇടവകയിലെ കുടുംബങ്ങൾ മിഷനിലെ കുടുംബങ്ങളെ ദത്തെടുക്കുന്ന രീതി പ്രോത്സാഹിപ്പിക്കുക.
28. മിഷനിലെ സ്ഥാപനങ്ങളായ വൃദ്ധമന്ദിരങ്ങൾ അനാഥാലയങ്ങൾ എന്നിവയെ ദത്തെടുക്കുന്ന രീതി പ്രോത്സാഹിപ്പിക്കുക.
29. വാർഡ് പ്രാർത്ഥനയിൽ പ്രേഷിതവർഷത്തിന്റെ പ്രാധാന്യത്തെപ്പറ്റി ക്ലാസ്സെടുക്കുക.
30. ഇടവകാംഗങ്ങളെ മിഷൻപ്രദേശത്ത് കൊണ്ടുപോയി പ്രേഷിതാഭിമുഖ്യം വളർത്തുക. ഒരു ഇടവകയിൽ നിന്ന് 1 ഗ്രൂപ്പ് എങ്കിലും മിഷൻ പ്രദേശത്ത് പോയി എന്ന് ഉറപ്പ് വരുത്തുക.
31. മിഷൻ രൂപതകളെ സഹായിക്കാനായി ഒരു നിശ്ചിത ദിനം ഭവന സന്ദർശനം നടത്തി പിരിവെടുത്ത് രൂപതാ കേന്ദ്രത്തിൽ എത്തിക്കുക.

**ഫൊറോനാതലം**

1. ഇടവകകളിലെ കമ്മിറ്റി അംഗങ്ങൾക്കായി ഫൊറോനാതലത്തിൽ പ്രേഷിതവർഷ അവബോധ സെമിനാർ സംഘടിപ്പിക്കുക.

2. 8, 9 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ സംഗമം നടത്തി ദൈവ വിളി പ്രോത്സാഹിപ്പിക്കുക.
3. ഇടവകാതല കോ-ഓഡിനേറ്റർമാരെ വിളിച്ച് ചേർത്ത് ആവശ്യാനു സരണം നിർദ്ദേശങ്ങൾ നൽകുക.

**രൂപതാതലം**

1. ഓഗസ്റ്റ് 15-ന് അഭിവന്ദ്യ പിതാവ് കത്തീഡ്രലിൽ പ്രേഷിതവർഷം ഉദ്ഘാടനം ചെയ്യുന്നു.
2. മിഷൻകലണ്ടർ പുറത്തിറക്കുന്നു. (സി.എം.എൽ. രൂപതാ ഓഫീസിൽ ലഭ്യമാണ്.)
3. മിഷൻ ക്വിസ്സ് സംഘടിപ്പിക്കുന്നു.
4. ദൈവവിളിക്കായി ജാഗരണപ്രാർത്ഥന സീയോൻ ധ്യാനകേന്ദ്ര ത്തിന്റെ നേതൃത്വത്തിൽ.
5. മിഷൻ ഡിറക്ടറി - രൂപതയിലെ മുഴുവൻ മിഷനറിമാരെയും മിഷൻ രൂപതകളെയും ഉൾപ്പെടുത്തി പുറത്തിറക്കുക.
6. കുട്ടികളുടെ പ്രേഷിത സംഗമം - സി.എം.എൽ.
7. യുവജനപ്രേഷിത സംഗമം - കെ.സി.വൈ.എം.
8. മിഷൻഫെസ്റ്റ് - എക്സിബിഷൻ സംഘടിപ്പിക്കുക.
9. രൂപതയിൽനിന്നുള്ള മിഷൻപിതാക്കൻമാരെ ആദരിക്കലും അവരുടെ ഫോട്ടോ അനാഛാദനവും.
10. മിഷൻഗ്രാമ സന്ദർശനങ്ങൾ നടത്തുക.
11. രൂപതാ വൈദികർക്ക് മിഷനിൽ ജോലി ചെയ്യുവാൻ അവസരമൊരുക്കുക.
12. പ്രേഷിത വർഷാചരണ ചിലവിലേക്കായി 1 ഞായർ കളക്ഷൻ എടുത്ത് രൂപതാ കേന്ദ്രത്തിൽ എത്തിക്കുക.
13. മിഷന്റെ പ്രസക്തിയെ കുറിച്ച് ഭവനങ്ങളിൽ നൽകുന്നതിനായി ലഘു ലേഖ തയ്യാറാക്കി ഇടവകയിൽ എത്തിക്കുന്നു.
14. മിഷൻ പ്രദേശത്ത് സഹായങ്ങൾ എത്തിക്കാനായി ഒരു ഗ്രൂപ്പിനെ തയ്യാറാക്കുക.
15. രൂപതാ ബുള്ളറ്റിനിൽ ഇടവകാതല പ്രേഷിതവർഷാചരണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക.
16. മിഷൻസന്ധ്യകൾ സംഘടിപ്പിക്കുക.
17. വിവിധ സന്യാസസമൂഹങ്ങളുടെ നേതൃത്വത്തിൽ മിഷനുമായി ബന്ധപ്പെട്ട കോഴ്സുകൾ സിസ്റ്റേഴ്സിനായ് സംഘടിപ്പിക്കുക.

നമ്മുടെ മിഷൻ രൂപത - മണ്ഡ്യ, ഭദ്രാവതി

## Mission Year Anthem

തിരുവചനം ജീവിച്ചിന്ന് സാക്ഷ്യമേകിടാം
മാർതോമാ തെളിച്ചനാളം പകർന്നു നൽകീടാം
യേശുവിനെ അറിയാത്തവരായേറെയുണ്ടിനിയും
രക്ഷകന്റെ നാമമൊന്നായ് നമുക്കുഘോഷിക്കാം

വന്നുപ്രേഷിതവർഷം വീണ്ടും മാറ്റൊലി കൊൾവൂ
ഭാരതമേ, നിൻ രക്ഷ നിന്നുടെ സുതരിൽ
ഉണരൂ പ്രേഷിത ജനമേ, പാടാം ഒരു മനമോടെ
ഭാരതമേ, നിൻ രക്ഷ നിന്നുടെ സുതരിൽ

നമുക്കുമവനോടൊപ്പം പോയി മരിക്കാം പ്രിയരെ
നാഥനയച്ച പ്രേഷിതർ നമ്മൾ മാറിടുമീ ലോകത്തിൽ
പീഠം തന്നിൽ ദീപമായി തെളിയാംനിത്യവും
നൂറുമേനി വിളവുകളെങ്ങും നേടാം നാഥനായ്
(വന്നുപ്രേഷിതവർഷം......)

സേവനവഴിയിൽ നിത്യം സോദരഭാവമൊടൊന്നായ്
വേലചെയ്യും ജീവിതശൈലി നമുക്കു കൈമുതലാക്കാം
തിരുസഭാഗാത്രം പടുത്തുയർത്താനെങ്ങും പോയിടാം
ഏകരക്ഷകനിടയനിലഖിലം ചേർക്കാം മോദമായ്
(വന്നുപ്രേഷിതവർഷം......)

മുള്ളുകൾ നിറയും വഴിയിൽ സർവ്വം ത്യജിച്ച് നീങ്ങും
പ്രേഷിതർക്കായ് തിരുസന്നിധിയിൽ നിത്യം അഞ്ജലി കൂപ്പാം
ചോരചിന്തിയ പ്രേഷിതരെയിന്നോർക്കാം സാദരം
വരങ്ങളേകും വിളവിൻ നാഥനെ വാഴ്ത്താം താഴ്മയായ്
(വന്നുപ്രേഷിതവർഷം......)

NB:- ഈ ഗാനത്തിന്റെ CD ആവശ്യമുള്ളവർ KCYM ഓഫീസുമായി ബന്ധപ്പെടുക

**പ്രേഷിതവർഷം - കേളകം ഇടവകയിൽ**

പ്രേഷിതവർഷാചരണത്തിന്റെ ഭാഗമായി അദിലാബാദ് രൂപതയിൽ സേവനം ചെയ്തുകൊണ്ടിരിക്കുന്ന റവ.ഫാ. ജെയിംസ് തുണ്ടിയിലിനെ (CMI) ക്ഷണിച്ചുവരുത്തി വി. കുർബാന അർപ്പിക്കുകയും പ്രേഷിതാനുഭവം പങ്കുവയ്ക്കുകയും ചെയ്തു.

**ഫാ. ടോമി പുത്തൻപുരയ്ക്കൽ**
പ്രേഷിതവർഷം രൂപതാ കോർഡിനേറ്റർ

## മതബോധനരംഗം

### പാദവാർഷിക പരീക്ഷാഫലം

കുട്ടികളുടെ പാദവാർഷികപരീക്ഷയുടെ ഫലം അധ്യാപകർ സ്റ്റാഫ് മീറ്റിംഗിൽ വിലയിരുത്തുകയും കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ. കുറവുകൾ തിരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ദൈവവചനത്തിലും കൂദാശാബന്ധിതമായ ജീവിതത്തിലും അടിയുറച്ച ക്രിസ്തീയജീവിതം പടുത്തുയർത്തുവാൻ കുട്ടികളെ ഒരുക്കുന്നതിൽ അധ്യാപകർ നിതാന്തജാഗ്രത പുലർത്തണം.

### അധ്യാപകരുടെ രൂപതാ കൺവെൻഷൻ

നമ്മുടെ രൂപതയിലെ 15 വർഷം മുതൽ മുകളിലേക്ക് മതാധ്യാപകരംഗത്ത് സേവനമനുഷ്ഠിക്കുന്ന അത്മായ അധ്യാപകരുടെ രൂപതാ കൺവെൻഷൻ ഒക്ടോബർ 30-ന് നടത്തുന്നു. രാവിലെ 9 മണിക്ക് ആരംഭിക്കുന്ന കൺവെൻഷൻ വൈകുന്നേരം 3.45 ന് അവസാനിക്കും. പങ്കെടുക്കേണ്ടവർ കൃത്യസമയത്ത് എത്തിച്ചേരുമല്ലോ. വിശദവിവരങ്ങൾ കത്തുവഴി അറിയിക്കും.

### ബൈബിൾ നേഴ്സറി

ഈ വർഷം നമ്മുടെ രൂപതയിൽ എല്ലാ ഇടവകയിലും ഒക്ടോബർ മാസം മുതൽ ബൈബിൾ നേഴ്സറി ആരംഭിക്കുവാൻ തീരുമാനിച്ചിരുന്നുവല്ലോ. ഇതിനോടകം ചില ഇടവകകളിൽ ആരംഭിച്ചുകഴിഞ്ഞു. അവരെ പ്രത്യേകം അനുമോദിക്കുന്നു. അടുത്ത അധ്യയനവർഷം 1-ാം ക്ലാസ്സിലേക്ക് വരേണ്ട കുട്ടികളെയാണ് ബൈബിൾ നേഴ്സറിയിൽ ചേർക്കേണ്ടത്. ബൈബിൾ നേഴ്സറിയിൽ പഠിപ്പിക്കുവാൻ ഉപയോഗിക്കാവുന്ന പുസ്തകം നമ്മുടെ ബുക്സ്റ്റാളിൽ ഉണ്ട്.

### Plus Two കുട്ടികളുടെ പഠനസംഗമം

പയ്യമ്പള്ളി ഫൊറോനയിലെ Plus Two കുട്ടികളുടെ പഠനസംഗമം

പയ്യമ്പള്ളി പള്ളിയിൽ സംഘടിപ്പിച്ചു. ഫൊറോന മതബോധന ഡയറക്ടർ ബഹു. ശാന്തിദാസച്ചനും ഫൊറോന ടീം അംഗങ്ങൾക്കും, ഫൊറോന വികാരി ബഹു. ജോസ് മുണ്ടയ്ക്കലച്ചൻ, അസി. വികാരി ബഹു. മാത്യു കറുത്തേടത്തച്ചൻ എന്നിവർക്കും, രൂപതാ ടീം അംഗങ്ങൾക്കും ഏറെ നന്ദി.

### മാതാപിതാക്കൾക്ക് സെമിനാർ

കൽപ്ര ഇടവകയിലെ മാതാപിതാക്കൾക്കുള്ള സെമിനാറിൽ ശ്രീ.തോമസ് ഏറണാട്ട് ക്ലാസ്സുകൾ നയിച്ചു. വികാരി ബഹു. കുര്യൻ വാഴയിലച്ചന് പ്രത്യേകം നന്ദി.

### വിശ്വാസോത്സവം

നവംബർ 12, 13 തീയതികളിൽ കുട്ടികളുടെ വിശ്വാസോത്സവം നടത്തുന്ന കാര്യം ശ്രദ്ധിക്കുമല്ലോ. അധ്യാപകരും കുട്ടികളും അതിനായി മുൻകൂട്ടി ഒരുങ്ങണം. പ്രേഷിതവർഷാചരണവുമായി ബന്ധപ്പെട്ട വിഷയമാണ് ഈ വർഷത്തെ വിശ്വാസോത്സവത്തിലൂടെ പഠനവിഷയമാക്കുന്നതും പ്രാവർത്തികമാക്കേണ്ടതും.

### ഫൊറോന വാർത്തകൾ

### മതാധ്യാപക സംഗമം 2011 - മണിമൂളി

മണിമൂളി ഫൊറോനാ മതാധ്യാപക സംഗമം 2011 ആഗസ്റ്റ് 30-ന് മണിമൂളി റീജണൽ പാസ്റ്ററൽ സെന്ററിൽ വെച്ചു നടത്തി. രാവിലെ 9.30 ന് രജിസ്ട്രേഷനോടെ ആരംഭിച്ചു. 9.45 ന് മേഖലാ മതബോധന ഡയറക്ടർ ബഹു. സണ്ണി കൊല്ലാർതോട്ടം അച്ചൻ ദിവ്യബലി അർപ്പിച്ചു. ബലി മധ്യേ നൽകിയ സന്ദേശത്തിൽ ഓരോ മതാധ്യാപകനും ഉറ നഷ്ടപ്പെടാത്ത ഉപ്പും മലമുകളിൽ പ്രകാശിക്കുന്ന ദീപവുമാകാൻ ഉദ്ബോധിപ്പിച്ചു. 11 മണിയ്ക്ക് താമരശ്ശേരി മരിയൻ പ്രോ ലൈഫ് ടീമംഗമായ ശ്രീ. ജോൺസൺ പൂവ്വത്തുങ്കൽ സാർ "വിശ്വാസം ജീവന്റെ സംരക്ഷണത്തിന്" എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സെടുത്തു. ജീവന്റെ സംരക്ഷണത്തിൽ ക്രൈസ്തവർ സ്വീകരിക്കുന്ന നിഷേധ നിലപാടുകൾക്കെതിരെ ശക്തമായി പ്രതികരിക്കുവാൻ സാർ കണക്കുകളുടെ വെളിച്ചത്തിൽ ആഹ്വാനം ചെയ്തു. ഓരോ അധ്യാപകനും തന്റെ ജീവിതത്തിൽ ജീവന്റെ സംരക്ഷകരാകണം. മേഖലാ ടീമംഗമായ ശ്രീ. ജോസ് താന്നിക്കൽ ജോൺസൺ സാറിന് നന്ദി പറഞ്ഞു.

12.30 ന് പൊതുസമ്മേളനം ആരംഭിച്ചു. മണിമൂളി-നിലമ്പൂർ റീജണൽ സിഞ്ചെല്ലൂസ് ബഹു. ജോസ് തേക്കനാടിയച്ചൻ സമ്മേളനം

ഉദ്ഘാടനം ചെയ്തു. മേഖല ഡയറക്ടർ ബഹു. സണ്ണിയച്ചൻ അദ്ധ്യക്ഷത വഹിച്ചു. മേഖല സെക്രട്ടറി പോൾ മുട്ടംതോട്ടിൽ എല്ലാവർക്കും സ്വാഗതം പറഞ്ഞു. ശ്രീ. പി.എ. ജോസഫ് ആലുങ്കൽ (H. M സെന്റ് സെബാസ്റ്റ്യൻസ് സൺഡേസ്കൂൾ പാലാങ്കര) ശ്രീമതി ഷൈനി കുളങ്ങര – (സെന്റ് മേരീസ് സൺഡേസ്കൂൾ തലഞ്ഞി) എന്നിവർ ആശംസകളർപ്പിച്ചു. സി. നവ്യ തെരേസ് SH മണിമൂളി ഗാനമാലപിച്ചു. മുൻ അധ്യയന വർഷത്തിൽ മേഖലയിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയ സെന്റ് ജോസഫ്സ് സൺഡേസ്കൂൾ – നരിവാലമുണ്ട, സെന്റ് മേരീസ് സൺഡേ സ്കൂൾ – പാതിരിപ്പാടം, സെന്റ് തോമസ് സൺഡേ സ്കൂൾ – പാലേമാട് എന്നിവർക്ക് ട്രോഫിയും മെമന്റോയും സമ്മാനിച്ചു. രൂപതാ വാർഷിക പരീക്ഷകളിൽ മേഖലയിൽ ഒന്നും രണ്ടും സ്ഥാനം നേടിയ വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ നൽകി. 25 വർഷത്തെ സേവനം പൂർത്തിയാക്കിയ ശ്രീ. സണ്ണി ചാലായിൽ സാറിന് (നരിവാലമുണ്ട) ഉപഹാരം നൽകി ആദരിച്ചു. ശ്രീ. സണ്ണി സാറിന്റെ മറുപടി പ്രസംഗത്തിനുശേഷം ശ്രീ. ജോസ് സാർ എല്ലാവർക്കും നന്ദി പറഞ്ഞു. തുടർന്ന് രൂപതാ ഗാനത്തോടെ സമ്മേളനം അവസാനിച്ചു.

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ബൈബിൾ അപ്പോസ്തലേറ്റ്

ലോഗോസ് ക്വിസിന്റെ രൂപതാതല പരീക്ഷ സെപ്റ്റംബർ 25-ാം തീയതി ഞായറാഴ്ച ഭംഗിയായി നടന്നുവെന്ന് പ്രതീക്ഷിക്കുന്നു. ഈ വർഷത്തെ ലോഗോസ് ക്വിസിൽ ഭാഗഭാക്കായ എല്ലാ അംഗങ്ങളെയും, വൈദികരെയും, സമർപ്പിതരെയും, മതാധ്യാപകരെയും, എല്ലാ സംഘടനാംഗങ്ങളെയും, മാതൃസംഘാംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

**മാനന്തവാടി ഫൊറോന**

ലോഗോസ് ക്വിസ് 2011 ന്റെ ഒരുക്കമായിട്ട് മാനന്തവാടി മേഖലയിലെ 18 ശാഖകളേയും ഉൾക്കൊള്ളിച്ചുകൊണ്ട് ജൂലൈ 31-ന് ലോഗോസ് ക്വിസ് മത്സരം നടത്തുകയുണ്ടായി. മേഖല ഡയറക്ടർ ബഹു. തോമസ് മണക്കുന്നേലച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ഈ മത്സരത്തിൽ എ, ബി, സി, ഡി, ഇ. എന്നീ വിഭാഗങ്ങളിലായി 1737 പേർ പങ്കെടുത്തു. ഓരോ വിഭാഗത്തിലും ഒന്നും രണ്ടും സ്ഥാനം നേടിയവർക്ക് ക്യാഷ് അവാർഡ് 20-ന് പോരൂർ പള്ളിയിൽ വെച്ച് ചേർന്ന മേഖല ജനറൽബോഡിയോഗത്തിൽ രൂപതാ ഡയറക്ടർ റവ.ഫാ. ഡെന്നീസ് കഴുതാടിയിൽ നൽകി.

**സമ്മാനാർഹരായവർ**

**എ. വിഭാഗം:**

| | | | |
|---|---|---|---|
| I | അഞ്ജു മോളത്ത് | - | വലിയകൊല്ലി |
| II | എയ്ഞ്ചൽ പീക്കുന്നേൽ | - | പ്രശാന്തഗിരി |
| II | അന്നമ്മ കാഞ്ഞിരംമൂട്ടിൽ | - | കണിയാരം |

**ബി. വിഭാഗം:**

| | | |
|---|---|---|
| I | സച്ചിൻ മറ്റത്തിലാനിക്കൽ | - പോരൂർ |
| II | ഉഷസ് വടക്കേടത്ത്പുത്തൻപുര | - പ്രശാന്തഗിരി |
| II | ജെസ്ന തെങ്ങട | - പാറത്തോട്ടം |

**സി. വിഭാഗം:**

| | | |
|---|---|---|
| I | ആശ ഏറത്ത്മലയിൽ | - പോരൂർ |
| II | ഷൈനി തുമ്പിയാംകുഴി | - പോരൂർ |

**ഡി വിഭാഗം:**

| | | |
|---|---|---|
| I | ലില്ലി മറ്റത്തിലാനിക്കൽ | - പോരൂർ |
| II | വിൽസൺ ഓലിമലയിൽ | - പോരൂർ |

പ്രോത്സാഹന സമ്മാനം - മേരി മാണിയാവിൽ - പ്രശാന്തഗിരി

**ഇ. വിഭാഗം:**

| | | |
|---|---|---|
| I | ഫിലോമിന മഠത്തിപ്പറമ്പിൽ | - പോരൂർ |
| II | മേരി നടാംങ്കം | - തലപ്പുഴ |

വിജയികൾക്കും ഇവരെ ഒരുക്കിവിട്ട വികാരിയച്ചൻമാർക്കും ഇടവകയ്ക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നതോടൊപ്പം ഈ പരിപാടിയുടെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവർക്കും ഹൃദയംനിറഞ്ഞ നന്ദി അറിയിക്കുന്നു.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**

ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് അംഗങ്ങളെ,

നമ്മെ സംബന്ധിച്ച് ഒത്തിരിയേറെ പ്രാധാന്യമേറിയ മാസമാണിത്. വി. കൊച്ചുത്രേസ്യായുടെ തിരുനാൾ നാം ആഘോഷിക്കുന്നു. വിശുദ്ധയുടെ മാതൃക നമുക്ക് പിഞ്ചെല്ലാം. വി. കൊച്ചുത്രേസ്യാ പറയുന്നുണ്ട് “മൂന്നാമത്തെ വയസ്സുമുതൽ എന്റെ ദൈവത്തിന് യാതൊന്നും ഞാൻ നിഷേധിച്ചിട്ടില്ല” നമുക്കും വി. കൊച്ചുത്രേസ്യായെപ്പോലെ നമ്മുടെ ജീവിതം മുഴുവൻ നല്ലവനായ ദൈവത്തിന് നൽകാം. ഈ പ്രേഷിതവർഷത്തിൽ നമ്മുടെ ശാഖയിലെ മിഷൻ മാസാചരണം കൂടുതൽ നല്ലതാകുവാൻ പരിശ്രമിക്കുമല്ലോ. ജപമാലഭക്തിയിൽ ആഴപ്പെടുന്ന ഈ മാസം മിഷൻമാസ പരിപാടികളെല്ലാം കൂടുതൽ പ്രാർത്ഥനാചൈതന്യത്തോടെ ക്രമീകരിക്കാൻ നമുക്ക് സാധിക്കട്ടെ.

മത്സരങ്ങളുടെ സമയമാണിത്. മിഷൻലീഗിലും സ്കൂളുകളിലുമൊക്കെ നിരവധി മത്സരങ്ങൾ. വിജയവും പരാജയവും മത്സരങ്ങളുടെ ഭാഗമാണ്. വിജയപരാജയങ്ങളെ സമചിത്തതയോടെ അഭിമുഖീകരിക്കുവാൻ നമുക്ക് സാധിക്കണം. വ്യക്തിത്വവികസനത്തിന്റെ ഭാഗമായി ക്രമീകരിക്കുന്ന മത്സരങ്ങൾക്ക് അതിന്റേതായ പ്രാധാന്യം കൊടുക്കുകയും വേണം. എല്ലാവിധ ആശംസകളും നേർന്നുകൊണ്ട്

ഒത്തിരി സ്നേഹത്തോടെ,

**സോണിയച്ചൻ**

**രൂപതാ ബൈബിൾകലോത്സവവും വാർഷികവും - ഒക്ടോബർ 8-ന്**

മിഷൻലീഗ് അംഗങ്ങളുടെ വ്യക്തിത്വവികസനം ലക്ഷ്യമാക്കി തങ്ങളുടെ സർഗ്ഗശേഷി കണ്ടെത്തുവാനും വളർത്തുവാനുമായി സംഘ

ടിപ്പിക്കുന്ന ബൈബിൾ കലോത്സവവും വാർഷികവും ഒക്ടോബർ 8-ന് ശനിയാഴ്ച ദ്വാരക സേക്രട്ട് ഹാർട്ട് ഹയർസെക്കണ്ടറി സ്കൂളിൽ നടത്തപ്പെടുകയാണ്. 12 മേഖലകളിലും മത്സരം കഴിഞ്ഞ് ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവരാണ് രൂപതാ മത്സരത്തിൽ പങ്കെടുക്കേണ്ടത്. മത്സരത്തിൽ പങ്കെടുക്കുന്നവർ നന്നായി പരിശീലിച്ച് രൂപതാ മത്സരത്തിൽ പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു. സബ്ജൂണിയർ, ജൂണിയർ വിഭാഗത്തിൽ മത്സരിക്കുന്നവരെ പ്രത്യേക പരിശീലനങ്ങൾ നടത്താൻ ശാഖാഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ, മത്സരങ്ങൾ രാവിലെ 9.30 ന് ആരംഭിക്കുന്നതാണ്. പന്ത്രണ്ട് സ്റ്റേജുകളിൽ നടക്കുന്ന മത്സരങ്ങളിൽ കൃത്യസമയത്ത് തന്നെ എത്തേണ്ടതാണ്. ബൈബിൾ കലോത്സവത്തിലേക്ക് ശാഖാ മേഖലാ ഭാരവാഹികളെ പ്രത്യേകം ക്ഷണിക്കുന്നു.

**സംസ്ഥാന കൗൺസിലും വാർഷികവും**

ഈ പ്രവർത്തനവർഷത്തെ സംസ്ഥാനകൗൺസിലും വാർഷികവും നമ്മുടെ രൂപതയിൽ വെച്ചാണ് നടത്തപ്പെടുന്നത്. ഒക്ടോബർ 26-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തുന്ന സംസ്ഥാന കൗൺസിൽ മാനന്തവാടി രൂപതാ മെത്രാൻ മാർ ജോസ് പൊരുന്നേടം ഉദ്ഘാടനം ചെയ്യും. സംസ്ഥാന ദേശീയ നേതാക്കൾ പങ്കെടുക്കുന്ന കൗൺസിലിൽ രൂപതയിലെ മുഴുവൻ മേഖലാ ഭാരവാഹികളേയും പ്രത്യേകം ക്ഷണിക്കുന്നു.

**മിഷൻമാസം സമാഗതമായി**

പ്രേഷിതവർഷത്തിൽ മിഷൻലീഗിന് ഒക്ടോബർമാസം വളരെ പ്രാധാന്യമുള്ളതാണ്. മിഷൻമാസ പ്രവർത്തനങ്ങൾ മുൻകൂട്ടി ആലോചിച്ച് ക്രമപ്പെടുത്താൻ ശാഖാഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**മിഷൻമാസ പ്രവർത്തനങ്ങൾക്ക് ഒരു ചൂണ്ടുപലക**

വിവിധ ദിനാചരണങ്ങൾ:- മാതൃദിനം, പിതൃദിനം, ശിശുദിനം, യുവജനദിനം, വൃദ്ധദിനം, വിദ്യാർത്ഥിദിനം etc.

ശുചീകരണപ്രവർത്തനങ്ങൾ:- ദേവാലയപരിസരം, സിമിത്തേരി, ആശുപത്രികൾ, ബസ്സ്റ്റാന്റ്, പൊതുസ്ഥലങ്ങൾ

അനുസ്മരണദിനങ്ങൾ:- വിശുദ്ധർ, മരണമടഞ്ഞ മിഷൻലീഗ് അംഗങ്ങൾ

പ്രാർത്ഥനകൾ:- ആരാധന, ജപമാല

സന്ദർശനങ്ങൾ:- സിമിത്തേരി, ആശുപത്രികൾ, അനാഥാലയങ്ങൾ, വൃദ്ധമന്ദിരങ്ങൾ, ജയിലുകൾ, മിഷൻകേന്ദ്രങ്ങൾ...

പൊതുസമ്മേളനങ്ങൾ:- മത്സരങ്ങൾ, കലാപരിപാടികൾ, സമ്മാനദാനം, ആദരിക്കൽ

പ്രയാണങ്ങൾ:- വിശുദ്ധരുടെ ഛായാചിത്രങ്ങൾ, മിഷൻപതാക

മിഷൻഞായർ:- മിഷൻറാലി, മിഷൻസംഗമം, കലാപരിപാടികൾ, ഫണ്ട്സ്വരൂപണം, മിഷൻഞായർ പിരിവ്, പൊതുപണികൾ

- വിവിധ മിഷൻകേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന മിഷനറിമാരെ സമർപ്പിച്ചു പ്രാർത്ഥിക്കുക, ആശംസാ സന്ദേശങ്ങൾ അയയ്ക്കുക.
- മിഷൻ പ്രദേശങ്ങളിൽ ജോലി ചെയ്യുന്നവരുടെ ചിത്രം ശേഖരിച്ച് ആൽബം നിർമ്മിക്കുക.
- ഇടവകയിലെ ജപമാലമാസ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുക.
- മാനുവൽ ബുക്കിലെ സുകൃതങ്ങൾ, മിഷൻഗ്രാമങ്ങൾക്ക് അയച്ചു കൊടുക്കുക.
- തീർത്ഥാടനങ്ങൾ
- പ്രകൃതിപഠന ക്യാമ്പുകൾ
- പ്രായമായവരേയും രോഗികളേയും ദേവാലയത്തിൽ കൊണ്ടുവന്ന് വി.കുർബാന, കുമ്പസാരം എന്നീ കൂദാശകൾ സ്വീകരിക്കാൻ ഒരുക്കുക.
- ജപമാല പ്രദക്ഷിണം
- ശാഖകളിൽ പതാക ഉയർത്തൽ
- പൊതുസ്ഥലങ്ങൾ, വീടുകൾ എന്നിവയിൽ മിഷൻപതാക ഉയർത്തുക
- മിഷൻ സന്ദേശം നോട്ടീസ് ബോർഡിൽ പതിപ്പിക്കുക.

**ഒക്ടോബർ - ഓർമ്മിക്കാൻ**

1 - വി. കൊച്ചുത്രേസ്യായുടെ തിരുനാൾ, മിഷൻമാസാരംഭം, ശാഖകളിൽ പതാക ഉയർത്തൽ, പൊതുദിവ്യകാരുണ്യ സ്വീകരണം.

2 - കാവൽ മാലാഖയുടെ തിരുനാൾ

3 - ചെറുപുഷ്പ മിഷൻലീഗ് സ്ഥാപകദിനം

4 - വി. ഫ്രാൻസീസ് അസീസിയുടെ തിരുനാൾ

6 - ജപമാല രാജ്ഞിയുടെ തിരുനാൾ

7 - അംഗത്വ സ്വീകരണം, നവീകരണം

22 - മിഷൻപിരിവ്, ശാഖകളിൽ ഭവനസന്ദർശനം നടത്തി മിഷൻ സന്ദേശം നൽകുക.

23 - മിഷൻ ഞായർ, പൊതുദിവ്യകാരുണ്യ സ്വീകരണം, പ്രേഷിതറാലി

**മിഷൻമാസ റിപ്പോർട്ടും വിഹിതവും**

മിഷൻമാസ പ്രവർത്തനങ്ങൾ കൃത്യമായി റിപ്പോർട്ടാക്കി അടുത്തമാസം 10-നു മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. മിഷൻ വിഹിതവും എത്രയും പെട്ടെന്ന് തന്നെ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**പ്രേഷിത് - 2011**

ശാഖാസന്ദർശനവും സെമിനാറും മാനന്തവാടി, തരിയോട്, നടവയൽ മേഖലകളിൽ നടന്നു. രഞ്ജിത്ത് മുതുപ്ലാക്കൽ, ഫാ.സോണി വടയാപറമ്പിൽ, സി. ലിസ SKD, സജി വേങ്ങത്തടത്തിൽ, ഷിൽസൺ കോക്കണ്ടത്തിൽ, സി. വിനീത SH, സി. തെരേസ് SABS, ജോസ് മുണ്ടിയാനി, ബിനീഷ് തുമ്പിയാംകുഴി, സി. ഡാനിമരിയ SABS, സജി തറപ്പുതൊട്ടിയിൽ എന്നിവർ നേതൃത്വം നൽകി. സന്ദർശനത്തിന് സഹായിച്ച ടീം അംഗങ്ങൾക്കും ക്രമീകരണങ്ങൾ ചെയ്ത ഡയറക്ടറച്ചന്മാർക്കും ശാഖാഭാരവാഹികൾക്കും രൂപതാസമിതിയുടെ നന്ദി അറിയിക്കുന്നു.

**മേഖലാ പ്രസിഡന്റ്, സെക്രട്ടറിമീറ്റിംഗ്**

മേഖലാ പ്രസിഡന്റ്, സെക്രട്ടറി മീറ്റിംഗ് ഒക്ടോബർ 1-ന് രാവിലെ 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നു. പ്രസ്തുത മീറ്റിംഗിൽ മേഖലാ പ്രസിഡന്റ് സെക്രട്ടറിമാർ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**രൂപതാ ടീം മീറ്റിംഗ്**

രൂപതാ പ്രവർത്തനങ്ങൾക്ക് കരുത്തുപകരുന്ന രൂപതാ ടീം അംഗങ്ങളുടെ മീറ്റിംഗ് ഒക്ടോബർ 7-ന് വൈകുന്നേരം ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നു. മീറ്റിംഗിൽ എല്ലാ ടീം അംഗങ്ങളും നിർബന്ധമായും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സാഹിത്യ ശിൽപ്പശാല**

സംസ്ഥാന സാഹിത്യ മത്സരത്തിൽ പങ്കെടുക്കാൻ അർഹത നേടിയവർക്കുവേണ്ടി സെപ്റ്റംബർ 20-ന് സാഹിത്യ ശിൽപ്പശാല സംഘടിപ്പിച്ചു. ജോൺസൻ വടക്കേക്കര, ഷാജി ചന്ദനപ്പറമ്പിൽ, റോയിസൻ എന്നിവർ ശിൽപ്പശാലയ്ക്ക് ക്ലാസെടുത്തു.

**സംസ്ഥാന സാഹിത്യമത്സരം**

സെപ്റ്റംബർ 21-ന് ദ്വാരക A.U.P. സ്കൂളിൽ വെച്ച് സംസ്ഥാന സാഹിത്യമത്സരം നടന്നു. സംസ്ഥാന എക്സിക്യൂട്ടീവ് അംഗം റിന്റു സാഹിത്യമത്സരത്തിന് നേതൃത്വം നൽകി.

**മേഖലാ കലാമത്സരങ്ങൾ**

രൂപതയിലെ 12 മേഖലകളിലും കലാമത്സരങ്ങൾ വിജയകരമായി പൂർത്തിയാക്കി. മത്സരങ്ങൾ നന്നായി നടത്തിയ മേഖലാ ഡയറക്ടറച്ചൻമാർക്കും മേഖലാ ഭാരവാഹികൾക്കും രൂപതാ സമിതിയുടെ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**രൂപതാ സാഹിത്യമത്സര വിജയികൾ**

**ജൂണിയർ - ആൺകുട്ടികൾ - ചെറുകഥ**

| | | | | |
|---|---|---|---|---|
| I | അമൽ കൊല്ലംപറമ്പിൽ | A | പാതിരിപ്പാടം | മണിമൂളി |
| II | അജി കാട്ടിപ്പറമ്പിൽ | A | മുതിരേരി | മാനന്തവാടി |
| III | ജിതിൻ നീറാമ്പുഴ | A | നെടുംമ്പാല | കൽപ്പറ്റ |

**പെൺകുട്ടികൾ - ചെറുകഥ**

| | | | | |
|---|---|---|---|---|
| I | ജാസ്മിൻ കച്ചിറയിൽ | A | കല്ലുവയൽ | നടവയൽ |
| II | നീനു പുന്നോലികുന്നേൽ | A | പൂളപ്പാടം | നിലമ്പൂർ |
| III | അഖിൽമരിയ ഉപ്പുവീട്ടിൽ | A | ബത്തേരി | ബത്തേരി |

**ആൺകുട്ടികൾ - കവിത**

| | | | | |
|---|---|---|---|---|
| I | ജിവിൽ എടത്തട്ടേൽ | A | ടൗൺചർച്ച് | മാനന്തവാടി |
| II | ആമോദ് കല്ലറയ്ക്കൽ | A | ആറാട്ടുതറ | പയ്യംമ്പള്ളി |
| III | ക്രിസ്റ്റി പഴംമ്പള്ളി | A | മീനങ്ങാടി | ബത്തേരി |

**പെൺകുട്ടികൾ - കവിത**

| | | | | |
|---|---|---|---|---|
| I | അഞ്ജു കൂട്ടുങ്കൽ | A | ആടിക്കൊല്ലി | പുൽപ്പള്ളി |
| II | ചെൽസ്യാ നരിക്കുന്നേൽ | A | കേണിച്ചിറ | നടവയൽ |
| III | ആൽഫി ഓണിശേരിയിൽ | A | തൃശ്ശിലേരി | പയ്യംമ്പള്ളി |

**ആൺകുട്ടികൾ - ഉപന്യാസം**

| | | | | |
|---|---|---|---|---|
| I | ബിജോ പൂവത്തോലിക്കുഴി | A | ചുങ്കക്കുന്ന് | കൊട്ടിയൂർ |
| II | ആൽബിൻ വെള്ളാരംകുന്നേൽ | A | കാവുംമന്ദം | തരിയോട് |
| III | സച്ചിൻ വടക്കുംകര | B | ബെക്കി | നീലഗിരി |

**പെൺകുട്ടികൾ - ഉപന്യാസം**

| | | | | |
|---|---|---|---|---|
| I | ആഗ്നസ് അഴകനാൽ | A | നെടുംമ്പാല | കൽപ്പറ്റ |
| II | ജാസ്മിൻ കുര്യാൻപറമ്പിൽ | A | പാതിരിപ്പാടം | മണിമൂളി |
| III | അഞ്ജുഷ പാട്ടപ്പറമ്പിൽ | A | അമ്പായത്തോട് | കൊട്ടിയൂർ |
| III | ത്രേസ്യ ഇയ്യാലിൽ | A | മീനങ്ങാടി | ബത്തേരി |

**സീനിയർ - ആൺകുട്ടികൾ - ചെറുകഥ**

| | | | | |
|---|---|---|---|---|
| I | ജോർജ് ഇടിമണ്ണിയ്ക്കൽ | A | മണിമൂളി | മണിമൂളി |
| II | ഷിന്റോ പടിഞ്ഞാറയിൽ | A | ആലാറ്റിൽ | മാനന്തവാടി |
| III | ജോമോൻ പാലയ്ക്കാപ്പറമ്പിൽ | A | നെടുമ്പാല | കൽപ്പറ്റ |

**പെൺകുട്ടികൾ – ചെറുകഥ**

| | | | | |
|---|---|---|---|---|
| I | രേഷ്മ കുഴികണ്ടത്തിൽ | A | മുട്ടിയേൽ | നിലമ്പൂർ |
| II | ബെറ്റ്സി നെല്ലിക്കുന്നേൽ | A | ആലാറ്റിൽ | മാനന്തവാടി |
| III | അസൂന്ത ചക്കുപുരയ്ക്കൽ | A | പാതിരിപ്പാടം | മണിമൂളി |

**ആൺകുട്ടികൾ – കവിത**

| | | | | |
|---|---|---|---|---|
| I | അഖിൽ പള്ളിപ്പാട് | A | കല്ലോടി | കല്ലോടി |
| II | ഷോൺ വേലിക്കകത്ത് | A | കൊട്ടിയൂർ | കൊട്ടിയൂർ |
| III | അഖിൽ ആളൂക്കാരൻ | A | പറളിക്കുന്ന് | നടവയൽ |

**പെൺകുട്ടികൾ – കവിത**

| | | | | |
|---|---|---|---|---|
| I | ടീന വട്ടുകുളം | A | തരിയോട് | തരിയോട് |
| II | അൽഫോൻസ വെണ്ടർമാലിൽ | A | പയ്യംമ്പള്ളി | പയ്യംമ്പള്ളി |
| III | സ്റ്റിൽജ മോളത്ത് | B | മച്ചിക്കൊല്ലി | നീലഗിരി |
| III | ഷെറിൻ കോളറ | B | മാർട്ടിൻനഗർ | പയ്യംമ്പള്ളി |

**ആൺകുട്ടികൾ – ഉപന്യാസം**

| | | | | |
|---|---|---|---|---|
| I | ജ്യോതിസ് ഇലഞ്ഞിക്കുഴി | A | കല്ലോടി | കല്ലോടി |
| II | ലൂയിസ് കിടങ്ങുകാരൻ | A | തോമാട്ടുചാൽ | ബത്തേരി |
| III | ആൽബിൻ താന്നിക്കാലായിൽ | A | പറളിക്കുന്ന് | നടവയൽ |

**പെൺകുട്ടികൾ – ഉപന്യാസം**

| | | | | |
|---|---|---|---|---|
| I | ജോഫിന റാത്തപ്പിള്ളി | A | വെള്ളമുണ്ട | കല്ലോടി |
| II | അനുമോൾ മോളത്ത് | A | ആലാറ്റിൽ | മാനന്തവാടി |
| III | സോണിയ കരിമത്തിയിൽ | A | കൽപ്പറ്റ | കൽപ്പറ്റ |

**സൂപ്പർസീനിയർ – ആൺകുട്ടികൾ – ചെറുകഥ**

| | | | | |
|---|---|---|---|---|
| I | ബാബു തൊഴുവൻകാട്ടിൽ | B | മുതിരേരി | മാനന്തവാടി |
| II | മധു തറപ്പത്ത് | B | തരിയോട് | തരിയോട് |
| III | ഷൈൻ പഴയംകോട്ടിൽ | C | ദീപ്തിഗിരി | കല്ലോടി |

**പെൺകുട്ടികൾ – ചെറുകഥ**

| | | | | |
|---|---|---|---|---|
| I | ലിറ്റി വെണ്ടർമാലിൽ | B | പുതിയിടംകുന്ന് | കല്ലോടി |
| II | റോസമ്മ മാന്നംകിരിയിൽ | B | തെനേരി | കൽപ്പറ്റ |
| III | ഡിമിന അമ്പലത്തിങ്കൽ | C | ചെന്നലോട് | തരിയോട് |

**ആൺകുട്ടികൾ – കവിത**

| | | | | |
|---|---|---|---|---|
| I | സിജോ പുതിയിടത്ത് | A | കടൽമാട് | ബത്തേരി |
| II | ജിജിൽ കിഴക്കരക്കാട്ട് | A | കുഞ്ഞോം | കല്ലോടി |
| III | വിപിൻ മുതുപ്ലാക്കൽ | A | കേണിച്ചിറ | നടവയൽ |

**പെൺകുട്ടികൾ – കവിത**

| | | | | |
|---|---|---|---|---|
| I | ഷീജ കാഞ്ഞിരക്കാട്ട് | A | കണിയാരം | മാനന്തവാടി |

| | | | | |
|---|---|---|---|---|
| II | ലിറ്റി വെണ്ടർമാലിൽ | A | പുതിയിടംകുന്ന് | കല്ലോടി |
| III | മഞ്ചു ഇഞ്ചപ്ലാക്കൽ | A | പുതിയിടംകുന്ന് | കല്ലോടി |

**ആൺകുട്ടികൾ - ഉപന്യാസം**

| | | | | |
|---|---|---|---|---|
| I | കുര്യാച്ചൻ ചിറമുഖം | A | പ്രശാന്തഗിരി | മാനന്തവാടി |
| II | വിൽസൺ തേക്കിനാൽ | A | കല്ലോടി | കല്ലോടി |
| III | വിൻസെന്റ് പാറയിൽ | A | കോട്ടത്തറ | തരിയോട് |

**പെൺകുട്ടികൾ - ഉപന്യാസം**

| | | | | |
|---|---|---|---|---|
| I | ബിൻസി പിണക്കാട്ട് | A | വഞ്ഞോട് | കല്ലോടി |
| II | ഷീജ കാഞ്ഞിരക്കാട്ട് | A | കണിയാരം | മാനന്തവാടി |
| III | ശ്രുതി നെടുങ്ങോട്ട്കുടിയിൽ | A | മീനങ്ങാടി | ബത്തേരി |

### കാണിക്ക തന്ന ശാഖകൾ

ഞാറപ്പാടം - 250, കബനിഗിരി - 150

### പലതുള്ളി തന്ന ശാഖകൾ

പടമല-250, ഏലപ്പീടിക-151, അപ്പപ്പാറ-25, ചെന്നലോട്-200, കല്ലുവയൽ-200, ആലാറ്റിൽ-250

### മേഖലാവാർത്തകൾ

**പയ്യംമ്പള്ളി** : അർദ്ധദിന സെമിനാറും വിസിറ്റും നടത്തി.

**പുൽപ്പള്ളി** : കുഞ്ഞേട്ടൻ അനുസ്മരണ ബലിയും പ്രാർത്ഥനയും നടത്തി. മേഖലാ കലാമത്സരം, പുൽപ്പള്ളി മേഖലയിലെ അൾത്താര ബാലസംഗമം എന്നിവ നടത്തി.

**മണിമൂളി** : സി.എം.എൽ. മണിമൂളി മേഖലയുടെ ആഭിമുഖ്യത്തിൽ ദേശഭക്തിഗാന മത്സരം നടത്തി. മണിമൂളി, നരിവാലമുണ്ട, പാലാങ്കര ശാഖകൾ യഥാക്രമം 1,2,3 സ്ഥാനങ്ങൾ കരസ്ഥമാക്കി. മേഖലാ തലത്തിൽ പ്രേഷിതവർഷം മണിമൂളി-നിലമ്പൂർ റീജിയൻ സിഞ്ചെല്ലൂസ് ജോസ് തേക്കനാടിയച്ചൻ ഉദ്ഘാടനം ചെയ്തു.

**കല്ലോടി** : കല്ലോടി മേഖലയുടെ കലാമത്സരം കല്ലോടിയിൽ വച്ച് നടന്നു. ഫോറോനാ വികാരി ബഹു. ജോർജ് മമ്പള്ളിൽ അച്ചൻ ഉദ്ഘാടനം ചെയ്തു. കല്ലോടി, പുതിയിടംകുന്ന്, വഞ്ഞോട്, 1,2,3 സ്ഥാനങ്ങൾ കരസ്ഥമാക്കി.

### ശാഖാവാർത്തകൾ

*പുതിയിടം:-* ഏകദിന സെമിനാർ നടത്തി.

*കുന്നലാടി:-* അൾത്താരബാലൻമാർക്ക് പരിശീലനം നൽകി, മേഖല മാനേജിംഗ് കമ്മറ്റിയിൽ പങ്കെടുത്തു.

*ബെക്കി:-* മേഖലാ മീറ്റിംഗിൽ പങ്കെടുത്തു.

*പുതുശ്ശേരി:-* പിടിയരി ശേഖരണം നടത്തി.
*മുതിരേരി:-* അർദ്ധദിന സെമിനാർ നടത്തി. നേർച്ചഭക്ഷണ വിതരണം നടത്തി.
*പയ്യംപള്ളി:-* ബൈബിൾ ഞായർ ആചരിച്ചു.
*ചിത്രഗിരി:-* ലൈബ്രറി ആരംഭിച്ചു.
*മഞ്ഞൂറ:-* മേഖല സാഹിത്യമത്സരത്തിൽ പങ്കെടുത്തു.
*പഴൂർ:-* ശാഖാ കൗൺസിൽ നടത്തി
*തെനേരി, വാകേരി, മൺവയൽ:-* എന്നീ ശാഖകൾ സെമിനാർ നടത്തി.
കേണിച്ചിറ, കൊട്ടിയൂർ:- എന്നീ ശാഖകൾ ബഹു. ഡയറക്ടറച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു.
*ദീപ്തിഗിരി:-* സാമാന്യമര്യാദ എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് നടത്തി.
*വിളമ്പുകണ്ടം:-* വി. അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷിച്ചു.
*എടപ്പെട്ടി:-* ക്രിസ്റ്റീൻ ധ്യാനം നടത്തി.
*കുന്നൂർ:-* ബൈബിൾ ക്വിസ് നടത്തി.
*പൂളപ്പാടം:-* പോത്തുകൽ ഗവ.ആശുപത്രി സന്ദർശിച്ചു. എല്ലാ വാർഡുകളിലും 10 വെയ്സ്റ്റ് ബോക്സ് വാങ്ങിക്കൊടുത്തു.
*ചൂരൽമല:-* ചിത്രരചനാ മത്സരം നടത്തി. ഭവനസന്ദർശനം നടത്തി.
*മംഗലശ്ശേരി:-* രാജ്യാന്തര പുരസ്കാരം നേടിയ അനുഷയെ അഭിനന്ദിച്ചു. തിരുബാലസഖ്യം ഉദ്ഘാടനം ചെയ്തു.
*കുന്നലാടി:-* ദൈവവിളി പ്രോത്സാഹന സെമിനാർ നടത്തി.
*കുറുമ്പാല, നെയ്ക്കുപ്പ, തലപ്പുഴ, കൽപ്ര, ചാരിറ്റി, വൈത്തിരി, പുഴമുടി:-* എന്നീ ശാഖകൾ കുഞ്ഞേട്ടൻ അനുസ്മരണ ബലി നടത്തി.
*ആടിക്കൊല്ലി:-* പുൽപ്പള്ളി ഗവ.ആശുപത്രി, വിമലഗിരി ആശുപത്രി എന്നിവിടങ്ങളിൽ രോഗീസന്ദർശനം നടത്തി. ലൈബ്രറി നവീകരണം, മാഗസിൻ പ്രകാശനം എന്നിവ നടത്തി.
*അരുൾനിലയം, അടയ്ക്കാത്തോട്:-* എന്നീ ശാഖകൾ വി. തോമാശ്ലീഹായുടെ തിരുനാൾ ആഘോഷിച്ചു.
*പനവല്ലി:-* റേഡിയോ മാറ്റൊലിയിൽ പ്രോഗ്രാം അവതരിപ്പിച്ചു.
*നിലമ്പൂർ:-* നിലമ്പൂർ ഗവ.ഹോസ്പിറ്റൽ സന്ദർശനം നടത്തി.
*ചെന്നലോട്:-* ആശുപത്രി സന്ദർശനം നടത്തി.
*ശാന്തിഗിരി:-* ചിത്രരചനാ മത്സരം, അരിശേഖരണം എന്നിവ നടത്തി.
*കോട്ടത്തറ:-* പള്ളിപരിസരം വൃത്തിയാക്കി, ബൈബിൾ ക്വിസ് നടത്തി.
*മൊതക്കര:-* മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ ആഘോഷിച്ചു.
*കേളകം:-* ആരാധന നടത്തി, കലാമത്സര പരിശീലനം നടത്തി. തിരുബാലസഖ്യത്തിലെ കുഞ്ഞുങ്ങൾക്ക് വികാരിയച്ചൻ ക്ലാസ്സെടുത്തു.

*മുട്ടിയേൽ:-* മിഷൻഗ്രാമത്തിലേയ്ക്ക് കത്ത് അയച്ചു.
*നെടുമ്പാല:-* 'ജപമാല ചൊല്ലൂ' എന്ന ലീഫ്‌ലെറ്റ് കുടുംബങ്ങളിൽ ജപ മാല ഭക്തി വളർത്തുന്നതിനായ് വിതരണം ചെയ്തു.
*കാട്ടിക്കുളം:-* പ്രസംഗ പരിശീലനം നടത്തി.
*കല്ലുവയൽ:-* പള്ളിപരിസരം വൃത്തിയാക്കി.
*ഒലിവുമല:-* അർദ്ധദിന സെമിനാർ നടത്തി.
*നിരവിൽപ്പുഴ:-* വി. ജോൺമരിയ വിയാനിയുടെ തിരുനാൾ ആഘോ ഷിച്ചു. ഡയറക്ടറച്ചനെ ആദരിച്ചു.
*ഏലപ്പീടിക:-* ഭവനസന്ദർശനം നടത്തി
*കൽപ്പറ്റ:-* കൽപ്പറ്റ ഗവ.ഹോസ്പിറ്റലിൽ അന്നദാനം നടത്തി. ജാലക കാഴ്ചകൾ എന്ന വിഷയത്തെ ആസ്പദമാക്കി കൊളാഷ് മത്സരം നടത്തി.
*മണിമൂളി:-* നിർദ്ധനരായ 10 കുട്ടികൾക്ക് യൂണിഫോം നൽകി. ഭവന നിർമ്മാണത്തിന് 15000 രൂപ നൽകി. ചോക്കാട് ശാന്തിഭവൻ സന്ദർശിച്ചു.
*മച്ചിക്കൊല്ലി:-* സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകി.
*മുണ്ടേരി:-* പരി. മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ ആഘോഷിച്ചു.
*കുറുമണി, കാവുംമന്ദം:-* എന്നീ ശാഖകൾ പള്ളിപരിസരവും സിമിത്തേ രിയും വൃത്തിയാക്കി
*ബോയ്സ്ടൗൺ, മരകാവ്:-* ശാഖകൾ കുഞ്ഞേട്ടന്റെ 2-ാം ചരമ വാർഷികം ആചരിച്ചു.
*കല്ലോടി:-* വി. ജോൺമരിയ വിയാനിയുടെ തിരുനാളിൽ വികാരിയച്ച നെയും അസി. വികാരിയച്ചനെയും ആദരിച്ചു. മേഖലാ വൈദീകർക്ക് ആശംസാകാർഡ് അയച്ചു.
*വാളവയൽ:-* പ്രേഷിതവർഷം ഉദ്ഘാടനം ചെയ്തു, രോഗീസന്ദർശനം നടത്തി.
*നടവയൽ:-* ഓസാനാം ഭവൻ സന്ദർശിച്ചു. ഇടവക വൈദീകദിനാച രണം നടത്തി.

മിഷൻമാസത്തിന്റെ ചൈതന്യവും ജപമാല മാസത്തിന്റെ ധന്യ തയും ഒത്തുചേരുന്ന ഒക്ടോബർ മാസത്തിൽ ശാഖാ മേഖലാ പ്രവർത്തനങ്ങൾ സജീവമാക്കാൻ ശ്രമിക്കുമല്ലോ. ഏവർക്കും മിഷൻമാസത്തിന്റെ ആശംസകൾ നേരുന്നു.

മിഷൻ അഭിവാദനങ്ങളോടെ,

**ബിനു മാങ്കൂട്ടത്തിൽ**

സി.എം.എൽ. രൂപതാ സെക്രട്ടറി

# കെ. സി. വൈ. എം.

പ്രിയ യുവജന സുഹൃത്തുക്കളേ,

ഒരിക്കൽ ധനികനായ ഒരു യുവാവ് യേശുവിനെ സമീപിച്ച് ചോദിച്ചു: ഗുരോ നിത്യജീവൻ സ്വന്തമാക്കാൻ ഞാൻ എന്തുചെയ്യണം? യേശു പറഞ്ഞു: നിനക്ക് ഒരു കുറവുണ്ട് പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക പിന്നെ വന്ന് എന്നെ അനുഗമിക്കുക. (മർക്കോ.10:21) അവൻ നിരാശനായി മടങ്ങിയതായി വചനത്തിൽ നാം കാണുന്നു. കെ.സി.വൈ.എം. സംഘടനയുമായി ബന്ധപ്പെടുത്തി ഈ വചനത്തെ നാം വിശകലനം ചെയ്യുമ്പോൾ നാം സ്വയം ചോദിക്കേണ്ട ഒരു ചോദ്യമുണ്ട്. സജീവമായി സംഘടനയിൽ പ്രവർത്തിക്കുന്നതിൽ നിന്ന് എന്നെ തടയുന്ന കാര്യങ്ങൾ എന്തൊക്കെയാണ്. ചിലപ്പോഴൊക്കെ ചില നമ്മുടെ തന്നെ കുറവുകൾ നമ്മെ സംഘടനാ പ്രവർത്തന ത്തിൽനിന്ന് അകറ്റിയെന്ന് വരാം. വചനത്തിലെ യുവാവിന് ധാരാളം സമ്പത്തുണ്ടായിരുന്നതായി നാം വായിക്കുന്നു. സംഘടനാ പ്രവർത്ത നത്തിൽ നിന്ന് നമ്മെ തടയുന്ന 'സമ്പത്തുകൾ' ഏതാണ് എന്ന് ആത്മ പരിശോധന ചെയ്ത് കണ്ടുപിടിക്കുക. ചിലപ്പോൾ ഒരു കുറവ്, സ്വാർത്ഥ തയായിരിക്കാം, അധികാര മോഹമായിരിക്കാം, അഹങ്കാരമായിരിക്കാം, വിമർശനബുദ്ധിയായിരിക്കാം. എന്തുതന്നെയായാലും അത് പരിഹരിച്ച് മുന്നോട്ട് പോകാൻ ഒരു കത്തോലിക്കാ യുവാവ്/യുവതി എന്ന നില യിൽ നമുക്ക് പരിശ്രമിക്കാം.

സ്നേഹപൂർവ്വം,
**ടോമിയച്ചൻ**

**"തുടിതാളം - തുമ്പപ്പൂ" - ഓണാഘോഷം 2011**

മാനന്തവാടി രൂപതാസമിതിയും കെ.സി.വൈ.എം. സംസ്ഥാന സമിതിയും സംയുക്തമായി ഈ വർഷത്തെ ഓണാഘോഷം

ചേര്യംകൊല്ലി കോളനി നിവാസികൾക്കൊപ്പം കോളനിയിൽ വച്ച് ആഘോഷിച്ചു. ആഘോഷ പ്രോഗ്രാമുകളുടെ ഒരുക്കമായി 21-8-11 ന് ചേര്യംകൊല്ലി കെ.സി.വൈ.എം. യൂണിറ്റിൽ വച്ച് സംഘാടക സമിതി രൂപീകരിച്ച് വിവിധ കമ്മറ്റികൾക്ക് രൂപം കൊടുത്തു. തുടർന്ന് രൂപതാഡയറക്ടർ ഫാ. ടോമി പുത്തൻപുരയ്ക്കൽ, ചേര്യംകൊല്ലി ഇടവക വികാരി ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, കെ.സി.വൈ.എം. ഭാരവാഹികൾ, യൂണിറ്റ് പ്രവർത്തകർ, ഇടവകക്കാർ, കോളനി നിവാസികൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ ഒരുക്കങ്ങൾ പൂർത്തിയാക്കി.

8-9-11 ന് രാവിലെ കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ. അജി ഡാനിയേലിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച ഓണാഘോഷ ഉത്ഘാടന സമ്മേളനം മെമ്പർ ശ്രീമതി അന്നമ്മ കുര്യൻ ഉദ്ഘാടനം ചെയ്തു. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ മുഖ്യപ്രഭാഷണം നടത്തുകയും തുടർന്ന് മാനന്തവാടി രൂപത മദ്യവിരുദ്ധ സമിതി പ്രസിഡന്റ് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ "ലഹരിവിരുദ്ധ ബോധവത്കരണ" സെമിനാർ നടത്തുകയും ചെയ്തു. ഓണസദ്യയിൽ എല്ലാവരും പങ്കുചേർന്നു. പിന്നീട് 'തുടി' ഓണ മത്സരങ്ങൾ, കലാപരിപാടികൾ എന്നിങ്ങനെ നടന്ന ഓണാഘോഷ പരിപാടികളുടെ സമാപന സമ്മേളനം ബഹു. സംസ്ഥാന പട്ടികവർഗ്ഗ, യുവജന ക്ഷേമവകുപ്പുമന്ത്രി ശ്രീമതി ജയലക്ഷ്മി ഉദ്ഘാടനം ചെയ്യുകയും മാനന്തവാടി രൂപതാ ബിഷപ് മാർ ജോസ് പൊരുന്നേടം അനുഗ്രഹപ്രഭാഷണം നടത്തി ധന്യമാക്കുകയും ചെയ്തു. ജില്ലാ പ്രസിഡന്റ് ശ്രീ. കെ.എൽ. പൗലോസ്, ബ്ലോക്ക് സ്റ്റാൻഡിംങ്ങ് കമ്മറ്റി ചെയർമാൻ ശ്രീ. എം.ആർ. ബാലകൃഷ്ണൻ, രൂപത ഡയറക്ടർ ഫാ. ടോമി പുത്തൻപുരയ്ക്കൽ, സംസ്ഥാന പ്രസിഡന്റ് ശ്രീ. അജി ഡാനിയേൽ, സംസ്ഥാന ജനറൽ സെക്രട്ടറി റോഡ്ഫ്രീ ഹെൻട്രി, രൂപതാ ജനറൽ സെക്രട്ടറി ശ്രീ. ഷംജിത്ത് ചേലയ്ക്കൽ, സംസ്ഥാന വൈസ്. പ്രസിഡന്റ് ശ്രീ. അനീഷ് ഓമക്കര, ചേര്യംകൊല്ലി കെ.സി.വൈ.എം. യൂണിറ്റ് പ്രസിഡന്റ് ശ്രീ. സുബിൻ ഇല്ലിക്കൽ, കോളനി അംഗം സതീശൻ, മേഖല പ്രസിഡന്റ് ശ്രീ. ജിജോ മംഗലത്ത്, രൂപത സെക്രട്ടറി ആന്റണി മങ്കടപ്ര, രൂപത വൈ. പ്രസിഡന്റ് കുമാരി സൻസി പൊട്ടയിൽ, സംസ്ഥാന സിൻഡിക്കേറ്റ് അംഗം കുമാരി ലിജി കളരിക്കൽ തുടങ്ങിയവർ പ്രസംഗിച്ചു. രൂപതാഭാരവാഹികളായ ശ്രീ. ജിതേഷ് മുളക്കകുന്നേൽ, ആനിമേറ്റർ സി. വിൻസി ജോൺ FCC, സംസ്ഥാന ഭാരവാഹികളായ സി. ആൻസി UMI, സുഷി ജോയ്, വിനോദ് കെ.ജെ., യൂണിറ്റ് ഭാരവാഹി ജോബിൻ ഇല്ലിക്കൽ, ശ്രീ. കുര്യൻ പുത്തൻപുര ചുള്ളിയാന ഇടവക കെ.സി.വൈ.എം. അംഗങ്ങൾ,

കമ്മറ്റിക്കാർ, റൊഗേഷനിസ്റ്റ് സഭാംഗം ഫാ. ഉണ്ണി, കോളനിയിലെ അംഗ ങ്ങൾ തുടങ്ങിയവർ നേതൃത്വം കൊടുക്കുകയും ചെയ്തു. ഓണാ ഘോഷം മനോഹരമാക്കുന്നതിന് സഹകരിച്ച ഏവർക്കും പ്രത്യേക മായി ചുള്ളിയാന ഇടവകാംഗങ്ങൾക്കും അഭ്യുദയകാംക്ഷികൾക്കും, ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേലിനും നന്ദിയർപ്പിക്കുന്നു.

**ലഹരിവിരുദ്ധ ഗ്രാമം**

'ലഹരിവിരുദ്ധ ഗ്രാമം' കെ.സി.വൈ.എം. രൂപതാ സമിതിയും മരക്കടവ് ഇടവക സമൂഹവും സംയുക്തമായി നടത്തുന്ന ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായ സന്ദർശനവും സർവ്വെയും 27-8-11 ന് മരക്കടവ് ഇടവകയിൽ നടത്തി. രൂപതാഡയറക്ടർ ഫാ. ടോമി പുത്തൻപുരയ്ക്കൽ, ആനിമേറ്റർ സി. വിൻസി ജോൺ FCC, മേഖലാ ആനിമേറ്റർ സി. ലിസി ജോസ് SCV, സി. റെജീന SKD (പട്ടാണികൂപ്പ്), സി. ലില്ലി SKD (ഇരുളം), സി. ലിസ്ജോ SH (ദ്വാരക), സി. ലീന SH (ദ്വാരക), സി. റ്റിൽസി SH (ദ്വാരക), സി. മേരി ജോൺ SCV (മരകാവ്), സി. ഗ്രേഷ്യസ് SABS(പുൽപ്പള്ളി), സി. ജിൽസാടോം SABS (പുൽപ്പള്ളി), സി. ജെസ്ന SABS (കെ.സി.വൈ.എം. മാനന്തവാടി രൂപതാ ഓഫീസ് സെക്രട്ടറി) തുടങ്ങിയവർ നേതൃത്വം നൽകി.

**നാമഹേതുക തിരുനാൾ**

സെപ്റ്റംബർ മാസത്തിൽ നാമഹേതുക തിരുനാൾ ആചരിക്കുന്ന കെ.സി.വൈ.എം. രൂപതാ ഡയറക്ടർ ഫാ. ടോമി പുത്തൻപുരക്കൽ, ഓഫീസ് സെക്രട്ടറി സി. ജെസ്ന SABS തുടങ്ങിയവർക്ക് മാനന്തവാടി രൂപത സിൻഡിക്കേറ്റിന്റെ നേതൃത്വത്തിൽ ആശംസകൾ നേർന്നു. രൂപതാ ഭാരവാഹികൾ, ഫാ. ടോമി പുത്തൻപുരയ്ക്കൽ, സി. ജെസ്ന തുടങ്ങിയവർ സംസാരിച്ചു.

**രൂപതാ PEARL കലാമത്സരങ്ങൾ**

രൂപതാ പേൾ കലാമത്സരങ്ങൾ ഈ വർഷം ഒക്ടോബർ 5-ാം തീയതി ന്യൂമാൻസ് കോളേജിൽവച്ച് രാവിലെ 9.30 ന് തന്നെ ആരംഭി ക്കുന്നതാണ്. നാല് സ്റ്റേജുകളിലായാണ് മത്സരങ്ങൾ നടക്കുക.

Stage I - മിമിക്രി, നാടോടി നൃത്തം, മൈം, മാർഗ്ഗംകളി

Stage II - സംഗീതം. ഗ്രൂപ്പ്സോങ്ങ്, ആന്തം

Stage III - പ്രസംഗം, മോണോആക്ട്, ഡിബേറ്റ്

Stage IV - ക്വിസ്

ഗ്രൗണ്ടിൽവച്ച് തെരുവുനാടക മത്സരം നടക്കുന്നതാണ്. മത്സരാർത്ഥി കൾ കൃത്യസമയത്തുതന്നെ എത്തുക.

**മേഖലാവാർത്തകൾ**

**പുൽപ്പള്ളി മേഖല:–** അത്തപ്പൂക്കളം 2011 സെപ്റ്റംബർ 7–ന് പുൽപ്പള്ളി മേഖലയിലെ മുഴുവൻ യൂണിറ്റുകളിലെയും അംഗങ്ങൾ അണിചേർന്ന് വിവിധ കലാപരിപാടികളോടെ ഒരു ദിവസം മുഴുവൻ മരക്കടവ് സെന്റ് കാതറൈൻ oldage home ലെ അമ്മമാരോടൊത്ത് ചിലവഴിച്ചു. മേഖലാ ഡയറക്ടർ റവ.ഫാ. ജിമ്മി ഓലിക്കൽ, മരക്കടവ് ഇടവക വികാരി റവ. ഫാ. ജോർജ് കിഴക്കുംപുറം, രൂപതാ ജനറൽ സെക്രട്ടറി ഷംജിത്ത് ചേലയ്ക്കൽ, മേഖലാ പ്രസിഡന്റ് ആന്റണി മങ്കടപ്ര, മേഖലാ സെക്രട്ടറി ലിവിജു അമ്പലത്തറ, മദർ ജോയ്മരിയ എസ്.സി.വി., മേഖലാ ആനിമേറ്റർ സി. ലിസ്സി ജോസ് എസ്.സി.വി., വാർഡ് മെമ്പർ ജോസ് നെല്ലേടം, യൂണിറ്റ് പ്രസിഡന്റ് റിസിൽ മോരുകുന്നേൽ എന്നിവർ ഓണാശംസകൾ നേർന്നു.

**കൊട്ടിയൂർ മേഖല:–** 7–8–11 ന് കൊട്ടിയൂരിൽ വച്ച് സിൻഡിക്കേറ്റ് കൂടുകയും മേഖലാ സാഹിത്യമത്സരം, 'ത്രിവർണ്ണം–11' എന്നീ പരിപാടികളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. 13–8–11 രൂപത നടത്തിയ ത്രിവർണ്ണം – 11 ന് മേഖലയിൽ നിന്ന് യുവജനങ്ങൾ പങ്കെടുക്കുകയും അന്നേദിവസം തന്നെ മേഖല സാഹിത്യമത്സരം നടത്തുകയും ചെയ്തു. 28–8–11 ന് കേളകത്ത് വച്ച് സിൻഡിക്കേറ്റ് കൂടുകയും മേഖലാ കലാമത്സരങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

**മാനന്തവാടി മേഖല:–** 13–8–11 ന് രൂപത നടത്തിയ 'ത്രിവർണം – 2011' യുവജനചങ്ങലയിൽ മേഖലയിലെ മുഴുവൻ യുവജനങ്ങളും പങ്കെടുത്തു. 15–8–11 ന് മേഖല നടത്തിയ ഫ്രീഡം–11 എന്ന സ്വാതന്ത്ര്യ സമര ചരിത്രം – ക്വിസിൽ രൂപതയിലെ വിവിധ യൂണിറ്റുകളിൽ നിന്ന് യുവജനങ്ങൾ പങ്കെടുക്കുകയും ഒന്നാംസ്ഥാനം പടമല യൂണിറ്റും, രണ്ടാംസ്ഥാനം കല്ലോടി യൂണിറ്റും, മൂന്നാം സ്ഥാനം വാഴവറ്റ യൂണിറ്റും നേടുകയും ചെയ്തു.

31–8–11 ന് മേഖലാ സിൻഡിക്കേറ്റ്കൂടി. മേഖല ഭാരവാഹികളുടെ ഭവനം സന്ദർശിക്കുന്നതിന്റെ ഭാഗമായി (അയനം) മേഖല സിൻഡിക്കേറ്റ് മെമ്പറായ നീതു മുളകുന്നത്തിന്റെ ഭവനം മേഖല ഭാരവാഹികൾ സന്ദർശിച്ചു.

**തരിയോട് മേഖല:–** കെ.സി.വൈ.എം. തരിയോട് മേഖലാ കലോത്സവം 'അരങ്ങ്–2011' 10–9–11 ന് കാവുംമന്ദം ലൂർദ്ദ്മാതാ ചർച്ചിൽ വച്ച് നടന്നു. 9.30 ന് ആരംഭിച്ച ഉദ്ഘാടന സമ്മേളനത്തിൽ മേഖലാ പ്രസിഡന്റ് എബിൻ മുട്ടപ്പള്ളി അധ്യക്ഷത വഹിച്ചു. മേഖലാ ഡയറക്ടർ റവ.ഫാ. റെജി മുതുകത്താനിയിൽ സ്വാഗതം ആശംസിച്ചു. ചെന്നലോട്

ഇടവക വികാരി റവ.ഫാ. സെബാസ്റ്റ്യൻ പാലക്കി ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. മേഖല ആനിമേറ്റർ സി. ആൻസ് എഫ്.സി.സി. യുടെയും സാന്നിദ്ധ്യമുണ്ടായിരുന്നു. മേഖലാ സെക്രട്ടറി ജെറ്റീഷ് വെള്ളാരം കാലായിൽ നന്ദി പറഞ്ഞു.

തുടർന്ന് നടത്തിയ കലാമത്സരങ്ങളിൽ കാവുംമന്ദം യൂണിറ്റ് ഒന്നാംസ്ഥാനവും ചെന്നലോട് യൂണിറ്റ് രണ്ടാംസ്ഥാനവും കുറുമ്പാല യൂണിറ്റ് മൂന്നാംസ്ഥാനവും നേടി. സമാപനസമ്മേളനത്തിൽ കെ.സി. വൈ.എം. രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ വിജയികൾക്ക് അഭിനന്ദനങ്ങൾ നേർന്നു. തുടർന്ന് സമ്മാനദാനം നടന്നു. വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. 21-8-11 ന് നടന്ന മേഖലാ സാഹിത്യമത്സരങ്ങളിൽ വിജയികളായവർക്കും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

## യൂണിറ്റ്‌വാർത്തകൾ

### ആലാറ്റിൽ യൂണിറ്റ്

ആലാറ്റിൽ കെ.സി.വൈ.എം. യൂണിറ്റ് നേതൃത്വം കൊടുത്ത് നടത്തിവരുന്ന ജാഗരണ പ്രാർത്ഥന സെപ്റ്റംബർ 9-ന് നടത്തി. ധാരാളം യുവജനങ്ങളും ഇടവകാംഗങ്ങളും പങ്കെടുത്തു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. വിൻസെന്റ് കൊരട്ടിപ്പറമ്പിൽ ജാഗരണ പ്രാർത്ഥന നയിച്ചു. ആലാറ്റിൽ കെ.സി.വൈ.എം. ന്റെ മുഖപത്രമായ ആലാർവോയ്സിന്റെ പ്രകാശനം സൺഡേസ്കൂൾ പ്രധാനാദ്ധ്യാപകനായ സ്റ്റാനി നെല്ലിക്കുന്നേലിന് നൽകിക്കൊണ്ട് യൂണിറ്റ് പ്രസിഡന്റ് നിർവ്വഹിച്ചു. കെ.സി. വൈ.എം. ന്റെ നേതൃത്വത്തിൽ ഇടവകയിൽ അധ്യാപകദിനാചരണം നടത്തി. കലാപരിപാടികളും ആശംസകളും സമ്മാനദാനവുമൊക്കെയായി നടന്ന അധ്യാപക ദിനാചരണത്തിന് യൂണിറ്റ് പ്രസിഡന്റ് ജിൽസ് പടിഞ്ഞാറേൽ, ആനിമേറ്റർ സി. ഫിൽസി എസ്.എ.ബി.എസ്., ഷംജിത്ത് ചേലയ്ക്കൽ, ജസ്റ്റിൻ, അജോയ് തുടങ്ങിയവർ നേതൃത്വം നൽകി. കൂടാതെ കെ.സി.വൈ.എം. ന്റെ സംരംഭമായി കൊന്ത, രൂപങ്ങൾ തുടങ്ങിയവയുടെ ഒരു സ്റ്റാൾ പള്ളിപരിസരത്ത് ആരംഭിച്ചു. കെ.സി.വൈ.എം. മാനന്തവാടി മേഖല നടത്തിയ Pearl കലാമത്സരത്തിൽ ആലാർയൂണിറ്റ് രണ്ടാംസ്ഥാനം നേടി.

### പേര്യ യൂണിറ്റ്

അഴിമതി, ഭീകരത, ലഹരിവിപത്ത്, സ്ത്രീപീഢനം എന്നിവയ്ക്കെതിരെ കെ.സി.വൈ.എം. മാനന്തവാടി രൂപത നടത്തിയ 'ത്രിവർണം-2011'

യുവജനചങ്ങലയിൽ യൂണിറ്റിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. മാനന്തവാടി മേഖല നടത്തിയ കലാസാഹിത്യ മത്സരങ്ങളിൽ യൂണിറ്റിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു.

**പടമല യൂണിറ്റ്**

കെ.സി.വൈ.എം. മാനന്തവാടി രൂപത സംഘടിപ്പിച്ച 'ത്രിവർണം -2011' യുവജനചങ്ങലയിൽ പടമല യൂണിറ്റിൽ നിന്നും 15 യുവജനങ്ങൾ പങ്കെടുത്തു. കെ.സി.വൈ.എം. മാനന്തവാടി മേഖല സംഘടിപ്പിച്ച സ്വാതന്ത്ര്യദിനക്വിസിൽ യൂണിറ്റിൽ നിന്നും ഭാരവാഹികൾ പങ്കെടുക്കുകയും ഒന്നാം സമ്മാനമായ 1001 രൂപ ക്യാഷ് അവാർഡും, ഫലകവും നേടുകയും ചെയ്തു.

**പോരൂർ യൂണിറ്റ്**

30-8-11 ന് യുവജനങ്ങളുടെ ആത്മീയ നവീകരണം ലക്ഷ്യംവച്ച് യുവജനങ്ങൾക്കായി ഏകദിനധ്യാനം നടത്തി. 130 യുവജനങ്ങൾ ധ്യാനത്തിൽ പങ്കെടുത്തു. തലപ്പുഴ ലാറ്റിൻപള്ളി വികാരി ബോസ്കോ അച്ചൻ ധ്യാനത്തിന് നേതൃത്വം നൽകി. അഞ്ചാമതൊരു സുവിശേഷമാകാനുള്ള യുവജനങ്ങളുടെ ഉത്തരവാദിത്വത്തെപ്പറ്റി അച്ചൻ ഓർമ്മപ്പെടുത്തി. ജീവിത വിശുദ്ധിയെക്കുറിച്ചും, ജീവിതവിശുദ്ധി നഷ്ടപ്പെടുന്ന സാഹചര്യങ്ങളെക്കുറിച്ചും യുവജനങ്ങളെ ബോധ്യപ്പെടുത്തിക്കൊണ്ട് എല്ലാവരേയും കുമ്പസാരത്തിനായ് ഒരുക്കുകയും കുമ്പസാരിപ്പിക്കുകയും ചെയ്തു. തുടർന്ന് പേര്യപള്ളി വികാരി റവ. ഫാ. മാർട്ടിൻ പുതുശ്ശേരി യുവജനങ്ങൾക്കായ് ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. ധ്യാനത്തിനായി കടന്നുവന്ന എല്ലാ യുവജനങ്ങളേയും റവ. ഫാ. തോമസ് മണക്കുന്നേൽ അനുമോദിച്ച് നന്ദി പറഞ്ഞു.

**ശാന്തിഗിരി യൂണിറ്റ്**

8-9-11 ൽ ശാന്തിഗിരി യൂണിറ്റിൽ ഡയറക്ടർ ഫാ. സജി ഇളയിടത്തിന്റെ നേതൃത്വത്തിൽ ഓണാഘോഷം നടത്തി. മത്സരങ്ങൾ നടത്തുകയും വിജയികൾക്ക് സമ്മാനവിതരണം നടത്തുകയും ചെയ്തു. പായസവിതരണവും ഉണ്ടായിരുന്നു. യുവജനങ്ങൾ എല്ലാവരും ഓണാഘോഷത്തിൽ പങ്കുചേർന്നു.

സ്നേഹത്തോടെ,

**ഷംജിത്ത് ചേലയ്ക്കൽ**

ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ**

ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് സെപ്റ്റംബർ 4 മുതൽ 7 വരെ നടന്ന കോഴ്സിൽ 92 പേരും, മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് ഓഗസ്റ്റ് 26 മുതൽ 29 വരെ നടന്ന കോഴ്സിൽ 71 പേരും പങ്കെടുത്തു. കോഴ്സുകളുടെ വിജയത്തിനായി യത്നിച്ച എല്ലാ വൈദികരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

ഒക്ടോബർ 02-05 - പാസ്റ്ററൽ സെന്റർ ദ്വാരക

ഒക്ടോബർ 21-24 - പാസ്റ്ററൽ സെന്റർ ദ്വാരക

## കത്തോലിക്കാ മാതൃസംഘടന

13-ന് രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. രൂപതാ ഡയറക്ടർ ബഹു. ഡെന്നീസച്ചന്റെ നേതൃത്വത്തിൽ ചേർന്ന മീറ്റിംഗ് പ്രാർത്ഥനയോടെ ആരംഭിക്കുകയും ഭാവിപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തു. അടുത്ത മീറ്റിംഗിലേയ്ക്കു കാസ്സ് തയ്യാറാക്കി കൊണ്ടുവരുന്നകാര്യം ഓർമ്മപ്പെടുത്തി. ഒക്ടോബർ 10-ന് മുൻപ് മേഖലാതല രചനാമത്സരങ്ങളുടെ വിജയികളുടെ ലിസ്റ്റ് രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. അടുത്ത മീറ്റിംഗ് ഒക്ടോബർ 8-ന് 10 മണിക്ക്.

**ഒലിവുമല ശാഖ**

പരി.അമ്മയുടെ സ്വർഗ്ഗാരോപണതിരുനാൾ ആഘോഷിക്കുന്ന ദിനങ്ങളിൽ ദേവാലയത്തിൽ വെച്ച് നടത്തിയ ജപമാലയിൽ 15 ദിവസവും മാതൃസംഘാംഗങ്ങൾ പങ്കെടുത്തു. തിരുനാളിന് ഒരുക്കമായി

ദേവാലയവും പരിസരവും വൃത്തിയാക്കി. അന്നേദിവസം വി.കുർബാനയിലെ കാഴ്ചവെപ്പും, ബൈബിൾവായനയും, മാതൃസംഘാംഗങ്ങൾ നടത്തി. നേർച്ചഭക്ഷണമായി ഇടവകാംഗങ്ങൾക്ക് എല്ലാം പായസം നൽകി. വൈത്തിരി ജയിലിൽ കഴിയുന്നവർക്ക് ഒരുനേരത്തേക്കുള്ള പലഹാരം മാതൃസംഘാംഗങ്ങൾ ഉണ്ടാക്കിക്കൊടുത്തു. മിഷൻലീഗ് കുട്ടികളോടൊപ്പം മാതൃസംഘാംഗങ്ങൾ വൈത്തിരി സബ്ജയിൽ സന്ദർശിച്ചു. വി. മോനിക്കായുടെ തിരുനാൾദിനം അംഗങ്ങൾ ദിവ്യബലിയിൽ സംബന്ധിച്ചു പ്രാർത്ഥിച്ചു. ശാഖയുടെ പ്രവർത്തനങ്ങൾക്ക് ഡയറക്ടർ ഫാ. റോണി തോട്ടത്തിൽ, ആനിമേറ്റർ സി. യാൻസിയും മറ്റുഭാരവാഹികളും നേതൃത്വം നൽകി.

### ചാരിറ്റി ശാഖ

28-ന് ഉച്ചകഴിഞ്ഞ് മാതൃസംഘടനയുടെ ജനറൽബോഡി യോഗം ചേരുകയുണ്ടായി. ബഹു. മേഖലാ ഡയറക്ടർ ഫാ. ജോസഫ് വയലിൽ ക്ലാസ് എടുത്തു. നമ്മുടെ വ്യക്തിത്വം എങ്ങനെ രൂപീകരിക്കണം എന്ന് ബഹു. അച്ചൻ വളരെലളിതമായി രീതിയിൽ വിശദീകരിക്കുകയുണ്ടായി, ബഹു. തോമസ് പാട്ടത്തിച്ചിറ അച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് ശ്രീമതി ലില്ലി അറയ്ക്കൽ നന്ദി പറഞ്ഞു.

### വൈത്തിരി ശാഖ

21-ന് ഇടവകയിലെ എല്ലാ അമ്മമാരെയും ഉൾപ്പെടുത്തി സംഘടിപ്പിച്ച സാഹിത്യമത്സരത്തിൽ പ്രത്യേകിച്ച് ഉപന്യാസ രചനയിൽ ഒന്നാം സ്ഥാനം ശ്രീമതി എൽസ വടക്കേടത്തും, കഥാരചനയിൽ ഒന്നാം സ്ഥാനം ശ്രീമതി മേരിക്കുട്ടി ചെറുപ്ലാവിൽ, രണ്ടാംസ്ഥാനം ശ്രീമതി ജോളി അറയ്ക്കൽ, മൂന്നാം സ്ഥാനം ശ്രീമതി എൽസ വടക്കേടത്ത് എന്നിവരും, കവിതാരചനയിൽ ഒന്നാംസ്ഥാനം ശ്രീമതി എൽസ വടക്കേടത്ത്, രണ്ടാംസ്ഥാനം ശ്രീമതി ജോളി അറയ്ക്കലും കരസ്ഥമാക്കി. 27 ന് മാതൃസംഘാംഗങ്ങൾ ഒരുമിച്ചുകൂടി വി. മോനിക്കയുടെ തിരുനാൾ ആഘോഷിക്കുകയും സെപ്റ്റംബർ മാസത്തെ പരിപാടികൾ ചർച്ച ചെയ്തു. ഇതിനെല്ലാം നേതൃത്വംകൊടുത്തത് ഫാ. ബിനു പൈനുങ്കൽ, സി. റീത്തമരിയ, ശ്രീമതി ആലീസ് ഉതിമൂട്ടിൽ എന്നിവരാണ്.

### ഇടിവണ്ണ ശാഖ

13-ന് അമ്മമാർ ദേവാലയവും പരിസരവും വൃത്തിയാക്കി. 15-ന് പരി.അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളും സ്വാതന്ത്ര്യദിനവും ഒന്നിച്ചുകൊണ്ടാടി. അന്നേദിവസം എക്സിക്യൂട്ടീവ് അംഗങ്ങൾ കാഴ്ചവെ

പ്പുനടത്തി. 24 ന് നിലമ്പൂർ വച്ച് നടന്ന മേഖലാ എക്സിക്യൂട്ടീവ് യോഗത്തിൽ സാലി ജോസ് പങ്കെടുത്തു. ചെയിൻ റോസറിയുടെ ഭാഗമായി ഇടിഞ്ഞശാഖയിൽ സെപ്റ്റംബർ 10, 11, 12 തീയതികളിൽ ജപമാല അർപ്പിക്കാൻ തീരുമാനിച്ചു. 26-ന് കൂടിയ യോഗത്തിൽ ലോഗോസ് ക്വിസിന്റെ മുന്നോടിയായി അമ്മമാർക്ക് ക്വിസ് മത്സരം നടത്തി. അന്നേദിവസം ശ്രീമതി ഏലമ്മ അക്കരക്കടുപ്പിൽ പരി.അമ്മയെക്കുറിച്ച് ഒരു പ്രബന്ധം അവതരിപ്പിച്ചു. സെഹിയോൻ ധ്യാനകേന്ദ്രത്തിന്റെ വകയായി മണിമൂളിയിൽവെച്ച് നടക്കുന്ന കൺവെൻഷന്റെ വിജയത്തിനായി ഒരു മണിക്കൂർ ആരാധന നടത്തി. വി.കുർബാനയോടെ യോഗം അവസാനിച്ചു.

**നടവയൽ മേഖല**

30-ന് കേണിച്ചിറയിൽ വെച്ച് നടവയൽ മേഖല മാതൃസംഘടനയുടെ ജനറൽബോഡി മീറ്റിംഗ് നടന്നു. മേഖലാ ഡയറക്ടർ ബഹു. തോമസ് തൈക്കുന്നുംപുറത്തച്ചന്റെ അദ്ധ്യക്ഷതയിൽ ആനിമേറ്റർ സി. ആഗ്നറ്റ് ക്ലാസ്സെടുത്തു. 6 ശാഖകളിൽ നിന്നായി 18 പേർ പങ്കെടുത്തു. ഒക്ടോബർ 22 ന് 10 മണിക്ക് അരിഞ്ചേർമലയിൽ വെച്ച് മേഖലാ ജപമാലറാലി നടത്താൻ തീരുമാനിച്ചു.

**പയ്യംമ്പിള്ളി മേഖല**

ഓഗസ്റ്റ് 25-ന് മേഖലാ ഡയറക്ടർ ബഹു. ചാക്കോ വാഴക്കാലായിലച്ചന്റെ നേതൃത്വത്തിൽ അമ്മമാർക്കുള്ള അർദ്ധദിനസെമിനാർ നടത്തപ്പെട്ടു. ശാഖാ ആനിമേറ്റർ സി. ഉഷയുടെ നേതൃത്വത്തിൽ ഉള്ള ജപമാല സമർപ്പണത്തോടെ സെമിനാർ ആരംഭിച്ചു. 10 ശാഖകളിൽനിന്നുമായി 104 അംഗങ്ങൾ പങ്കെടുത്തു. ബഹു. ചാക്കോച്ചനച്ചൻ ദിവ്യബലി അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. ആനിമേറ്റർ സി. മരിയറ്റയുടെ സ്വാഗതാശംസയെ തുടർന്ന് രൂപതാകുടുംബപ്രേഷിതത്വത്തിന്റെ അസി. ഡയറക്ടർ ബഹു. ബിനു വടക്കേലച്ചൻ 'സ്ത്രീകൾ ജീവന്റെ സംരക്ഷകർ' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുത്തു. മേഖലാ സെക്രട്ടറി ഫിലോ ചേലയ്ക്കൽ നന്ദിയർപ്പിച്ചു.

ഒക്ടോബർ മാസം ലഹരിക്കടിമകളായ മക്കൾക്കുവേണ്ടി അഖണ്ഡജപമാല നടത്തുവാൻ തീരുമാനിക്കുകയും ഓരോ ശാഖയുടെയും ദിവസങ്ങൾ തീരുമാനിക്കുകയും ചെയ്തു. ഒക്ടോബർ മാസം മുതൽ മേഖലാടീമിന്റെ ശാഖാസന്ദർശനവും ബോധവത്കരണക്ലാസും നടത്തുവാനും തീരുമാനിച്ചു. മേഖലാ ലോഗോസ് ക്വിസിന്റെ വിജയികൾക്ക് സമ്മാനദാനം മേഖലാ ഡയറക്ടർ നൽകി. I$^{st}$ ശ്രീമതി ഫിലോ

ചേലയ്ക്കൽ – ഒണ്ടയങ്ങാടി, II$^{nd}$ ശ്രീമതി ജെസി ചാലിൽ – പയ്യംമ്പള്ളി, III$^{rd}$ ശ്രീമതി റീന കാട്ടിക്കുളം. അടുത്ത സെമിനാറും ക്രിസ്മസ് ആഘോഷവും, കരോൾഗാന മത്സരത്തോടെ ഡിസംബറിൽ കാട്ടിക്കുളംശാഖയിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചു. ശ്രീമതി കുഞ്ഞൂഞ്ഞാമ്മ കാട്ടിക്കുളം ഏവർക്കും നന്ദി പറഞ്ഞു. ഉച്ചഭക്ഷണത്തോടെ അവസാനിച്ചു. അന്നേ ദിവസം 2 മണിക്ക് ശാഖാ ആനിമേറ്റേഴ്സ് സംഗമം നടത്തി. 9 ശാഖകളിലെ ആനിമേറ്റേഴ്സ് പങ്കെടുത്തു. സംഘടനാ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലപ്പെടുത്തുന്നതിന് ആവശ്യമായ കാര്യങ്ങൾ ചർച്ചചെയ്യുകയും ശാഖാപ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. സെമിനാറിന്റെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവർക്കും നന്ദി.

**കല്ലോടി ശാഖ**

10–ന് ദിവ്യബലിക്ക് ശേഷം ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് ആരംഭിച്ചു. ശ്രീമതി ആലീസ് സ്വാഗതം പറഞ്ഞു. വി. മോനിക്കാ പുണ്യവതിയെക്കുറിച്ച് ടീച്ചർ സംസാരിച്ചു. തുടർന്നു വികാരിയച്ചൻ ക്ലാസ്സെടുത്തു. കുടുംബത്തിന്റെ ശക്തി അമ്മമാർ ആണെന്നു അച്ചൻ പറഞ്ഞു. ഒരുപാട് വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ സ്ത്രീ സമൂഹം മുന്നോട്ട് വരണമെന്നും കൊച്ചച്ചൻ പറഞ്ഞു.

എട്ട് നോമ്പിൽ എല്ലാ അമ്മമാരും പങ്കെടുത്തു. എല്ലാ ദിവസവും കൊന്തചൊല്ലുന്നതിനും വായനയിലും നേതൃത്വം നൽകി. പള്ളിപരിസരം വൃത്തിയാക്കുന്നതിനും അലങ്കരിക്കുന്നതിനും സജീവമായി അമ്മമാർ പങ്കെടുത്തു. പെരുന്നാൾ ദിവസം കാഴ്ചസമർപ്പണം നടത്തുകയും നേർച്ചഭക്ഷണം ഉണ്ടാക്കാൻ സഹകരിക്കുകയും ചെയ്തു.

പ്രേഷിതവർഷത്തിൽ ബൈബിൾ പ്രയാണം നടത്താൻ തീരുമാനിച്ചു. മാതൃസംഘത്തിൽ സജീവമായി പങ്കെടുത്തിരുന്ന ചെറുപ്ലാവിൽ ചിന്നമ്മചേച്ചിയുടെ മരണത്തിൽ അനുശോചനം നടത്തുകയും മൗനപ്രാർത്ഥന നടത്തുകയും ചെയ്തു. ശ്രീമതി ഏലിയാമ്മ കുര്യൻ നന്ദി പറഞ്ഞു.

**പോരൂർ ശാഖ**

ജൂലൈ 25–ന് ബഹു. തോമസ് മണക്കുന്നേലച്ചന്റെ നേതൃത്വത്തിൽ ശാഖാ എക്സിക്യൂട്ടീവ് ചേർന്നു. പ്രസിഡന്റ് മോളി കരിമ്പനാക്കുഴി എല്ലാവരെയും സ്വാഗതം ചെയ്തു. തോമസച്ചൻ സന്ദേശം നൽകി. കഴിഞ്ഞ വർഷങ്ങളിൽ സേവനം ചെയ്ത എല്ലാ വാർഡ് പ്രതി

നിധികൾക്കും അച്ചൻ നന്ദി പറഞ്ഞു. പ്രോത്സാഹനമായി ഉപഹാരങ്ങൾ നൽകി.

കഴിഞ്ഞ ദിനങ്ങളിൽ ഇടവകയിൽ നിന്നുമരണമടഞ്ഞ 5 സഹോദരങ്ങളുടെ ഭവനം സന്ദർശിച്ച് അവർക്കും വേണ്ടി പ്രാർത്ഥിച്ചു, റീത്ത് സമർപ്പിച്ചു. 65 പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. സെക്രട്ടറി ലില്ലി എല്ലാവർക്കും നന്ദി പറഞ്ഞു. തുടർന്ന് അംഗങ്ങൾ ഒന്നുചേർന്ന് ദിവ്യബലിയർപ്പിച്ചു.

**ഞാറപ്പാടം ശാഖ**

ജൂലൈ 30 ശനിയാഴ്ച രൂപതാ ഫാമിലി അപ്പോസ്റ്റലേറ്റ് അസി. ഡയറക്ടർ ബിനു വടക്കേൽ അച്ചന്റെ നേതൃത്വത്തിൽ അമ്മമാർക്ക് സെമിനാർ നടത്തി. ബഹു. വികാരി തോമസ് പരുന്തനോലിലച്ചൻ ഉദ്ഘാടനം ചെയ്തു. ശാഖാ എക്സിക്യൂട്ടീവ് അംഗങ്ങൾ സി. മേഴ്സി ജോൺ (ആനിമേറ്റർ), ശ്രീമതി എമിലി ഉമ്പിക്കാട്ട് (പ്രസിഡന്റ്), ശ്രീമതി ഷൈനി പുതുകാട്ടുചിറ (വൈസ്.പ്രസിഡന്റ്), ശ്രീമതി മറിയാമ്മ പുത്തൻപുരയ്ക്കൽ (സെക്രട്ടറി), ശ്രീമതി ടിന്റു പുതുകാട്ടുചിറ (ജോ.സെക്രട്ടറി), ശ്രീമതി ഷിനി പാതാരംചിറ (ട്രഷറർ), ശ്രീമതി ലിസ സേവ്യർ പാലമൂട്ടിൽ, ശ്രീമതി അഞ്ജു മാളിയേക്കൽ എന്നിവരാണ്.

**കേളകം ശാഖ**

2011 ആഗസ്റ്റ് 6-ാം തീയതി മേഖലാ വിസിറ്റ് നടത്തി. കൊട്ടിയൂർ മേഖലാ ആനിമേറ്റർ സി. ലൂസി കുര്യന്റെ നേതൃത്വത്തിലായിരുന്നു വിസിറ്റ്. കേളകം ശാഖയെക്കുറിച്ചും അമ്മമാരുടെ പ്രവർത്തനങ്ങളെക്കുറിച്ചും വിലയിരുത്തുകയും നല്ല അഭിപ്രായം പറയുകയുമുണ്ടായി. ആഗസ്റ്റ് 15 മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടി. അന്നേദിവസം 70 ഓളം അമ്മമാർ യൂണീഫോം ധാരികളായി വന്ന് കാഴ്ചസമർപ്പണം നടത്തി. ബഹുമാനപ്പെട്ട സോമിയച്ചൻ അമ്മമാരെ ശ്ലാഘിച്ച് സംസാരിച്ചു. സെപ്റ്റംബർ 1 മുതൽ എട്ടുനോമ്പ് ആചരണം നടത്തി. അമ്മമാരുടെ നേതൃത്വത്തിൽ ആഘോഷമായ ജപമാല പ്രാർത്ഥന നടത്തി. എട്ടാംദിവസം അമ്മമാർ കാഴ്ചസമർപ്പണം നടത്തി. ഇടവകയിലെ എല്ലാ അമ്മമാരും അതിൽ ഭാഗഭാക്കായി. തുടർന്ന് മാതൃസംഘടനയുടെ അംഗത്വ നവീകരണം നടത്തി. മാതാവിന്റെ ജനനതിരുനാളോടനുബന്ധിച്ച് അമ്മമാർക്ക് മരിയൻക്വിസ് മത്സരം നടത്തി. ആനിമേറ്റർ സി. സിനി എസ്.കെ.ഡി. എല്ലാകാര്യങ്ങൾക്കും നേതൃത്വം നൽകി. കാട്ടിമൂലയിലുള്ള സ്നേഹാലയം സന്ദർശിച്ച് പുതുവസ്ത്രങ്ങളും പലഹാരങ്ങളും നൽകി.

**നെടുമ്പാല ശാഖ**

2011 സെപ്റ്റംബർ 3-ാം തീയതി ശനിയാഴ്ച ഈ മാസത്തെ യോഗം ചേർന്നു. ഇടവക വികാരി ബഹു. തോമസ് പൊൻതൊട്ടിയച്ചൻ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. വ്യക്തിത്വ വികസനം എന്ന വിഷയത്തെ ആധാരമാക്കി ഏകദേശം ഒന്നര മണിക്കൂറോളം അച്ചൻ സംസാരിച്ചു. ജീവിതത്തിൽ സ്മാർട്ട് ആകേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയുണ്ടായി. ശരീരം പ്രായമായാലും മനസ്സ് ചെറുപ്പമാകണമെന്നും സ്മാർട്ട് ആയെങ്കിലേ നല്ല വ്യക്തിത്വം കൈവരിക്കുവാൻ സാധിക്കുകയുള്ളൂ എന്നും അച്ചൻ ഉദ്ബോധിപ്പിച്ചു. എല്ലാം മുൻകൂട്ടി പ്ലാൻ ചെയ്യുക. ബന്ധങ്ങളുടെ മേഖല ഉറപ്പിക്കുക, എല്ലാവരോടും സംസാരിക്കുക, പോസിറ്റീവ് ആയ കാര്യങ്ങൾ മാത്രം പറയുക, എല്ലാവർക്കും സംലഭ്യരാവുക, ഒരു ദിവസമെ ജീവിച്ചുള്ളൂ എങ്കിലും അത് മറ്റുള്ളവർക്ക് ജീവൻ പകരാൻ ഉപകരിപ്പിക്കണം എങ്കിലേ ജീവിതം ധന്യമാകൂ... തുടങ്ങിയ സദ്ചിന്തകൾ അച്ചൻ പങ്കുവച്ചു. ഏകദേശം അൻപതോളം അമ്മമാർ ക്ലാസിൽ സംബന്ധിച്ചു.

8 നോമ്പാചരണം ഓരോ വാർഡിലേയും അമ്മമാർ വളരെ മനോഹരമായി നടത്തി. പള്ളിയലങ്കാരം, ഗാനശുശ്രൂഷ, ജപമാലയ്ക്ക് നേതൃത്വം, നിയോഗം - കാറോസൂസ പ്രാർത്ഥനകൾ മുതലായവയ്ക്കെല്ലാം അമ്മമാരാണ് നേതൃത്വം നൽകിയത്. വി. ബലിക്കു മുൻപായി നടത്തിയ കാഴ്ചവെയ്പിന് 100 രൂപയിൽ കുറയാതെ ഓരോ അമ്മമാരും നിക്ഷേപിക്കുകയുണ്ടായി. 12 വാർഡിലെയും എല്ലാ അമ്മമാരും 8 നോമ്പുദിവസങ്ങളിൽ പള്ളിയിൽ വരികയും നോമ്പെടുക്കുകയും ആത്മാർത്ഥമായി സഹകരിക്കുകയും ചെയ്തു. 13-ാം തീയതി നടന്ന പള്ളിമുറിയുടെ വെഞ്ചെരിപ്പ് കർമ്മത്തോടനുബന്ധിച്ച് പരിസരം വൃത്തിയാക്കുവാനും ഭക്ഷണം തയ്യാറാക്കുവാനും, അലങ്കാരത്തിനും മറ്റുമായി അമ്മമാർ അകമഴിഞ്ഞു സഹകരിച്ചു.

**ചൂരൽമല ശാഖ**

2011 ആഗസ്റ്റ് 28-ാം തീയതി (നാലാംഞായർ) മാതൃസംഘടനയുടെ മാസമീറ്റിംഗ് നടന്നു. ഇടവക വികാരി റവ. ഫാ. തോമസ് പൊൻതൊട്ടിയിൽ അമ്മമാർക്ക് ക്ലാസ്സെടുത്തു. പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. 23 അമ്മമാർ മീറ്റിംഗിൽ സംബന്ധിച്ചു. അമ്മമാർ അറിഞ്ഞിരിക്കേണ്ട പൊതുവായ കാര്യങ്ങളെക്കുറിച്ച് അച്ചൻ വളരെ രസകരമായും തന്മയത്വത്തോടെയും അവതരിപ്പിക്കുകയുണ്ടായി. ഏതു

കാര്യം ചെയ്യുമ്പോഴും വ്യക്തമായ പ്ലാനിംഗ് ഉണ്ടായിരിക്കണം. ബുദ്ധി ഉപയോഗിച്ച് എല്ലാകാര്യങ്ങളും ചിന്തിച്ച് ആലോചിച്ച് മാത്രം പ്രവർത്തിക്കുക, പറയുക. അപ്പോൾ പരാജയം സംഭവിക്കില്ല. നമ്മുടെ ജീവിതത്തിൽ ചെയ്യാൻ പറ്റുന്ന നല്ല കാര്യം ചെയ്യണം. ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ട് എപ്പോഴും സന്തോഷത്തോടെ ജീവിക്കുകയും മറ്റുള്ളവർക്ക് സന്തോഷം കൊടുക്കുകയും ചെയ്യുമ്പോൾ നമ്മുടെ ജീവിതം ധന്യമായിത്തീരും. സ്വയംസ്നേഹിക്കാൻ സാധിച്ചെങ്കിലേ മറ്റുള്ളവരെ സ്നേഹിക്കാൻ സാധിക്കൂ. തുടങ്ങിയ ആശയങ്ങൾ പങ്കുവെച്ചപ്പോൾ ഇനിയും ഇപ്രകാരമുള്ള ക്ലാസുകൾ വേണമെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു. 8 നോമ്പ് സമുചിതമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി വാർഡുതലത്തിൽ കൊന്ത ചൊല്ലുവാനും ഉപവാസമെടുത്ത് പ്രാർത്ഥിക്കാനും തീരുമാനിച്ചുകൊണ്ട് യോഗം പിരിഞ്ഞു.

**മരിയൻ സിംഗിൾസ്**

6-ന് ഡയറക്ടറിന്റെയും സി. മരീനയുടെയും നേതൃത്വത്തിൽ ഏകസ്ഥ കൂട്ടായ്മ നടന്നു. 14 പേർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ഒക്ടോബർ 11 -ന് 10 മണിക്ക്.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

മനുഷ്യ രക്ഷയുടെ കാര്യത്തിൽ പരി. മറിയത്തെ പങ്കുചേർക്കുവാൻ ദൈവം പ്രത്യേകം തിരുമനസ്സായി. മനുഷ്യാവതാരത്തിൽ മറിയത്തെ പങ്കുചേർക്കുവാനായി പ്രത്യേകം അമലോത്ഭവയായി സൃഷ്ടിച്ചൊരുക്കി. മാതാവ് തന്റെ ഉത്ഭവ നിമിഷം മുതൽ വരപ്രസാദസമ്പന്നയായിരുന്നു.

ജപമാല രാജ്ഞിക്ക് പ്രത്യേകം പ്രതിഷ്ഠിതമായ ഈ മാസത്തിൽ പരി. അമ്മയോടൊപ്പം ഈശോയുടെ തിരുമുഖം ധ്യാനിച്ചുകൊണ്ട് മനുഷ്യജീവിതത്തിൽ അവിഭാജ്യമായ സുഖദുഃഖരഹസ്യങ്ങളിലൂടെ കടന്ന് പ്രകാശത്തോടെ നമുക്കു മഹിമയിലേക്കു പ്രവേശിക്കാം.

അനുവാചകർക്കെല്ലാം അനുഗ്രഹപൂർണ്ണമായ ജപമാല മാസം ആശംസിക്കുന്നു.

### സോണൽ മീറ്റിംഗ്

2011 സെപ്റ്റംബർ 2 ആദ്യവെള്ളി 49 ശുശ്രൂഷകർ സിയോൻ ചാപ്പലിൽ സോണൽ മീറ്റിംഗിനായി ഒന്നിച്ചുചേർന്നു. 9.30 ന് ആരാധനയ്ക്കായി ദിവ്യകാരുണ്യ ഈശോയെ അൾത്താരയിൽ ബഹു. പാറയിൽ അച്ചൻ എഴുന്നള്ളിച്ചു വച്ചു. ജപമാല സി. ടീന SH ഉം ആരാധന ശ്രീ. ബേബി കുപ്പയിലും നയിച്ചു. 11.30 ന് ശ്രീ. ജോസ് മാളോല വചനം പങ്കുവച്ച് ക്ലാസ്സെടുത്തു. ക്രിസ്തു ശിഷ്യന്റെ അടിസ്ഥാനപരമായ വിളി ലോകത്തിന്റേതാകാതെ ലോകത്തിലായിരിക്കുക. ക്രിസ്തുവിന്റെ മുഖത്തുനോക്കി നടക്കുന്ന ശിഷ്യന് കാലിടറുകയില്ല. 12 മണിക്ക് ബഹു. സണ്ണി പുതനപ്ര അച്ചൻ വി. ബലി അർപ്പിച്ച് സന്ദേശം നൽകി. ലഘുഭക്ഷണത്തിനുശേഷം ശ്രീ. ബേബി മൂത്തേടം നിർദ്ദേശങ്ങൾ നൽകി. കരിസ്മാറ്റിക് നവീകരണത്തിന്റെ ജിഹ്വയായ ജീവജ്വാല എല്ലാ ഭവനങ്ങളിലും എത്തിക്കാൻ ശ്രമിക്കുക; ഡിസംബറിൽ ഭരണങ്ങാനത്തു നട

ക്കുന്ന കുടുംബ കൺവെൻഷൻ ഒരുക്കമായി കുടുംബസന്ദർശനങ്ങൾ നടത്തുക. തുടർന്ന് 6 PM വരെ ശുശ്രൂഷകർ എൽഡറിംഗിനായി സമയം വിനിയോഗിച്ചു.

### ജാഗരണ പ്രാർത്ഥന

6 PM ന് ജപമാല, 7 PM ബഹു. പാറയിൽ അച്ചൻ വി. ബലി അർപ്പിച്ച് സന്ദേശം നൽകി. അത്താഴത്തിനുശേഷം കുരിശിന്റെ വഴി നടത്തി. തുടർന്ന് ആരാധന ആരംഭിച്ചു. ബഹു. പാറയിൽ അച്ചനും, ബഹു. മനോജ് കാക്കോനാൽ അച്ചനും സീയോൻ ടീമും ചേർന്ന് 12 മണിവരെ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. ജാഗരിച്ച് പ്രാർത്ഥിച്ച മക്കളെ കർത്താവ് സൗഖ്യവും മറ്റ് അനുഗ്രഹങ്ങളും നൽകി സമ്പന്ന രാക്കി.

### ആദ്യശനി ഏകദിന കൺവെൻഷൻ

6 AM ന് മാതൃസന്നിധിയിൽ അണഞ്ഞ ശുശ്രൂഷകർ ജപമാല ചൊല്ലിക്കൊണ്ട് സിയോനു ചുറ്റും നടന്ന് പ്രാർത്ഥിച്ചു. ബഹു. പാറയിൽ അച്ചൻ വചനം വ്യാഖ്യാനിച്ച് പ്രാർത്ഥിച്ച് വി. ജലം തളിച്ച് ശുശ്രൂഷകരെയും ഹാളിനെയും വിശുദ്ധീകരിച്ചു. ഒരുക്കശുശ്രൂഷയ്ക്കും പ്രഭാതഭക്ഷണത്തിനും ശേഷം 8.30 ന് സ്റ്റേജിൽ സപ്ര, ജപമാല, സ്തുതി ആരാധന എന്നീ പതിവ് ശുശ്രൂഷകൾ നടത്തി. 11 മണിക്ക് ബഹു. തോമസ് കുറ്റിക്കാട്ടുകുന്നേൽ അച്ചൻ മദ്യപാനത്തിന്റെ ദൂഷ്യഫലങ്ങളെയും മദ്യവിരുദ്ധ പ്രവർത്തനങ്ങളെയുംപറ്റി ക്ലാസ്സെടുത്തു. 12 ന് ബഹു. പാറയിൽ അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. ലഘുഭക്ഷണം, അനുഭവസാക്ഷ്യങ്ങൾ ഇവയ്ക്കുശേഷം ദിവ്യകാരുണ്യ ആരാധന, സൗഖ്യപ്രാർത്ഥന, ദിവ്യകാരുണ്യ പ്രദക്ഷിണം എന്നിവയെല്ലാം ഒത്തിരി ശാരീരിക, മാനസിക, ആത്മീയ സൗഖ്യത്തിന് നിദാനമായിതീർന്നു. അനുരഞ്ജന കൂദാശ പരികർമ്മം ചെയ്ത ബഹു. വൈദികർക്കും കൗൺസിലിംഗ് ശുശ്രൂഷ ചെയ്ത കൗൺസിലേഴ്സിനും നന്ദി.

### രണ്ടാംശനി 10-9-2011

### കൗൺസിലിംഗ് ദിനം

രാവിലെ 9.30 മുതൽ ശുശ്രൂഷ ആരംഭിച്ചു. തലേരാത്രി പ്രാർത്ഥിച്ചൊരുങ്ങിയ കൗൺസിലേഴ്സ് 4 മണി വരെ കൗൺസിലിംഗ് നടത്തി. 66 പേർ വന്ന് കൗൺസിലിംഗ് നടത്തി പോയി.

### ദമ്പതി കൂട്ടായ്മ

31 പേർ കൂട്ടായ്മയിൽ സംബന്ധിച്ചു. 10 AM ന് ശ്രീമതി മേരി

പേര്യക്കോട്ടിൽ നയിച്ച ജപമാല പ്രാർത്ഥനയോടെ ഇന്നത്തെ പ്രോഗ്രാമുകൾ ആരംഭിച്ചു. തുടർന്ന് സ്തുതി ആരാധന നടത്തി. 11 മണിക്ക് ചുങ്കക്കുന്ന് ഇടവകയിലെ സജി തേമാങ്കുഴി 'മാനവരക്ഷ യേശുക്രിസ്തുവിലൂടെ' എന്ന വിഷയത്തെക്കുറിച്ച് ദൈവവചനം ആസ്പദമാക്കിയും സ്വന്തജീവിതാനുഭവങ്ങൾ പങ്കുവച്ചും ക്ലാസ്സെടുത്തു. 12 മണിക്ക് ബഹു. മാത്യു കാട്ടറത്തച്ചൻ വി. ബലി അർപ്പിച്ചു. ഉച്ചഭക്ഷണത്തിനുശേഷം ഗ്രൂപ്പ് ഷെയറിംഗും ആരാധനയും നടത്തി. സി. ലിന്റ FCC ഗാനശുശ്രൂഷ നടത്തി. ബഹു. നന്തികാട്ടച്ചൻ സമാപനാശീർവ്വാദം നൽകി. ശ്രീ. സണ്ണി പോര്യക്കോട്ടിൽ സ്വാഗതവും ശ്രീ. ജോസഫ് തോട്ടുപുറം നന്ദിയും പറഞ്ഞു.

### മൂന്നാംവെള്ളി സൗഖ്യദിനം, ജാഗരണപ്രാർത്ഥന

9.30 ന് ആരംഭിച്ചു. ശ്രീ. ചാക്കോച്ചൻ പുത്തൻപുര ജപമാലയും ആരാധനയും മദ്ധ്യസ്ഥ പ്രാർത്ഥനയും നയിച്ചു. ബഹു. ജോർജ് മേമനയച്ചൻ വി. ബലി അർപ്പിച്ചു സൗഖ്യപ്രാർത്ഥന നടത്തി. 7 PM ന് ബഹു. പാറയിലച്ചൻ വി. ബലി അർപ്പിച്ചു.

6 PM – 5 AM വരെ സിയോൻ ചാപ്പലിൽ ജാഗരണ പ്രാർത്ഥന നടത്തി.

### സിയോൻ ഒക്ടോബർ മാസത്തിൽ

| | | |
|---|---|---|
| സെപ്റ്റംബർ 30 | – | സോണൽ മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| ഒക്ടോബർ 1 | – | ആദ്യശനി ഏകദിന കൺവെൻഷൻ |
| | – | കൗൺസിലിംഗ്, |
| | – | ക്രിസ്റ്റീൻ കൺവെൻഷൻ |
| ഒക്ടോബർ 4 | – | 5 PM – 9 ന് 8 AM വരെ യുവജനധ്യാനം |
| ഒക്ടോബർ 8 | – | പൊതുകൗൺസിലിംഗ് |
| | – | ദമ്പതീ കൂട്ടായ്മ |
| 21 മൂന്നാം വെള്ളി | – | സൗഖ്യദിനം |
| ഒക്ടോബർ 28 | – | ജാഗരണ പ്രാർത്ഥന, സുവിശേഷമുന്നണി |

**ഫാ. സെബാസ്റ്റ്യൻ പാറയിൽ**
സിയോൻ ഡയറക്ടർ
**ഫാ. മനോജ് കാക്കോനാൽ**
**ഫാ. മാത്യു കറുത്തേടത്ത്**



# ജീസസ് യൂത്ത്, ക്രിസ്റ്റീൻ

1. 2011 സെപ്റ്റംബർ 3-ാം തീയതി ആദ്യശനിയാഴ്ച സിയോൻ ചാപ്പലിൽ വെച്ച് ക്രിസ്റ്റീൻ പ്രോഗ്രാം നടത്തി. ജീസസ് യൂത്ത്-ക്രിസ്റ്റീൻ മിനിസ്ട്രിയുടെ അസി. ഡയറക്ടർ ബഹു. മനോജ് കറുത്തേടത്ത് അച്ചനും ജീസസ് യൂത്ത് ടീം അംഗങ്ങളും പരിപാടിക്ക് നേതൃത്വം നൽകി.
2. സെപ്റ്റംബർ 5, 6, 7 തീയതികളിൽ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ നാമധേയത്തിലുള്ള പുതിയിടംകുന്ന് ദേവാലയത്തിൽ വച്ച് നടത്തിയ ക്രിസ്റ്റീൻ ധ്യാനത്തിൽ ഇടവകയിലെ നാല് മുതൽ +2 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾ പങ്കെടുത്തു. ജീസസ് യൂത്ത് ഡയറക്ടർ ബഹു. മനോജ് കാക്കോനാൽ അച്ചനും ടീം അംഗങ്ങളും ധ്യാനത്തിന് നേതൃത്വം നൽകി. റവ. ഫാ. മനോജ് കാക്കോനാൽ, സി. അനിജ CMC, സി. റ്റീന SH, എന്നിവർ ക്ലാസ്സുകൾ നയിച്ചു.
3. സെപ്റ്റംബർ 7, 8 തീയതികളിൽ സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, തോണിച്ചാലിൽ വെച്ച് ഇടവകയിലെ 4 മുതൽ +2 ക്ലാസ്സുകൾ വരെയുള്ള വിദ്യാർത്ഥികൾ പങ്കെടുത്ത ക്രിസ്റ്റീൻ ധ്യാനം ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ നടത്തി. റവ. ഫാ. മനോജ് കാക്കോനാൽ, റവ. ഫാ. മനോജ് കറുത്തേടത്ത്, സി. അനിജ CMC എന്നിവർ ക്ലാസ്സുകൾ നയിച്ചു.
4. സെപ്റ്റംബർ 7, 8, 9 തീയതികളിൽ ദ്വാരക സിയോൻ ധ്യാനകേന്ദ്രത്തിൽ വെച്ച് 25 യുവജനങ്ങൾ പങ്കെടുത്ത ജീസസ് യൂത്ത് ലീഡേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം **'അഗ്നിശുശ്രൂഷ'** എന്ന പേരിൽ നടത്തി. റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ, റവ. ഫാ. മനോജ് കാക്കോനാൽ,

റവ. ഫാ. പ്രിൻസ് തുമ്പിയാംകുഴിയിൽ, റവ. ഫാ. മനോജ് കറുത്തേടത്ത്, സി. റ്റീന SH, സി. അനിജ CMC, സി. സാൽവി SKD എന്നിവർക്കൊപ്പം ജീസസ് യൂത്ത് ടീം അംഗങ്ങളും പ്രോഗ്രാമിന് നേതൃത്വം നൽകി.

5. സെപ്റ്റംബർ 10, രണ്ടാം ശനിയാഴ്ച സിയോൻ ചാപ്പലിൽ വച്ച് ജീസസ് യൂത്തിന്റെ പ്രാർത്ഥനാ കൂട്ടായ്മ നടത്തി. റവ. ഫാ. മനോജ് കാക്കോനാൽ വി. ബലി അർപ്പിച്ചു. മറ്റ് ടീം അംഗങ്ങൾ പ്രോഗ്രാമിന് നേതൃത്വം നൽകി.

6. സെപ്റ്റംബർ 11 ഞായറാഴ്ച സെന്റ് തോമസ് ചർച്ച്, ദീപ്തിഗിരിയിൽ വെച്ച് 105 കുട്ടികൾ പങ്കെടുത്ത ഏകദിന ധ്യാനം നടത്തി. രാവിലെ 10 മണിക്ക് ജപമാലയോടുകൂടെ ആരംഭിക്കുകയും വൈകിട്ട് 4 മണിക്ക് ദിവ്യകാരുണ്യ ആരാധനയോടുകൂടെ അവസാനിക്കുകയും ചെയ്ത പരിപാടിയ്ക്ക് ബഹു. മനോജ് കാക്കോനാൽ അച്ചനും ജീസസ് യൂത്ത് ടീം അംഗങ്ങളും നേതൃത്വം നൽകി.

**ഫാ. മനോജ് കാക്കോനാൽ**
ഡയറക്ടർ

# സിയോൻ പ്രോലൈഫ് മൂവ്മെന്റ്

## കൽപ്പറ്റ

ജൂലൈ 20 മുതൽ സെപ്റ്റംബർ 20 വരെയുള്ള മാസങ്ങളിലെ പ്രവർത്തന റിപ്പോർട്ടും, പ്രോഗ്രാമുകളും.

### 1. ദിവ്യകാരുണ്യാരാധന

ആഗസ്റ്റ് 10, സെപ്റ്റംബർ 14: കൽപറ്റ ഫാത്തിമ മാതാ ഹോസ്പിറ്റൽ ചാപ്പലിൽവെച്ച് നടന്ന ദിവ്യകാരുണ്യാരാധനകൾക്ക് പോൾ കരിമ്പനാക്കുഴി, സാലു അബ്രാഹം മേച്ചേരിൽ എന്നിവർ യഥാക്രമം നേതൃത്വം നൽകി. എല്ലാമാസത്തിലേയും രണ്ടാം ബുധനാഴ്ചകളിൽ നടന്നുവരുന്ന ഈ ആരാധനയിൽ ഇപ്രാവശ്യവും ധാരാളം ആളുകൾ പങ്കെടുക്കുകയും ഗർഭിണികൾക്കും രോഗികളായിട്ടുള്ളവർക്കും വേണ്ടി പ്രത്യേകമായി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുകയും ചെയ്തു.

### 2. പ്രതിവാര പ്രാർത്ഥനാ കൂട്ടായ്മകൾ

എല്ലാ ബുധനാഴ്ചകളിലുമുള്ള കൂട്ടായ്മ പ്രാർത്ഥനകൾ കൽപറ്റയിൽ സിയോൺ ഓഫീസിൽ (കരിമ്പനാൽഭവനം) വെച്ച് നടന്നു. വിവിധ ദിവസങ്ങളിലായി പോൾ കരിമ്പനാക്കുഴി, ബേബി കരിമ്പനാൽ, ബേബി നീലംകാവിൽ, സാലു അബ്രാഹം മേച്ചേരിൽ തുടങ്ങിയവർ പ്രാർത്ഥനകൾ നയിച്ചു.

### 3. ക്ലാസ്സുകൾ, സെമിനാറുകൾ

1. ജൂലൈ 31: റിപ്പൺ സെന്റ് ആന്റണീസ് ചർച്ച് (കോഴിക്കോട് രൂപത) – ഇടവകാംഗങ്ങൾക്കുവേണ്ടി
2. ആഗസ്റ്റ് 4: 10.30 – 3.30 p.m. മാനന്തവാടി ന്യൂമാൻസ് കോളേജ് ഡിഗ്രി ഒന്നാം വർഷക്കാർക്ക്.
3. ആഗസ്റ്റ് 7: സെന്റ് ജൂഡ് ചർച്ച് മൂലങ്കാവ് (മാനന്തവാടി രൂപത) – മാതാപിതാക്കൾക്കുവേണ്ടി
4. ആഗസ്റ്റ് 13: കൽപ്പറ്റ സെന്റ് ജോസഫ്സ് ഹൈസ്കൂൾ മാതാപിതാക്കൾക്ക് 9.30–1.00 p.m.
5. ആഗസ്റ്റ് 13: മുണ്ടക്കുറ്റി സ്കൂൾ – ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുംവേണ്ടി 2.30–4.30 p.m.
6. ആഗസ്റ്റ് 18: കണിയാരം ഫാ. ജി.കെ.എം. ഹൈസ്കൂൾ 8–ാം ക്ലാസ് വിദ്യാർത്ഥികൾക്ക് 10–4.00 p.m.

7. ആഗസ്റ്റ് 19: കണിയാരം ഫാ. ജി.കെ.എം. ഹൈസ്കൂൾ 9-ാം ക്ലാസ് വിദ്യാർത്ഥികൾക്ക് 10-4.00 p.m.
8. സെപ്റ്റംബർ 12: പൂമല സെന്റ് റോസ്സല്ലസ് സ്പീച് ആൻഡ് ഹിയറിംഗ് സ്കൂൾ (CBSE സ്കൂൾ) - മാതാപിതാക്കൾക്കുവേണ്ടി 10.30-4.00 p.m.
9. സെപ്റ്റംബർ 15 : മാനന്തവാടി ന്യൂമാൻസ് കോളേജ് ഡിഗ്രി 2, 3 വർഷക്കാർക്ക് 10.30-3.30 p.m.
10. സെപ്റ്റംബർ 17 : മാനന്തവാടി മേരിമാതാ കോളേജ് വിമൺസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ ഡിഗ്രി വിദ്യാർത്ഥിനികൾക്ക് 10.30-3.30 p.m.
11. സെപ്റ്റംബർ 18 : റിപ്പൺ സെന്റ് ജോസഫ് ചർച്ച് (മാനന്തവാടി രൂപത) യുവജനങ്ങൾക്ക് 9.00-1.00 p.m.

കെ.സി.ബി.സി. പ്രോലൈഫ് സമിതി മലബാർ റീജണൽ കോ-ഓഡിനേറ്റർ ശ്രീ. സാലു അബ്രാഹം മേച്ചേരിൽ, സോണൽ കോ-ഓഡിനേറ്റർ അഡ്വ. ജോസ് കുറുമ്പാലക്കാട്ട് തുടങ്ങിയവർ ക്ലാസ്സെടുത്തു.

### 5. ജപമാലസഖ്യം

ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 800 ലധികം അംഗങ്ങൾ ജപമാലചൊല്ലി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്ന ജപമാലസഖ്യം വഴി അനേകർക്ക് രോഗസൗഖ്യം ലഭിച്ചിട്ടുണ്ട്. ജപമാലസഖ്യത്തിലേക്ക് പുതിയ അംഗങ്ങളായി ചേർന്നവരെ സ്വാഗതം ചെയ്യുന്നു.

### 6. അടുത്ത മാസത്തെ പ്രോഗ്രാം

1) ഒക്ടോബർ 25, നെല്ലിയോടി പള്ളി : രാവിലെ മാതാപിതാക്കൾക്ക് ഉച്ചയ്ക്കുശേഷം യുവജനങ്ങൾക്കും, കുട്ടികൾക്കും.
2) ഒക്ടോബർ 6 ആടിക്കൊല്ലി ചർച്ച് : മാതാക്കൾക്കുവേണ്ടി

**ഇടവകകളിലും (1. "പ്രോ-ലൈഫ് കാസ്സും"), സ്കൂളുകളിലും (2. "ലൈംഗീകതയും ജീവിതവിശുദ്ധിയും") പ്രോഗ്രാം നടത്തുന്നതിനും, ജപമാലസഖ്യത്തിൽ അംഗങ്ങളാകുന്നതിനും താഴെകാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക.**

**സാലു അബ്രാഹം മേച്ചേരിൽ**
മലബാർ റീജണൽ കോ-ഓഡിനേറ്റർ
ഫോൺ: 9961297696

**അഡ്വ. കെ. എ. ജോസ് കുറുമ്പാലക്കാട്ട്**
സോണൽ കോ-ഓഡിനേറ്റർ
ഫോൺ: 9446647614

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹോദരീ സഹോദരങ്ങളെ,

ഒക്ടോബർ മാസത്തിന്റെ പ്രാധാന്യം നിങ്ങൾക്കേവർക്കും അറിയാമല്ലോ? നമ്മുടെ ക്രിസ്തീയ ഉപവിപ്രവർത്തനങ്ങൾ ദൈവസന്നിധിയിൽ പ്രീതികരമാക്കുവാൻ മാതാവിന്റെ അനുഗ്രഹം അപേക്ഷിച്ചുകൊണ്ട് ജപമാല മാസം ആചരിക്കുവാനും നാം ബന്ധപ്പെടുന്നവരിൽ മരിയൻ ഭക്തി ഉണർത്തുവാനും പരിശ്രമിക്കുക. കൂടാതെ ഈ മാസം വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാൾ മാസം കൂടിയാണ്. പുണ്യവാനോട് ചേർന്ന് നിന്ന് "കർത്താവേ എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമേ" എന്ന് നമുക്കും പ്രാർത്ഥിക്കാം. നമ്മുടെ ഭവന സന്ദർശന വേളകൾ സ്നേഹത്തിന്റെയും പ്രത്യാശയുടെയും സന്തോഷത്തിന്റെയും പ്രകാശം പരത്തുന്നതാക്കുവാൻ എല്ലാ സഹോദരങ്ങളും ശ്രദ്ധിക്കുക.

**AGM മീറ്റിംഗ്**

സൊസൈറ്റി ഓഫ് വിൻസെന്റ് ഡി പോൾ ഇന്ത്യൻ നാഷണൽ കൗൺസിലിന്റെ ജനറൽ ബോഡി യോഗം സെപ്റ്റംബർ 2, 3, 4 തീയതികളിൽ തൃശൂർ ആർച്ച് ബിഷപ്പ്സ് ഹൗസ് ഓഡിറ്റോറിയത്തിൽ വെച്ച് നടക്കുകയുണ്ടായി. മാനന്തവാടി സെന്ററൽ കൗൺസിലിനെ പ്രതിനിധീകരിച്ച് ബ്ര. തോമസ് മാങ്ങൻ, സി.സി പ്രസിഡന്റ് പങ്കെടുക്കുകയുണ്ടായി. 2-ാം തീയതി നടന്ന ഉദ്ഘാടന സമ്മേളനത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മുഖ്യ അതിഥിയായിരുന്നു. 3-ാം തീയതി മാർ റാഫേൽ തട്ടിൽ പിതാവും യോഗത്തെ അഭിസംബോധന ചെയ്തു പ്രസംഗിച്ചു. ക്രൈസ്തവ മൂല്യങ്ങൾ പ്രഘോഷിക്കുന്ന ഉപവിപ്രവർത്തനങ്ങളിലൂടെ ആധുനിക ലോകത്തിന്റെ മനഃസാക്ഷിയിൽ ദൈവസ്നേ

ഹത്തിന്റെ അമൃതധാര ഒഴുക്കി സമൂഹത്തിൽ കത്തോലിക്കാ വിശ്വാസത്തിന്റെ പുളിമാവുകളായി പ്രവർത്തിക്കുവാൻ പിതാവ് സൊസൈറ്റി അംഗങ്ങളോട് അഭ്യർത്ഥിച്ചു. നാഷണൽ പ്രസിഡന്റ് V.M.J ബാല സ്വാമി ചടങ്ങിന് നേതൃത്വം നൽകി. റീജണൽ കൗൺസിലുകളുടെ പ്രവർത്തന റിപ്പോർട്ടുകളും പ്രവർത്തന രേഖയും ചർച്ചകൾക്ക് ശേഷം പാസാക്കി. വി. ഫെഡറിക് ഓസ്സാനാമിന്റെ 350-ാം ചരമ വാർഷികത്തോടനുബന്ധിച്ച് ടൗണിൽ ബഹുജന റാലിയും പൊതുസമ്മേളനവും നടത്തപ്പെട്ടു. അടുത്ത AGM മീറ്റിംഗ് മംഗലാപുരത്ത് വെച്ച് 2012 സെപ്റ്റംബറിൽ ചേരുവാൻ തീരുമാനിച്ചു.

## ഏരിയ കൗൺസിൽ വാർത്തകൾ

### വാഴവറ്റ എ.സി.

കരണി ക്രിസ്തുരാജ കോൺഫ്രൻസ് പ്രവർത്തകർ പ്രസിഡന്റ് അനൂപ് ജോജോ കന്നുതൊട്ടിയുടെ നേതൃത്വത്തിൽ കോഴിക്കോട് മെന്റൽ ഹോസ്പിറ്റൽ രോഗികളെ സന്ദർശിക്കുകയും സൗഹൃദസംഭാഷണം നടത്തുകയും ചെയ്തു. മധുരപലഹാരങ്ങൾ വിതരണം ചെയ്തു. ആഗസ്റ്റ് 21 ന് നടത്തിയ ഈ സന്ദർശനം രോഗികൾക്ക് പ്രത്യാശയും കോൺഫ്രൻസ് അംഗങ്ങൾക്ക് നവ്യാനുഭവവും ആയിരുന്നു.

### ബത്തേരി എ.സി.

ബത്തേരി സെന്റ് ജോസഫ്സ് കോൺഫ്രൻസ് അംഗങ്ങൾ ഡിവൈൻ കൂട്ടായ്മയുമായി സഹകരിച്ച് ഗവ. ആശുപത്രിയിൽ 31-8-2011 ന് രോഗികൾക്ക് ഉച്ചഭക്ഷണം നൽകുന്ന പരിപാടിയിൽ ഭാഗഭാക്കുകളായി.

### പാടിച്ചിറ പുൽപ്പള്ളി എ.സി.

പാടിച്ചിറ പുൽപ്പള്ളി എ.സി കളിലെ പ്രതിനിധികൾ 11-9-2011-ന് മുള്ളൻകൊല്ലി സ്കൂളിൽ വച്ച് ചേർന്ന സംയുക്ത യോഗത്തിൽ ഫൊറോന വികാരി റവ. ഫാ. അഗസ്റ്റ്യൻ നിലയ്ക്കപ്പള്ളി അദ്ധ്യക്ഷത വഹിച്ചു. ഭവന സന്ദർശന വേളയിൽ സൊസൈറ്റി അംഗങ്ങൾക്ക് ലഭിക്കുന്ന വിവരങ്ങൾ വികാരിയച്ചനുമായി ഷെയർ ചെയ്ത് പ്രവർത്തിച്ചാൽ ഒത്തിരി സൽ പ്രവർത്തികൾ സൊസൈറ്റിക്ക് ചെയ്യുവാൻ അവസരം ലഭിക്കുമെന്ന് അച്ചൻ ഉദ്ബോധിപ്പിച്ചു. സി.സി. പ്രസിഡന്റ് ബ്ര. തോമസ് മാങ്ങനും, സെക്രട്ടറി ബ്ര. അഗസ്റ്റ്യൻ കൊടിയൻകുന്നേലും പ്രസ്തുത യോഗത്തിൽ സംബന്ധിച്ചിരുന്നു.

**കല്ലോടി എ.സി.**

ദീപ്തിഗിരി സെന്റ് തോമസ് പള്ളിയിലെ മാതൃസംഘം പ്രവർത്തകർ ഇടവക വികാരി റവ. ഫാ. മനോജ് കാക്കോനാലിന്റെ നേതൃത്വത്തിൽ എട്ടുനോമ്പാചരണത്തിന്റെ ഭാഗമായി സ്വരൂപിച്ച Rs. 6500/- യും അരി തുടങ്ങിയ സാധന സാമഗ്രികളും 17-9-2011 ന് ഓസ്സാനാംഭവൻ സന്ദർശിച്ച് അവിടുത്തെ അന്തേവാസികൾക്ക് വിതരണം ചെയ്തു. 26 ഓളം മാതൃസംഘ പ്രവർത്തകർക്ക് പ്രസ്തുത സന്ദർശനവും അവിടുത്തെ ഒരു ദിവസത്തെ സേവനവും ഒരു നവ്യാനുഭവമായിരുന്നു.

**ഓസ്സാനാംഭവൻ നടവയൽ**

മദർ തെരേസയുടെ ജന്മദിനമായ ആഗസ്റ്റ് 26 ന് നടവയൽ ഓസ്സാനാംഭവനിൽ അഗതിദിനമായി ആചരിച്ചു. ചടങ്ങിൽ നടവയൽ ഫൊറോന വികാരി റവ. ഫാ. ജെയിംസ് കുന്നത്തേട്ട് അദ്ധ്യക്ഷനായിരുന്നു. ബ്ര. ബാബു ചെറപ്പുറം ദിവസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ക്ലാസ്സ് എടുത്തു. വാർഡ് മെമ്പർ അന്നക്കുട്ടി ജോസ്, ബ്ലോക്ക് മെമ്പർ റാണി വർക്കി, കോൺഫ്രൻസ് അംഗങ്ങൾ, സിസ്റ്റേഴ്സ്, അന്തേവാസികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

**പുതിയ കോൺഫ്രൻസ് രൂപീകരണം**

14-8-2011 ന് പുൽപ്പള്ളിയിൽ ആടിക്കൊല്ലി സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ സെന്റ് സെബാസ്റ്റ്യൻസ് വിൻസെന്റ് ഡി പോൾ എന്ന പേരിൽ പുതിയ കോൺഫ്രൻസ് രൂപീകരിച്ചു. യോഗത്തിൽ ഇടവക വികാരി റവ. ഫാ. ഡൊമിനിക്ക് വളകൊടിയിൽ അദ്ധ്യക്ഷനായിരുന്നു. രൂപതാ ജനറൽ സെക്രട്ടറി അഗസ്റ്റ്യൻ കൊടിയംകുന്നേൽ കോൺഫ്രൻസിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഭാരവാഹികൾ - അഗസ്റ്റ്യൻ മണ്ണാർതോട്ടം (പ്രസിഡന്റ്) ഏലിക്കുട്ടി കൊല്ലമനയിൽ (വൈസ് പ്രസിഡന്റ്) സജി നമ്പുടാകം (സെക്രട്ടറി) ഷാജി കൈപ്പള്ളിമാലിൽ (ട്രഷറർ) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

**ഓസ്സാനഭവൻ സന്ദർശനം - വാഴവറ്റ എ.സി.**

| | | |
|---|---|---|
| അമലോത്ഭവ മാതാ വാഴവറ്റ (വ) | - | 14-10-2011 |
| ഡൊമിനിക്ക് സാവിയോ വാഴവറ്റ | - | 15-10-2011 |
| സെന്റ് സെബാസ്റ്റ്യൻസ് വാഴവറ്റ (പു) | - | 18-10-2011 |
| ക്രിസ്തുരാജ കോൺഫ്രൻസ് കരണി | - | 20-10-2011 |

**ബത്തേരി എ.സി.**

| | | |
|---|---|---|
| സെന്റ് മാർട്ടിൻ അമ്പലവയൽ (പു) | - | 22-10-2011 |
| സെന്റ് മേരി ബത്തേരി (പു) | - | 25-10-2011 |
| സെന്റ് ജോർജ് ചിത്രഗിരി (പു) | - | 27-10-2011 |
| സെന്റ് അൽഫോൻസ് കടൽമാട് (വ) | - | 29-10-2011 |
| സെന്റ് മേരീസ് കടൽമാട് (പു) | - | 2-11-2011 |
| സെന്റ് ജൂഡ് മൂലങ്കാവ് (പു) | - | 5-11-2011 |
| സെന്റ് ആന്റണി പഴൂർ (പു) | - | 7-11-2011 |
| സെന്റ് മേരി തോമാട്ടുചാൽ (വ) | - | 10-11-2011 |

ജപമാലയിലൂടെ ലഭിക്കുന്ന അനുഗ്രഹം ഏവരിലും നിറയട്ടെ എന്ന പ്രാർത്ഥനയോടെ നിർത്തുന്നു.

സ്നേഹപൂർവ്വം,
**ബ്രദർ എം.സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡന്റ്



# ജയിൽ മിനിസ്ട്രി

ഇടവകയ്ക്ക് യുവത്വം പകരുന്നത് അവിടുത്തെ യുവജനങ്ങൾ ആണ്. ശൈശവവും വാർദ്ധക്യവും തമ്മിൽ ബന്ധിപ്പിക്കുന്ന പാലം യൗവ്വനം തന്നെ. ഇത് ചിന്തയിലും പ്രവൃത്തിയിലും പ്രകടമാക്കി കൊണ്ടാണ് പുതിയിടംകുന്ന് പള്ളിയിൽ നിന്നും ബഹുമാനപ്പെട്ട പൂതക്കുഴി  ജെയ്സ് അച്ചന്റെ നേതൃത്വത്തിലുള്ള കെ.സി.വൈ.എം. അംഗങ്ങൾ ബഹു. ആനിമേറ്റർ സിസ്റ്ററോടൊപ്പം വൈത്തിരി സബ്ജയിൽ സന്ദർശനത്തിനായി 2011 ആഗസ്റ്റ് 21-ന് വന്നത്. തടവറയിലുള്ളവർക്ക് ഒരു ആത്മപരിശോധനാവേദി ഒരുക്കിയാണ് യുവജനങ്ങൾ കലാപരിപാടികളിലൂടെ കടന്നുപോയത്. യൗവ്വനകാലഘട്ടത്തിലുള്ള ഭൂരിഭാഗംവരുന്ന തടവറ മക്കൾക്കും ഇതൊരു വേറിട്ട അനുഭവമായി. തടവറയിലുള്ളവരുടെ കലാപരിപാടികളും ശ്രദ്ധിക്കപ്പെട്ടു. വൈത്തിരി എസ്.എച്ച്. സിസ്റ്റേഴ്സിന്റെ സാന്നിദ്ധ്യവും ശ്രദ്ധേയമായി. ബഹുമാനപ്പെട്ട ജെയ്സ് അച്ചനും ടീമിനും മാനന്തവാടി രൂപതാ ജീസസ് ഫ്രട്ടേണിറ്റിയുടെ ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു.

**ഫാ. ബിനു പൈനുങ്കൽ**

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

## ലഹരിയിൽ നുരയും കൗമാരം

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി മാനന്തവാടി രൂപതയും പഴൂർ സെന്റ് ആന്റണീസ് യു.പി. സ്കൂളും ചേർന്ന് പ്രവർത്തിച്ചുവരുന്ന ലഹരി വസ്തുക്കൾക്കെതിരെ ബോധവത്ക്കരണ പരിപാടിയുടെ ഭാഗമായി ലഹരിയിൽ നുരയുന്ന കൗമാരം എന്ന ലഘുപഠനഗ്രന്ഥം പുറത്തിറക്കി. കൗമാരക്കാരിലും യുവജനങ്ങളിലും വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിനെതിരെ സാമൂഹ്യവിദ്യാഭ്യാസവും ബോധവത്ക്കരണവും എന്ന ലക്ഷ്യവുമായിട്ടാണ് ഗ്രന്ഥരചന നിർവ്വഹിച്ചിരിക്കുന്നത്. ലഹരിക്കെതിരെയുള്ള വിവിധ പുസ്തകങ്ങൾ, ആനുകാലികങ്ങളായ ലേഖനങ്ങൾ, ഇന്റർനെറ്റ് വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിയാണ് പുസ്തകത്തിലെ ആശയങ്ങളും ചിത്രങ്ങളും കുട്ടികൾ പൂർത്തിയാക്കിയത്.

പ്രൈമറിതലത്തിലുള്ള വിദ്യാർത്ഥികൾ മുതൽ കൗമാരക്കാരും യുവജനങ്ങളും പലതരത്തിലുള്ള മയക്കുമരുന്നുകൾ ഉപയോഗിക്കുന്നവരും അവയുടെ വിതരണക്കാരുമായി മാറിക്കൊണ്ടിരിക്കുന്നു. മാതാപിതാക്കൾക്കും അധ്യാപകർക്കും ഈ വിപത്തിനെ തിരിച്ചറിയാൻ സാധിക്കാതെ വരുന്നു. പാൻമസാലകളും മദ്യവും മയക്കുമരുന്നുകളും പുകയിലയും വരുത്തുന്ന മാരക രോഗങ്ങളെപ്പറ്റി വിദ്യാർത്ഥികളെയും സമൂഹത്തെയും ബോധവത്ക്കരിക്കുക എന്നതാണ് പുസ്തകത്തിന്റെ ലക്ഷ്യം.

അഞ്ച് അധ്യായങ്ങളുള്ള ഈ പുസ്തകത്തിൽ പാൻമസാല, പുകയില, മയക്കുമരുന്ന്, മദ്യം ഇവ വ്യക്തികളിലും കുടുംബങ്ങളിലും ഉണ്ടാക്കുന്ന മാനസിക-ശാരീരിക സാമൂഹ്യപ്രശ്നങ്ങളെ ശാസ്ത്രീയമായി അവതരിപ്പിക്കുന്നു.

ലഹരിയിൽ നുരയും കൗമാരം എന്ന പുസ്തകം വയനാട് ജില്ല യിലെ എല്ലാ വിദ്യാലയങ്ങളിലും വീടുകളിലും എത്തിക്കുകയാണ് ലക്ഷ്യം.

**മോചന:- ചുള്ളിയാന**

കെ.സി.വൈ.എം. സംസ്ഥാന സമിതിയും രൂപതാ സമിതിയും ചുള്ളിയാന ആദിവാസി കോളനിയിൽ നടത്തിയ ഓണാഘോഷപരി പാടികളോടനുബന്ധിച്ച് മോചന-2011 സംഘടിപ്പിച്ചു. രൂപതാ ഡയറക്ടർ ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, സംസ്ഥാന ആനിമേറ്റർ സി. ജോവിറ്റ എഫ്.സി.സി., രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ എന്നി വർ നേതൃത്വം നൽകി.

മോചന 2011 സംഘടിപ്പിക്കുവാൻ താൽപര്യം കാണിച്ച കെ.സി. വൈ.എം. രൂപതാ ഡയറക്ടർ ഫാ. ടോമി പുത്തൻപുരയോടും രൂപതാ സംസ്ഥാന ഭാരവാഹികളോടും ഹൃദയപൂർവ്വം നന്ദിയറിയിക്കുന്നു.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

## I. പീപ്പിൾസ് ഓർഗനൈസേഷൻ (SWS)

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ജനകീയ സംഘടനാ പ്രവർത്തനങ്ങൾ 63 സോഷ്യൽ വെൽഫയർ സൊസൈറ്റികളിലും സജീവമായി നടക്കുന്നു. ആഗസ്റ്റ് മാസത്തിൽ ജനകീയ സംഘടനാ മേഖലയിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ.

## I. രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ്

മംഗലശ്ശേരി സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 6-ാം തീയതി സൗജന്യ രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ് നടത്തി. വെള്ളമുണ്ട പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. അനിൽകുമാർ, SWS ഡയറക്ടർ റവ. ഫാ. സോണി വാഴക്കാട്ട്, SWS ഭരണസമിതി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി. പ്രോഗ്രാമിൽ 110 അംഗങ്ങളുടെ രക്തഗ്രൂപ്പ് നിർണ്ണയിച്ചു.

ജൂഡ്സ് മൗണ്ട് സോഷ്യൽവെൽഫയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 28-ാം തീയതി വെള്ളമുണ്ട ശാസ്താമെഡിക്കൽസിന്റെ സഹായത്തോടെ സൗജന്യ രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ് നടത്തി. SWS ഡയറക്ടർ റവ. ഫാ. മൈക്കിൾ വടക്കേമുളഞ്ഞനാൽ SWS ഭരണസമിതി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി. 72 അംഗങ്ങളുടെ രക്തഗ്രൂപ്പ് നിർണ്ണയം നടത്തി.

## II. SWS മേഖലാ ഓണാഘോഷങ്ങൾ

### കൊട്ടിയൂർ മേഖല

കൊട്ടിയൂർ മേഖലയുടെ നേതൃത്വത്തിൽ സോഷ്യൽ വെൽഫയർ സൊസൈറ്റികളുടെ സംയുക്ത ഓണാഘോഷം ആഗസ്റ്റ് 27-ാം തീയതി ചുങ്കക്കുന്ന് ഫാത്തിമ മാതാ ദേവാലയത്തിൽ വച്ച് നടത്തി. ഓണാ

ഘോഷ പ്രാരംഭ സമ്മേളനം WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ ഉദ്ഘാടനം ചെയ്തു. വിവിധ കലാകായികമത്സരങ്ങൾ അംഗങ്ങൾക്കായി സംഘടിപ്പിച്ചു. ഉച്ചയ്ക്ക് ശേഷം നടന്ന സമാപന സമ്മേളനം WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ ഉദ്ഘാടനം ചെയ്തു. ചുങ്കക്കുന്ന് SWS ഡയറക്ടർ റവ. ഫാ. തോമസ് ചേറ്റാനി അദ്ധ്യക്ഷത വഹിച്ചു. കൊട്ടിയൂർ ഗ്രാമ പഞ്ചായത്ത് മെമ്പർ ശ്രീ. തോമസ് പൊട്ടനാനിക്കൽ, കേളകം ഗ്രാമപഞ്ചായത്ത് മെമ്പർ അഡ്വ. സ്റ്റാനി സെബാസ്റ്റ്യൻ, ശ്രീ. ജോയി സെബാസ്റ്റ്യൻ ഓരത്തേൽ, ശ്രീ. ജോർജ് പുന്നക്കപ്പടവിൽ എന്നിവർ ആശംസകളർപ്പിച്ചു. SWS തലത്തിൽ സ്തുത്യർഹമായി സേവനമനുഷ്ടിച്ച SWS അംഗങ്ങളെ കൊട്ടിയൂർ മേഖലാ ഡയറക്ടർ റവ. ഫാ. അഗസ്റ്റ്യൻ ചേമ്പാല ആദരിച്ചു. ചുങ്കക്കുന്ന് SWS പ്രസിഡന്റ് ശ്രീ. ജോൺ മഞ്ചുവള്ളി സ്വാഗതവും, കൊട്ടിയൂർ SWS സെക്രട്ടറി ശ്രീ. C.T ജോസ് നന്ദിയും രേഖപ്പെടുത്തി. മേഖല മത്സരത്തിൽ പാൽച്ചുരം SWS ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി.

**മാനന്തവാടി മേഖല**

മാനന്തവാടി മേഖലയിലെ സോഷ്യൽവെൽഫയർ സൊസൈറ്റികളും വയനാട് സോഷ്യൽ വെൽഫയർ സൊസൈറ്റിയും സംയുക്തമായി മാനന്തവാടി മേഖല ഓണാഘോഷം ആഗസ്റ്റ് 31-ാം തീയതി ചെറുകാട്ടൂർ സെന്റ് സെബാസ്റ്റ്യൻസ് ദേവാലയ അങ്കണത്തിൽ വെച്ച് നടത്തി. പ്രാരംഭ സമ്മേളനം WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ ഉദ്ഘാടനം ചെയ്തു. കലാകായിക മത്സരങ്ങളുടെ അവസാനം നടന്ന സമാപന സമ്മേളനം പനമരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വാസു അമ്മാനി ഉദ്ഘാടനം ചെയ്തു. ചെറുകാട്ടൂർ SWS ജോയിന്റ് ഡയറക്ടർ സി. മേരി ജോൺ അദ്ധ്യക്ഷത വഹിച്ചു. പനമരം ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി ഷേർളി ജോൺ, ചെറുകാട്ടൂർ സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് ട്രസ്റ്റി ശ്രീ. സണ്ണി ചെറുകാട്ട് എന്നിവർ ആശംസകളർപ്പിച്ചു. ചെറുകാട്ടൂർ SWS പ്രസിഡന്റ് ശ്രീ. കുര്യാക്കോസ് മുള്ളൻമടക്കൽ സ്വാഗതവും, സെക്രട്ടറി ശ്രീ. ആന്റണി വെള്ളാകുഴി നന്ദിയും രേഖപ്പെടുത്തി. മാനന്തവാടി മേഖല ഓവറോൾ ചാമ്പ്യൻഷിപ്പ് ചെറുകാട്ടൂർ SWS കരസ്ഥമാക്കി.

**II. സേവ് എ ഫാമിലി പദ്ധതി**

സേവ് എ ഫാമിലി പ്രോഗ്രാമിന്റെ ആഗസ്റ്റ് മാസത്തെ പ്രധാന പ്രവർത്തനങ്ങൾ:

2011 ആഗസ്റ്റ് മാസത്തിൽ വിവിധ മേഖലകളിലായി മേഖല മീറ്റിംഗുകൾ സംഘടിപ്പിച്ചു. ഗൂഡല്ലൂർ മേഖലയിലുള്ള സേവ് എ ഫാമിലി ഗുണഭോക്താക്കൾക്കായി ആഗസ്റ്റ് 1-ാം തീയതി ഗൂഡല്ലൂർ വിമലഗിരി സെന്റ് മേരീസ് പള്ളിയിൽ വച്ചു നടത്തി. ഇടവക വികാരി റവ. ഫാ. സജി പുഞ്ചയിൽ മേഖല സംഗമം ഉദ്ഘാടനം ചെയ്തു. കുടുംബ ബഡ്ജറ്റിംഗിനെ കുറിച്ച് SAFP കോർഡിനേറ്റർ ലീഷ്മാ മേരി, ആനിമേറ്റർ ശ്രീമതി സുജ എന്നിവർ ക്ലാസുകൾ നയിച്ചു.

കല്പറ്റ മേഖല SAFP ഗുണഭോക്താക്കളുടെ മീറ്റിംഗ് ആഗസ്റ്റ് 24-ാം തീയതി ചെന്നലോട് സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ വച്ച് നടത്തി. ഇടവക വികാരി റവ. ഫാ. സെബാസ്റ്റ്യൻ പാലക്കി സമ്മേളനം ഉദ്ഘാടനം ചെയ്തു. SAFP കോർഡിനേറ്റർ ലീഷ്മാ മേരി, കല്പറ്റ മേഖല ആനിമേറ്റർ ശ്രീമതി ഷൈനി ജോർജ്, ശ്രീമതി സുജ മാത്യു എന്നിവർ പങ്കെടുത്തു. വിവിധ സർക്കാർ പദ്ധതികളെപ്പറ്റി WSSS പ്രോഗ്രാം ഓഫീസർ ശ്രീ. ഒ. പി. എബ്രാഹം ക്ലാസ്സെടുത്തു.

മാനന്തവാടി പുല്പള്ളി മേഖല SAFP അംഗങ്ങളുടെ മീറ്റിംഗ് ആഗസ്റ്റ് 25-ാം തീയതി മാനന്തവാടി WSSS ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. എടവക ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസർ ശ്രീ. മണികണ്ഠൻ കൃഷി ഭവനിലൂടെ നടപ്പിലാക്കുന്ന വിവിധ സ്കീമുകളെപ്പറ്റി ക്ലാസ്സെടുത്തു. SAFP കോർഡിനേറ്റർ ലീഷ്മ മേരി, ആനിമേറ്റർമാരായ ശ്രീമതി ആൻസി ജെൽസൺ, ശ്രീമതി സുജാ മാത്യു എന്നിവർ നേതൃത്വം നൽകി.

**III. ജൈവ കൃഷി സാക്ഷ്യതാ പത്ര പദ്ധതി പ്രായോഗിക പരിശീലന പരിപാടികൾ സംഘടിപ്പിച്ചു:**

WSSS ന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ജൈവസാക്ഷ്യത പത്ര പദ്ധതിയിലുള്ള ജൈവഗ്രൂപ്പുകളിൽ കർഷകർക്ക് വേണ്ടി ജീവാമൃതം, പഞ്ചഗവ്യം, ജൈവകീടനാശിനി, ഫിഷ് ടോണിക് തുടങ്ങിയ ജൈവ വളങ്ങളും കീടനാശിനികളും നിർമ്മിക്കുന്നതിനായി പ്രായോഗിക പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

**ഗവൺമെന്റ് സബ്സിഡികൾ ലഭ്യമാക്കി**

ജൈവ ഇഞ്ചികൃഷിക്കും, വാഴക്കും വേണ്ടി ജൈവ കർഷകർക്കായി ഗവൺമെന്റ് നൽകിവരുന്ന സബ്സിഡികൾ WSSS ന്റെ ജൈവകർഷകർക്ക് ലഭ്യമാക്കി കൊടുത്തു. 40 ലക്ഷം രൂപ സബ്സിഡിയായി ജൈവകർഷകർക്ക് ലഭിച്ചു.

### IV. പാരമ്പര്യേതര ഊർജ്ജ സംരക്ഷണം

2011 ആഗസ്റ്റ് മാസത്തിൽ മുതിരേരി, സുരഭിക്കവല, മാടക്കുന്ന്, ചെറ്റപ്പാലം, മാനന്തവാടി എന്നിവിടങ്ങളിലായി അഞ്ച് ബയോഗ്യാസ് പ്ലാന്റുകൾ കമ്മിഷൻ ചെയ്യുകയും, മൂന്ന് പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. 2011–12 വർഷം നിർമ്മാണം പൂർത്തിയാക്കിയ ബയോഗ്യാസ് പ്ലാന്റുകളുടെ സബ്സിഡി ലഭിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിച്ചു വരുന്നു. ഈ വർഷവും 8000 രൂപ ആയിരിക്കും സബ്സിഡി ലഭിക്കുക.

### V. ഫാം വയനാട് പദ്ധതി

കാരിത്താസ് ഇന്ത്യയുടെയും, കേരളാ സോഷ്യൽ സർവ്വീസ് ഫോറത്തിന്റെയും സഹായത്തോടെ വയനാട് ജില്ലയിലെ ഏഴ് സന്നദ്ധ സംഘടനകളിലൂടെ നടപ്പിലാക്കിവരുന്ന ഫാം വയനാട് പദ്ധതി മൂന്നാം ഘട്ടത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കോട്ടത്തറ, തരിയോട്, പടിഞ്ഞാറത്തറ, എടവക, മാനന്തവാടി, തിരുനെല്ലി ഗ്രാമപഞ്ചായത്തുകളിലെ തിരഞ്ഞെടുത്ത 600 കർഷകരിലൂടെയാണ് WSSS ന്റെ ഫാം വയനാട് പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്. ഫാം വയനാട് പദ്ധതിയുടെ ഭാഗമായി ആഗസ്റ്റ് മാസത്തിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ:

### ജൈവകൃഷി പരിശീലനം

ഫാം വയനാട് പദ്ധതിയുടെ ഭാഗമായി WSSS പ്രവർത്തകർ, ഫാം വയനാട് പദ്ധതി പ്രവർത്തകർ എന്നിവർക്കായി ജൈവകാർഷിക രീതികളെക്കുറിച്ച് ആഗസ്റ്റ് 3, 4, 5 തീയതികളിൽ ബോയ്സ് ടൗൺ ട്രെയിനിംഗ് സെന്ററിൽ വച്ച് പരിശീലനം നൽകി. അന്താരാഷ്ട്ര പ്രശസ്തയായ ജൈവകർഷകയും, പരിസ്ഥിതി പ്രവർത്തകയുമായ ശ്രീമതി രേവതി സ്വാമി ആണ് പരിശീലനം നൽകിയത്. ജൈവകൃഷിയുടെ ആവശ്യകത, അതിന്റെ രീതികൾ, ജൈവവളങ്ങളുടെ നിർമ്മാണം എന്നിവയിൽ വിശദമായ രീതിയിൽ ശ്രീമതി രേവതി ക്ലാസ്സുകൾ എടുത്തു. ജൈവവളങ്ങളുടെയും, കീടനാശിനികളുടെയും നിർമ്മാണത്തിൽ പ്രായോഗിക പരിശീലനം നൽകി.

### സുസ്ഥിര ജൈവകൃഷി സെമിനാർ: പുതിയിടംകുന്ന്

ഫാം വയനാട് പദ്ധതിയുടെ ഭാഗമായി ആഗസ്റ്റ് 6–ാം തീയതി എടവക പുതിയിടംകുന്ന് സെന്റ് പോൾസ് എൽ.പി. സ്കൂളിൽ വച്ച്

സുസ്ഥിര ജൈവകൃഷിയെക്കുറിച്ച് ഏകദിന സെമിനാർ നടത്തി. പുതിയിടംകുന്ന് ബ്ലസഡ് ചാവറ കുര്യാക്കോസ് ഏലിയാസ് പള്ളി വികാരി ബഹു. ഫാ. ജെയ്സ് പൂതക്കുഴി സെമിനാർ ഉദ്ഘാടനം ചെയ്തു. എടവക ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി അഡ്വ. എൽബി മാത്യു അദ്ധ്യക്ഷയായിരുന്നു. WSSS ഫാം പദ്ധതി കോർഡിനേറ്റർ ശ്രീ. എബി തോമസ് പുല്ലംകണ്ണാപ്പള്ളിൽ, WSSS ജൈവ സാദ്ധ്യതാ പത്ര പദ്ധതി കോർഡിനേറ്റർ ശ്രീ. സിജിൻ കമ്മന, WSSS പീപ്പിൾസ് ഓർഗനൈസേഷൻ കോർഡിനേറ്റർ ശ്രീ. കെ.ഒ. ജോയി എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഫാം വയനാട് കമ്മ്യൂണിറ്റി ഫെസിലിറ്റേഴ്സായ ശ്രീമതി ഷീല ജെ. പി., ശ്രീമതി അന്നമ്മ സെബാസ്റ്റ്യൻ, ശ്രീമതി ബീന ജയരാജ് എന്നിവർ നേതൃത്വം നൽകി.

**വെണ്ണിയോട്:**

കോട്ടത്തറ ഗ്രാമപഞ്ചായത്ത് ഫാം വയനാട് പദ്ധതിയുടെ ഗുണഭോക്താക്കൾക്കായി സുസ്ഥിര ജൈവകൃഷിരീതികളെക്കുറിച്ച് ഏകദിന സെമിനാർ ആഗസ്റ്റ് 12-ാം തീയതി കോട്ടത്തറ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച് സംഘടിപ്പിച്ചു. കോട്ടത്തറ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ശാരദാ മണിയന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സെമിനാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഉഷാ ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. WSSS ഫാം വയനാട് കോർഡിനേറ്റർ ശ്രീ. എബി തോമസ് പുല്ലംകണ്ണാപ്പള്ളിൽ, WSSS ഓർഗാനിക് ഫാമിംഗ് സർട്ടിഫിക്കേഷൻ പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. സിജിൻ കമ്മന എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**സാന്ത്വന സൗഹൃദ കൗൺസിലിംഗ്:**

ഫാം വയനാട് പദ്ധതിയുടെ ഭാഗമായി നടത്തിവരുന്ന സാന്ത്വന സൗഹൃദ കൗൺസിലിംഗിലൂടെ കടന്നുപോകുന്ന 35 വ്യക്തികൾക്ക് സാന്ത്വനം നൽകാൻ സാധിച്ചു.

## VI. കേരളാ ലേബർ മൂവ്മെന്റ് (KLM)

## സുരക്ഷിത തൊഴിലാളി സുരക്ഷിത കുടുംബം

സഭ പ്രേഷിതവർഷം ആചരിക്കുമ്പോൾ അതീവ ശ്രദ്ധ വേണ്ട മേഖലയായി തീർന്നിരിക്കുന്നത് തൊഴിൽ മേഖലയാണ്. ദൈവം തന്റെ സൃഷ്ടികർമ്മത്തിന്റെ മുന്നോട്ടുള്ള പ്രയാണം സാധ്യമാക്കുന്നത് മനുഷ്യാധ്വാനത്തിലൂടെയാണ്. വ്യക്തിയുടെയും, കുടുംബത്തിന്റെയും, സമൂഹത്തിന്റെയും പുരോഗതിയും ഈ മനുഷ്യാധ്വാനത്തിലൂടെയാണ്.

അതിനാൽ തൊഴിൽ ചെയ്യുന്ന മനുഷ്യന്റെ സംരക്ഷണം സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ഉത്തരവാദിത്വവും കടമയുമാണ്. തൊഴിൽ ചെയ്യുന്നത് മനുഷ്യ വ്യക്തിയാകയാൽ തൊഴിലാളിയുടെ ആദ്ധ്യാത്മികവും, സാംസ്കാരികവും, സാമ്പത്തികവും, സാമൂഹികവുമായ പുരോഗതിക്കുവേണ്ടിയും തൊഴിലാളിയുടെയും, കുടുംബത്തിന്റെയും ക്ഷേമത്തിന് വേണ്ടിയും പ്രവർത്തിക്കുക എന്നത് സഭയുടെ ദൗത്യമാണ്. ഈ ദൗത്യനിർവ്വഹണത്തിനായി CBCI ലേബർ കമ്മീഷന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വിഫ് (WIF -Workers India Federation) ന്റെ ഭാഗമായി KCBC നേതൃത്വം നൽകുന്ന സംഘടനയായ KLM (Kerala Labour Movement) ന്റെ പ്രവർത്തനം നമ്മുടെ രൂപതയിലും ആരംഭിച്ചിരിക്കുകയാണ്.

**അസംഘടിത തൊഴിലാളികൾ**

ഇന്ത്യയിലെ തൊഴിലാളികളെ സംഘടിതരെന്നും അസംഘടിതരെന്നും രണ്ടായി തിരിച്ചിട്ടുണ്ട്. ഗവൺമെന്റ് നിയമത്തിന്റെ പിൻബലത്തിൽ പെൻഷൻ, ഗ്രാറ്റുവിറ്റി, പ്രൊവിഡൻസ് ഫണ്ട്, ഇൻഷുറൻസ് നഷ്ടപരിഹാരം, നിയമപരിരക്ഷ എന്നിവയൊന്നും കിട്ടാത്ത തൊഴിലാളികളാണ് അസംഘടിത തൊഴിലാളികൾ. ഇന്ത്യയിൽ 93% വും കേരളത്തിൽ 80% വും ഈ മേഖലയിൽ പെടുന്ന തൊഴിലാളികളാണ്. ഇവരുടെ ക്ഷേമവും, സുരക്ഷയുമാണ് KLM ന്റെ ലക്ഷ്യം.

**I. ക്ഷേമനിധികൾ**

അസംഘടിത തൊഴിലാളികളുടെ സുരക്ഷക്കായി കേരള സർക്കാർ നടപ്പിലാക്കിയിരിക്കുന്ന പദ്ധതികളാണ് ക്ഷേമനിധികൾ. മുപ്പതിൽപ്പരം ക്ഷേമനിധികൾ ഇന്ന് നിലവിലുണ്ട്. എന്നാൽ അറിവില്ലായ്മകൊണ്ടും, പ്രാധാന്യം മനസിലാക്കാത്തതുകൊണ്ടും, സാങ്കേതിക നൂലാമാലകൾകൊണ്ടും ബഹുപൂരിപക്ഷം തൊഴിലാളികളും ഈ ക്ഷേമനിധികളിൽ ചേർന്നിട്ടില്ല. അതിനാൽ തൊഴിലാളികളെ ക്ഷേമനിധികളിൽ അംഗമാക്കുന്നതിനുള്ള പ്രവർത്തനമാണ് KLM പ്രധാനമായും നടത്തി വരുന്നത്.

- തൊഴിലാളിക്ക് പെൻഷൻ
- കുടുംബ പെൻഷൻ
- ചികിത്സാ സഹായം
- മക്കൾക്ക് വിദ്യാഭ്യാസ സഹായം
- തൊഴിൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സഹായം
- വിവാഹ സഹായം

- മരണാനന്തര സഹായം
- അപകടമോ, മരണമോ സംഭവിച്ചാൽ നഷ്ടപരിഹാരം
- ഗവൺമെന്റിന്റെ മറ്റു സഹായങ്ങൾ ലഭിക്കുന്നതിനുള്ള അർഹത എന്നിവയാണ് ക്ഷേമനിധിയിലൂടെ തൊഴിലാളികൾക്ക് ലഭിക്കുന്നത്. നമ്മുടെ രൂപതയിൽ KLM ലൂടെ ചുവടെ ചേർത്ത ക്ഷേമനിധികളിലാണ് അംഗങ്ങളെ ചേർക്കുന്നത്.

**ചെറുകിട തോട്ടം തൊഴിലാളി**

12 ½ ഏക്കർ വരെയുള്ള തോട്ടങ്ങളിൽ പണിയെടുക്കുന്നവർക്കും, 1 ½ ഏക്കർ വരെ സ്ഥലത്ത് സ്വയം തൊഴിൽ ചെയ്യുന്നവരുമാണ് ഇതിൽ ചേരാൻ അർഹരായവർ.

**വിശദാംശങ്ങൾ:-** പ്രായപരിധി: 18-55 വയസ്, അംഗത്വഫീസ്-10 വരിസംഖ്യ - 480, സർവ്വീസ് ചാർജ് - 125, ഭൂവുടമവിഹിതം - 100 (½ ഹെക്ടറിന് മുകളിൽ മാത്രം ബാധകം)

**2. നിർമ്മാണ തൊഴിലാളി ക്ഷേമനിധി**

നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട ഏതു തൊഴിൽ ചെയ്യുന്നവർക്കും ഈ ക്ഷേമനിധിയിൽ ചേരാം.

**വിശദാംശങ്ങൾ:-** പ്രായപരിധി: 18-55 വയസ്, അംഗത്വഫീസ് - 25, വരിസംഖ്യ-240, സർവ്വീസ് ചാർജ് - 125

**3. തയ്യൽ തൊഴിലാളി ക്ഷേമനിധി**

പൂർണ്ണമായോ, ഭാഗികമായോ തുന്നൽ ജോലി ചെയ്യുന്ന ആർക്കും ഇതിൽ ചേരാം.

**വിശദാംശങ്ങൾ:-** പ്രായപരിധി: 20-55 വയസ്, അംഗത്വഫീസ് - 15 വരിസംഖ്യ - 240, സർവ്വീസ് ചാർജ് - 125

**4. കൈതൊഴിലാളി ക്ഷേമനിധി**

ഏതുതരം തൊഴിൽ ചെയ്യുന്ന വ്യക്തിക്കും ചേരാവുന്ന ക്ഷേമനിധിയാണിത്.

**വിശദാംശങ്ങൾ:-** പ്രായപരിധി: 18-55 വയസ്, അംഗത്വഫീസ് - 25 വരിസംഖ്യ - 120, സർവ്വീസ് ചാർജ് - 125

**നിബന്ധനകൾ:**

18 വയസ് തികഞ്ഞവരും 55 തികയാത്തവർക്കും മാത്രമേ അംഗത്വം ലഭിക്കൂ.

**ആവശ്യമായ രേഖകൾ:**

ഫോട്ടോ, ജനന തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, തൊഴിൽ സർട്ടിഫിക്കറ്റ്, നികുതി ശീട്ടിന്റെ കോപ്പി, റേഷൻ കാർഡിന്റെ കോപ്പി.

നിശ്ചിത ഫീസും, മാസതവണയും അടയ്ക്കണം (മാസം 20 രൂപയാണ് ഏറ്റവും കൂടിയ വിഹിതം)

ഇവ കൂടാതെ പീടിക തൊഴിലാളി, ആർട്ടിസാൻസ്, ഗൃഹ ജോലിക്കാർ എന്നിവയുടെ പ്രവർത്തനവും തുടങ്ങി വരുന്നു.

## II. സുരക്ഷ പദ്ധതി

കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന 'സ്വാലംഭൻ' പദ്ധതിയുമായി സഹകരിച്ച് KCBC നടപ്പിലാക്കുന്ന ക്ഷേമ പദ്ധതിയാണിത്. സർക്കാർ ജീവനക്കാരോ, പ്രൊവിഡണ്ട് ഫണ്ടിൽ അംഗത്വമുള്ളവരോ ആയ വ്യക്തികൾ ഒഴികെ 18 വയസിനും 54 വയസിനും മദ്ധ്യേയുള്ള ആർക്കും ഇതിൽ ചേരാം.

- 60 വയസുമുതൽ കുറഞ്ഞത് 1000 രൂപ പ്രതിമാസം പെൻഷൻ
- കുടുംബ പെൻഷൻ
- സാധാരണ മരണം സംഭവിച്ചാൽ 40,000 രൂപ വരെയും, അപകട മരണത്തിന് 85,000 രൂപയും, പൂർണ്ണ തളർച്ച ബാധിച്ചാൽ 85,000 രൂപയും സഹായം എന്നിവ ഇതിലൂടെ ലഭിക്കുന്നു.
- 60-ാം വയസിൽ അക്കൗണ്ടിലുള്ള തുകയുടെ ആവശ്യപ്പെടുന്ന ഭാഗം പിൻവലിക്കാം.
- പ്രത്യേക ഫോറത്തിലുള്ള അപേക്ഷയും, ഫോട്ടോയും ഇതിനായി നൽകണം.
- ഒരു വർഷം ഏറ്റവും ചുരുങ്ങിയത് 1000 രൂപ എങ്കിലും ഇതിലേക്ക് വിഹിതം അടയ്ക്കണം. അപ്പോൾ ആ വ്യക്തിക്കുവേണ്ടി കേന്ദ്ര സർക്കാറും 1000 രൂപ അടയ്ക്കും. (ആദ്യ അഞ്ച് വർഷം മാത്രം)
- സഭാ സ്ഥാപനങ്ങളിലെ ജോലിക്കാർക്കും, തൊഴിലാളികൾക്കും, ദേവാല ശുശ്രൂഷകർക്കും വേണ്ടി പ്രതിമാസം 150 രൂപ നിരക്കിൽ ഓരോ വർഷവും സഭാവിഹിതമായി 1800 രൂപയും തുല്യമായ തുക വ്യക്തിയും അടക്കേണ്ടതാണ്.

### കരുതൽ എടുക്കുക

ജീവിതത്തിൽ അപ്രതീക്ഷിതമായത് സംഭവിക്കുമ്പോഴോ, തൊഴിൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യം ഉണ്ടാകുമ്പോഴോ, പ്രായം ആകുമ്പോഴോ മറ്റാരും സഹായിച്ചെന്നു വരില്ല. ഇവിടെയാണ് ഇത്തരം പദ്ധതികളുടെ പ്രാധാന്യം. കയ്യിൽ വിളക്കുകൾ ഉണ്ടായിട്ടും, എണ്ണ വാങ്ങാൻ പണമുണ്ടായിട്ടും അതു സമയത്ത് പ്രയോജനപ്പെടുത്താത്ത

വിവേക രഹിതകൾക്ക് എന്തു സംഭവിക്കുമെന്ന് യേശു പഠിപ്പിച്ചിട്ടുണ്ടെന്ന് (മത്താ. 25: 1–13) നാം ഓർക്കേണ്ടതുണ്ട്.

**ഇടവകകൾ ചെയ്യേണ്ടത്**

- ഓരോ ഇടവകയിലുംപ്പെട്ട അസംഘടിത തൊഴിലാളികളുടെ ഫോറങ്ങൾ രൂപീകരിക്കുക (ഒരേ തൊഴിൽ ചെയ്യുന്നവരുടെ കൂട്ടമാണ് ഫോറം)
- ഫോറങ്ങൾ ചേർന്ന് KLM യൂണിറ്റ് രൂപീകരിക്കുക. ഇതിന്റെ നേതൃത്വത്തിൽ ക്ഷേമനിധികളിലും, സുരക്ഷയിലും അംഗമാവുക.
- രേഖകളും, ഫീസും KLM രൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കുക.
- രൂപതാ നേതൃത്വം ഇതുമായി ബന്ധപ്പെട്ട ഓഫീസ് പ്രവർത്തനങ്ങൾ നടത്തി ക്ഷേമനിധി അംഗത്വകാർഡ്, പാസ്ബുക്ക് എന്നിവ വാങ്ങി നൽകുന്നതാണ്.
- ആനുകൂല്യങ്ങൾ വാങ്ങിച്ചുതരുന്നതും, തുടർ വിഹിതം യഥാസമയം ശേഖരിച്ച് അടയ്ക്കുന്നതും രൂപതാ നേതൃത്വമായിരിക്കും.
- ഈ പദ്ധതികളെക്കുറിച്ചും, പ്രവർത്തനങ്ങളെക്കുറിച്ചും ഇതിനകം മുഴുവൻ വൈദികർക്കും ആവശ്യമായ ധാരണകൾ ലഭിച്ചിട്ടുണ്ട്.
- പൊതുജനങ്ങൾക്കായി ഇടവകയിൽ ഇതിനെക്കുറിച്ച് സംസാരിക്കാൻ KLM രൂപതാ നേതൃത്വത്തിൽ നിന്നും ഉത്തരവാദിത്വപ്പെട്ടവരെ വിളിക്കാവുന്നതാണ്.

**രൂപതാ നേതൃത്വം**

KLM ന് തനതായി പൂർണ്ണതോതിലുള്ള നേതൃനിര ഇല്ലാത്തതിനാൽ WSSS ന്റെ ഇടവക ഘടകമായ SWS മുഖാന്തരമാണ് ഇപ്പോൾ പ്രവർത്തനം തുടങ്ങിയിരിക്കുന്നത്. രൂപതാ തലത്തിൽ നേതൃത്വം നൽകുന്നത് KLM ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയും അസി. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേലുമാണ്.

**സമാപനം**

വി. മത്തായി ശ്ലീഹായുടെ സുവിശേഷത്തിൽ അന്ത്യവിധിയെ കുറിച്ച് പറയുന്ന ഭാഗം (25: 31–46) സമൂഹത്തിൽ നിന്നും പാർശ്വവൽക്കരിക്കപ്പെട്ടവരോടുള്ള പരിഗണനയുടെ പ്രാധാന്യം എടുത്തുകാട്ടുന്നു. അതുകൊണ്ടുതന്നെ കാലം ആവശ്യപ്പെടുന്ന സാമൂഹ്യ പ്രവർത്തനങ്ങൾ സഭ ഏറ്റെടുത്തിട്ടുണ്ട്. ഇപ്പോഴത്തെ സാഹചര്യത്തിൽ അസംഘടിതരായ തൊഴിലാളി സമൂഹത്തിന്റെ സുരക്ഷ പരമപ്രധാനമായി

മാറിയിരിക്കുന്നു. 'അതിനാൽ സുരക്ഷിത തൊഴിലാളി സുരക്ഷിത കുടുംബം' എന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തനം തുടങ്ങാൻ പള്ളിക്കമ്മറ്റിയും, വികാരിമാരും, സ്ഥാപനമേധാവികളും മുൻകൈ എടുക്കണമെന്ന് താൽപര്യപ്പെടുന്നു.

| | |
|---|---|
| **Mr. Sebastian Palamparambil** | **Adv. John Choorapuzhayil** |
| State Vice President KLM | Director KLM |

## VII. ആക്ഷൻ റിസർച്ച്

പനമരം ഗ്രാമ പഞ്ചായത്തിൽ കാരിത്താസ് ഇന്ത്യയുടെ സഹായത്തോടെ നടത്തിവരുന്ന ഗവേഷണം രണ്ടാംഘട്ടത്തിലേക്ക് പ്രവേശിച്ചു. കർണ്ണാടകയിലേക്ക് തൊഴിലിനുവേണ്ടി താൽകാലികമായി കുടിയേറുന്ന ആദിവാസികൾ കൂടുതലുള്ള 6, 8, 9 വാർഡുകളിൽ തുടർ പ്രവർത്തനങ്ങൾ ആരംഭിച്ചു. പ്രവർത്തനങ്ങൾക്ക് വാർഡുതലത്തിൽ നേതൃത്വം നൽകുന്നതിന് 9 അംഗങ്ങൾ വീതമുള്ള കമ്മ്യൂണിറ്റി ആക്ഷൻ റിസർച്ച് ടീം (CART) രൂപീകരിച്ചു. കോളനികളുമായി നേരിട്ടുബന്ധമുള്ള സർക്കാർ ഉദ്യോഗസ്ഥർ, സാമൂഹ്യപ്രവർത്തകർ എന്നിവർ ടീമിൽ അംഗങ്ങളാണ്. മൂല്യാധിഷ്ഠിത തൊഴിൽ സംസ്കാരം രൂപപ്പെടുത്തുന്നതിനും സ്ഥിരമായ തൊഴിൽ ലഭിക്കുന്നതിനും തൊഴിൽ വൈദഗ്ദ്യം വർദ്ധിപ്പിക്കുന്നതിനും നിക്ഷേപ മനോഭാവം വളർത്തുന്നതിനും ലക്ഷ്യമിടുന്ന ലേബർ ബാങ്കിന്റെ രൂപീകരണവും നടന്നു. മൂന്നു വാർഡുകളിലായി 120 ആളുകൾ ലേബർ ബാങ്കിൽ അംഗത്വമെടുത്തിട്ടുണ്ട്.

**ഫാ. ജോൺ ചൂരപ്പുഴയിൽ,**
WSSS ഡയറക്ടർ

## റേഡിയോ മാറ്റൊലി 90.4 mhz

**1. ഓണാഘോഷം നടത്തി**

സെപ്റ്റംബർ 4-ന് ദ്വാരക എ.യു.പി. സ്കൂളിൽവെച്ച് റേഡിയോ മാറ്റൊലി നടത്തിയ ഓണാഘോഷത്തിൽ മാറ്റൊലി സ്റ്റാഫംഗങ്ങളും വോളന്റിയർമാരും കുടുംബാംഗങ്ങളും പങ്കെടുത്തു.

**2. ശില്പശാലയിൽ പങ്കെടുത്തു**

ഭാരതീയ സുഗന്ധവിള വിജ്ഞാനകേന്ദ്രം പെരുമണ്ണാമുഴി യിൽവെച്ച് മാധ്യമപ്രവർത്തകർക്കായി സംഘടിപ്പിച്ച കാർഷിക സാങ്കേ തികവിദ്യാ പ്രദർശനത്തിലും ഏകദിന ശില്പശാലയിലും റേഡിയോ മാറ്റൊലിയുടെ പ്രതിനിധിയായി ശ്രീ. രാജിത്ത് വെള്ളമുണ്ട പങ്കെടുത്തു.

**3. ദേശഭക്തിഗാന മത്സരവിജയികൾ**

'മഴവില്ല്' മത്സര പരിപാടികൾക്ക് തുടക്കം കുറിച്ചുകൊണ്ട് വിദ്യാർത്ഥികളുടെ ദേശഭക്തിഗാന മത്സരം ദ്വാരക സേക്രട്ട്ഹാർട്ട് ഹയർ സെക്കന്ററി സ്കൂളിൽ അരങ്ങേറി. ഹൈസ്കൂൾ വിഭാഗത്തിൽ എസ്. എച്ച്.എസ്.എസ്. ദ്വാരക, ജി.എച്ച്.എസ്.എസ്. ആറാട്ടുതറ, ഹിൽബ്ലൂംസ് മാനന്തവാടി എന്നിവർ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കര സ്ഥമാക്കി. യു.പി. വിഭാഗത്തിൽ ഹിൽബ്ലൂംസ് മാനന്തവാടി, എ.യു.പി. സ്കൂൾ ദ്വാരക, എച്ച്.ഐ.എം.യു.പി. സ്കൂൾ വൈത്തിരി എന്നിവർ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് എന്നീ സ്ഥാനങ്ങളും എൽ.പി. വിഭാഗ ത്തിൽ സെന്റ് തോമസ് എൽ.പി. സ്കൂൾ നടവയൽ, നവോദയ എൽ. പി. സ്കൂൾ കമ്മന, നിർമ്മല എൽ.പി. സ്കൂൾ ആലാറ്റിൽ എന്നിവർ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളും കരസ്ഥമാക്കി. റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഡോ. ഫാ. തോമസ് ജോസഫ് തേരകം ഉദ്ഘാടനം നിർവ്വഹിച്ചു. സമാപനസമ്മേളനത്തിൽ വി.പി. ജോൺമാ സ്റ്റർ അദ്ധ്യക്ഷനായിരുന്നു. ചന്ദ്രൻ മേവട പ്രസംഗിച്ചു. സേക്രട്ട് ഹാർട്ട് ഹയർ സെക്കന്ററി ഹെഡ്മാസ്റ്റർ മാത്യു ജോസഫ് വിജയികൾക്ക്

ക്യാഷ്പ്രൈസ് വിതരണംചെയ്തു. ഒക്ടോബർ മാസത്തിൽ ഗാന്ധി ജിയുടെ 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ' എന്ന ഗ്രന്ഥത്തെ ആധാരമാക്കി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. വിശദവിവരങ്ങൾക്കും രജിസ്ട്രേഷനുമായി മാറ്റൊലി ഓഫീസുമായി ബന്ധപ്പെടുക.

**4. ഏകദിന സെമിനാർ നടത്തി**

മൊബൈൽ ഫോൺ ഉപഭോക്താക്കൾ നേരിടുന്ന ബുദ്ധിമുട്ടു കൾക്കും സേവന ന്യൂനതകൾക്കും പരിഹാരം കാണുന്നതോടൊപ്പം മൊബൈൽ ഫോൺ സേവനവുമായി ബന്ധപ്പെട്ട സംവിധാനങ്ങളെയും കുറിച്ചുള്ള ബോധവത്ക്കരണവും ഉദ്ദേശിച്ചുകൊണ്ട് ടെലികോം റെഗു ലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യയുടെ (TRAI) കൺസ്യൂമർ അഡ്വോക്കസി മെമ്പറായ കൺസ്യൂമേഴ്സ് അസോസ്യേഷൻ പാലക്കാടും, കമ്യൂണിറ്റി റേഡിയോ മാറ്റൊലിയും സംയുക്തമായി 2011 സെപ്റ്റംബർ 23 ന് ഏകദിന സെമിനാർ സംഘടിപ്പിച്ചു. ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യയുടെ ഉദ്യോഗസ്ഥർക്കു പുറമെ വിവിധ മൊബൈൽ സേവന ദാതാക്കളുടെ പ്രതിനിധികളും സെമിനാ റിൽ പങ്കെടുത്തു.

**5. UNICEF അംഗീകാരം**

ഇന്ത്യയിൽ വിജയകരമായി പ്രവർത്തിക്കുന്ന 119 കമ്മ്യൂണിറ്റി റേഡിയോ നിലയങ്ങളിൽ സ്വയം പര്യാപ്തതയിലേയ്ക്ക് നീങ്ങിക്കൊ ണ്ടിരിക്കുന്ന 10 നിലയങ്ങളിലൊന്നായി റേഡിയോ മാറ്റൊലി തെരഞ്ഞെ ടുക്കപ്പെട്ടു. ഐക്യരാഷ്ട്ര സംഘടനയുടെ ഭാഗമായ യൂണിസെഫിന്റേ താണ് ഈ അംഗീകാരം. അന്താരാഷ്ട്രതലത്തിൽ പ്രസിദ്ധീകരണത്തി നായി മാറ്റൊലിയെക്കുറിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കാൻ ഡൽഹി യിൽനിന്നുള്ള വിദഗ്ദസംഘം ഒക്ടോബർ ആദ്യവാരം വയനാട് സന്ദർശിക്കും.

**ഫാ. ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ (ബ്രോഡ്കാസ്റ്റിംഗ്)

# മീഡിയാ കമ്മീഷൻ

**ഓഡിയോ - വീഡിയോ സ്റ്റുഡിയോ**

മീഡിയാ കമ്മീഷനുവേണ്ടിയുള്ള റെക്കോഡിംഗ് സ്റ്റുഡിയോ റേഡിയോ മാറ്റൊലിയോടുചേർന്ന് സജ്ജമായിക്കൊണ്ടിരിക്കുന്നു. ഒക്ടോബർ മാസത്തിൽ സ്റ്റുഡിയോ ഉദ്ഘാടനം ചെയ്യുന്നതാണ്. അന്നേദിവസം മീഡിയാ കമ്മീഷൻ മേഖല ഡയറക്ടേഴ്സിന്റെ ഒരു യോഗവും ഉണ്ടായിരിക്കും. വിശദാംശങ്ങൾ പിന്നീട് അറിയിക്കും.

**കരോൾഗാന മത്സരം**

രൂപതാ മീഡിയാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ വർഷം തുടക്കമിട്ട "ഗ്ലോറിയ" കരോൾഗാന മത്സരം ഈ വർഷവും നടത്തുന്നതായിരിക്കും. ഫൊറോനയിലെ എല്ലാ ഇടവകകളിൽനിന്നും ഒരു ടീമിനെയെങ്കിലും സജ്ജമാക്കാൻ ബഹു. വികാരിമാർ ശ്രദ്ധിക്കുമല്ലോ. മേഖലാ ഡയറക്ടേഴ്സ് ഫൊറോന തലത്തിൽ ഇതിനാവശ്യമായ തുടർപ്രവർത്തനം നടത്തണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

**ഫാ. ജെയ്സ് ബേബി ചെട്ടിയാശ്ശേരി**
വൈസ് ചെയർമാൻ, മീഡിയാ കമ്മീഷൻ

# Mary Matha arts & science college

**Tidings from 21 July 2011**

1. Dr. Aneesh E.M. & Ms Sonia Mathew are recruited as Assistant Professors of Zoology in the FIP Vacancy of Ms Mercy Ignatius and the Deputation Vacancy of Dr. P.K. Prasadan respectively.
2. The UGC-funded Communicative English Language Program has started Season 4. Around 100 freshers have registered for the program. Sri Jocymon Joseph coordinates.
3. The representative Council of the PTA met at 2.30 p.m. on 26 July and duly elected the Executive Council for the Academic Year. The parents, Teachers and Students met in the afternoon of Friday, 16 September and deliberated on the smooth functioning of the College.
4. The women's Cell of the College met on the afternoon of 29 July and 17 September to share their experiences, and deliberate on their grievances and aspirations. Dr. Sr. Bindhu K. Thomas coordinated.
5. Lt Col. S.K. Sinha of the 1 (Ker) Bty NCC Thalassery visited the Cadets on 1 August.
6. Ten students from the College have been selected for the Two Day's Youth-Journalists' Get-together on 25 & 26 August at Kannur, Ernakulam by the Wayanad Dt Youth Welfare Board. Twenty One Students attended the Inter National Film Festival at Don Bosco College, Angadikkadavu, 16-18 September. Fr. Jaise Chettiasserry coordinated.
7. The Patron, His. Ex. Rt. Rev. Dr. Jose Porunnedom presided over the Academic Excellence Day on 5 August. Ms. Sebin

Chinnu of the Computer Science Dept won the Dr. K.T. Varkey (the Founder Principal) Endowment Award for the *Best Outgoing Student* of the Year. The Toppers in the University Examination were honoured on the dais. Nobi Eldo and Haseeba lifted the coveted Dr. James Maruthukunnel (the Former Principal) Endowment Quiz Contest. The Patron presented the Vaikkom Muhammed Basheer Award for the *Best College Magazine* to Sravan Krishna & Fr. Francis, the Student and Staff Editors of the College Magazine, *Pottu*. The patron also presented a *sewing Machine* from Mar George Njaralakkat (the former Manager) Endowment to a tribal woman trained at the Employment Training Centre for tribal Women at Appapara, functioning on the hospitality of the Adoration Sisters. The Formal Send off to the Out-going Manager Rev. Fr. Robin Vadakkancheril and formal Welcome to the New Manager, Rev. Msgr. Mathew Madappallikkunnel were given on the same day. Sr. Dr. Germina coordinated.

8. The Board of Governors met in the afternoon of 5 August and instructed the Heads of Major Depts and the IQAC (Internal Quality Assurance Cell) to proceed on the preparations for the Reaccreditation of the College. Sr. Dr. Germina will coordinate.
9. The Commerce Dept in its *Alumni Meet* in the afternoon of 5 August felicitated the Outgoing Students and Faculty on achieving 100% results in the University Examinations for the first time. Sri. Regi Francis coordinated.
10. The Leagal Aid Centre, Mananthavady held an awareness session for our students on *Anti Ragging* on the 10 August.
11. Mananthavady's-own Minister Ms. P.K. Jayalakshmi was given a rousing reception by the college Community on 9 August when she arrived to inugurate the UGC-funded *smart class Operations* in the College.
12. The College Community donated Rs. 10,000/- to the *Cancer Treatment* of sri Thycandy Hameed of Ondayangady in the neighbourhood.
13. Sri. Benison Challenger has been inducted into regular service as *Technical Assistant*.
14. Deepak Babu of III Yr Commerce won the *Photography Contest* by the Radio Mango and the Munnar Resorts & Nature Club.

Arunnath C.P. of I Yr Zoology won the All Wayanad *Amateur Boxing Championship* (65-71 KG Category).

15. The Classes for the I Yr MSc Course have begun with twenty (house full) students.

16. The IQAC (Internal Quality Assurance Cell) High power Committee met with the Manager on the afternoon of 17 August and deliberated on augmenting the prospects of Reaccreditation. Friday, 7 October is scheduled Alumni *Day.*

17. The College Union Elections were held on Friday, 19 August as per the Lingdo Commission Recommendations promulgated by the Kannur University. The newly elected office Bearers under the leadership of the Chairman, Mr Albin K.L. took the Oath of Office on 22 August.

18. Onam was celebrated on campus with due pomp and pleasure. Fr. Francis coordinated.

19. The International Workshop in Mathematics was held during 2-6 September. The Patron, Rt. Rev. Dr. Jose Porunnedom presided over the inaugural function. Dr. Michael Tharakan, the honourable Vice Chancellor made the Keynote address. Select number of budding researchers from across the country deliberated on the nuances of the Graph Theory in the company of veterans in the field from within and without the country. Sr. Dr. Germina coordinated.

20. Dr. Aneesh E.M Asst. Prof. of Zoology is nominated to the American Chemical Society, 2011.

21. Scholarships: Ms Akhila V. Joseph has been awarded Rs. 14600/ as National Scholarship for Students with Disabilities, 2010-'11. Ms Priyanka Thomas won Rs. 10,000/- as Central Sector Scholarship, 2010-'11 by the Directorate of Collegiate Education. The Applications of 199 students for the post Metric Scholarships for the current academic year have been processed by the College, and is awaiting sanction. Last Year our College processed and got sanctioned the post Metric Scholarships to 257 students (the largest number from a Malabar-college). Sri. Benison Challenger represented the College in the Meeting convened by the Director of Collegiate Education, Tvm for facilitating the post Metric Scholarships for the year. Dr. Martin, Sri Benison, and Ms Lisha facilitated the applications. The

national-level monitor has visited the college on 16 September to collect the feedback from the beneficiaries.

22. Stipends: The UGC-funded Stipend for the year is being disbursed as Crossed Bank Cheques to 20 students each of the Five Aided Depts.

23. Books and Journals worth Rs. 2 Lakhs (UGC - funded and selected by the respective faculty members) have been added to the Central Library during the current academic year.

24. The principal and Sr.. Dr. Germina, the IQAC Coordinator attended the UGC - sponsored National Seminar on *Quality Enhancement in Teaching, Learning, and Evaluation: Recent Trends & Challenges,* at St. Thomas College, Pala 19-20 September.

25. The UGC-funded *Coaching for Entry in Services* for our own students and Job-seekers from outside of the College is being coordinated by Dr. Rakesh and Fr. Biju.

26. The Biological Techniques Dept has announced a Certificate Program on *Bioinformatics*. The Department held an Exhibition of Traditional Food plants on 16 September.

**Dr. Raju George**
Principal



# അറിയിപ്പുകൾ

## വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു

കെ.എം.സി.എ. സിൽവർ ജൂബിലി ട്രസ്റ്റിന്റെ സ്കോളർഷിപ്പ് പദ്ധതി 13-ാം വർഷത്തിലേക്ക് കടന്നതായി അറിയിക്കുന്നതിൽ സന്തോഷമുണ്ട്. ഈ വർഷവും സമർത്ഥരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ കത്തോലിക്കാ സമുദായത്തിൽപ്പെട്ട 200 വിദ്യാർത്ഥികൾക്ക് 5000 രൂപ വീതം വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നതാണ്. അപേക്ഷകർ 2011 മാർച്ചിലെ 10-ാം സ്റ്റാൻഡേർഡ് പരീക്ഷയിൽ താഴെപ്പറയുന്ന പ്രകാരം കണക്ക് കൂട്ടുമ്പോൾ കുറഞ്ഞത് 87% മാർക്ക് ഉള്ളവർ ആയിരിക്കണം. (A+ = 90 Marks, A = 80 Marks, B+ = 70 Marks, B=60 Marks, C+ = 50 Marks, C = 40 Marks) എന്ന പ്രകാരം കണക്കാക്കേണ്ടതാണ്.

അപേക്ഷകർ പേര്, പിൻകോഡോടുകൂടിയ അഡ്രസ്സ്, ടെലിഫോൺ നമ്പർ, രക്ഷകർത്താവിന്റെ പേര് / ജോലി, പഠിക്കുന്ന കോഴ്സ്, ഇടവക, രൂപത, ആകെ കിട്ടിയ മാർക്ക് (നിർബന്ധമായും മേൽപ്പറഞ്ഞ രീതിയിൽ കണക്കാക്കിയത്) എന്നീ വിവരങ്ങൾ വെള്ളക്കടലാസിൽ എഴുതി സാമ്പത്തിക സ്ഥിതിയെപ്പറ്റി ഇടവക വികാരിയുടെ സക്ഷ്യപത്രവും 10-ാം ക്ലാസ് പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ ഫോട്ടോകോപ്പിയും ചേർത്ത് താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ 2011 നവംബർ 20-ാം തീയതിക്കകം സാധാരണ തപാലിൽ അയയ്ക്കേണ്ടതാണ്.

അയയ്ക്കേണ്ട വിലാസം:

BABU ABRAHAM<br>
Kizhakkedathu Mariam Complex<br>
Pathanamthitta P.O. 689645

സ്നേഹപൂർവ്വം,<br>
**BABU ABRAHAM** (General Secretary)



# Programme

## PASTORAL CENTRE, DWARAKA

### *October - 2011*

| | | |
|---|---|---|
| *01S* | - | *Zion CRC: Prayer Day, Christeen Prayer Day CML Executive* |
| *02 S -05 W* | - | *Marriage Preparation Course* |
| *02 S* | - | *KCYM: Secretariat / Syndicate* |
| *05 W - 08 S* | - | *College Students' Retreat* |
| *06 T* | - | *Catechism HDC* |
| *07 F* | - | *CML Executive & Team Meeting* |
| *08 S* | - | *CMA and Women's Commission Meeting* |
| *08 S* | - | *Jesus Youth: Prayer Day* |
| *11 T* | - | *CMA Executive* |
| *14 F - 16 S* | - | *Radio Mattoli* |
| *15 S* | - | *Catechism HDC* |
| *18 T* | - | *Marian Singles* |
| *21 F - 24 M* | - | *Marriage Preparation Course* |
| *22 S* | - | *CMA Competition* |
| *26 W* | - | *CML* |
| *29 S - 30 S* | - | *Catechism Teachers' Convention* |

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre



# *Bishop's Programme*

## *October 2011*

| | |
|---|---|
| *1 Sat 4 Tue .....* | *Chennai : CBCI Labour Commission Meeting* |
| *5 Wed ............* | *Kaniyaram: First death anniversary of Sr. Ligouri* |
| *6 Thu 13 Thu...* | *Out of Station* |
| *15 Sat ...............* | *KLM Wayanad convention Mananthavady* |
| *16 Sun 21 Fri ....* | *Pune* |
| *23 Sun ..............* | *Kunjhome : Pastoral Visit* |
| *24 Mon .............* | *Visitors' Day* |
| *25 Tue .............* | *Presbyteral Council, Finance Council, Consultor's Meeting* |
| *26 Wed Morning* | *Dwaraka : CML State Council & Anniversary* |
| *Afternoon* | *Thalapuzha : Blessing of MSMI Convent* |
| *27 Thu .............* | *Engaged* |
| *28 Fri .............* | *Out of Station* |
| *29 Sat .............* | *Dwaraka : SH Provincial House, Blessing of New Block* |
| *30 Sun .............* | *Niravilpuzha : Pastoral Visit* |
| *31 Mon .............* | *Visitors' Day* |

## *November 2011*

| | | |
|---|---|---|
| 1 Tue | ............... | *Kolavayal : Blessing of CMC Convent* |
| 2 Wed | ............. | *Visitors' Day* |
| 3 Thu | ............... | *Engaged* |
| 4 Fri | ............... | *Out of Station* |
| 5 Sat | ............... | *Engaged* |
| 6 Sun | ............... | *Minor seminary benefactors' day* |
| 7 Mon | ............... | *Visitor's' Day* |
| 8 Tue | ............... | *Engaged* |
| 10 Thu | ............. | *Thariode : Holy Mass for School Children* |
| 11 Fri | ............. | *Out of Station* |
| 12 Sat | ............. | *Chathamunda : Bible Convention* |
| 13 Sun | ............. | *Pastoral Visit* |
| 14 Mon | ............. | *Good Shepherd Major Seminary Kunnoth* |
| 15 Tue | ............. | *Vestition of FCC Sisters at Town Church Mananthavady* |
| 16 Wed 17 Thu | .. | *Mandya* |
| 18 Fri | ............... | *Out of Station* |
| 20 Sun | ............... | *Pastoral Visit* |
| 21 Mon 24 Thu | .. | *Young Priests' Course at Pastoral Centre* |
| 25 Fri | ............... | *Out of Station* |
| 26 Sat | ............... | *Nadavayal : Jubilee of CMC Sisters* |
| 27 Sun | ............... | *Kurumbalakotta: Blessing of Presbytery* |
| 28 Mon | ............... | *Visitors' Day* |
| 29 Tue | ............... | *Minor Seminary : Home day* |
| 30 Wed | ............. | *Visitors' Day* |